بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 6

ലക്കം 5

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഫെബ്രുവരി 04/ഹി.ശം. 1400 തബ്ലീഗ് 04/1442 ജമാദുൽ ആഖർ 21

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا لَا تَتَّخِذُوا الۡكٰفِرِيۡنَ اَوۡلِيَآءَ مِنۡ دُوۡنِ الۡمُؤۡمِنِيۡنَ ؕ اَتُرِيۡدُوۡنَ اَنۡ تَجۡعَلُوۡا لِلّٰهِ عَلَيۡكُمۡ سُلۡطٰنًا مُّبِيۡنًا (النساء:145)

'വിശ്വസിച്ചവരേ! സത്യവിശ്വാസികളെ വിട്ടുകൊണ്ട് അവിശ്വാസികളെ നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കരുത്. അല്ലാഹുവിന് നിങ്ങൾക്കെതിരിൽ വ്യക്തമായ തെളിവുണ്ടാക്കിവെക്കണമെന്ന് നിങ്ങൾ ഉദ്ദേശിക്കുന്നുവോ?.' (4:145)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

(1044) ഹദ്റത്ത് ആഇശ(റ) നിവേദനം. നബി(സ)തിരുമേനിയുടെ കാലത്ത് സൂര്യന്ന് ഗ്രഹണം ബാധിച്ചു. അപ്പോൾ ജനങ്ങളെ നബി(സ)തിരുമേനി നമസ്കരിപ്പിച്ചു. നബി(സ)തിരുമേനി വളരെനേരം ദീർഘിച്ചതിനുശേഷം റുകൂഅ് ചെയ്യുകയും അതിനെ ദീർഘിപ്പിക്കുകയും ചെയ്ത ശേഷം റുകൂഇൽനിന്നെഴുന്നേറ്റ് ആദ്യത്തെ നിറുത്തത്തെക്കാൾ അല്പം കുറഞ്ഞ നിലയ്ക്ക് ദീർഘിപ്പിച്ചുകൊണ്ടു നിന്നു. പിന്നീട് നബി(സ) റുകൂഅ് ചെയ്യുകയും ആദ്യത്തെ റുകൂഇനെക്കാൾ അല്പം കുറഞ്ഞ നിലയ്ക്ക് അതിനെ ദീർഘിപ്പിക്കുകയും ചെയ്തു. ശേഷം സുജൂദ് ചെയ്യുകയും സുജൂദ് ദീർഘിപ്പിക്കുകയും ചെയ്തു. അനന്തരം രണ്ടാമത്തെ റക്അത്തിലും ആദ്യത്തെ റക്അത്തിൽ ചെയ്തതുപോലെ ചെയ്തു. പിന്നീട് നമസ്കാരത്തിൽനിന്ന് വിരമിക്കുകയും ചെയ്തു. അപ്പോൾ സൂര്യൻ പ്രത്യക്ഷപ്പെട്ടിരുന്നു. അനന്തരം ജനങ്ങളോടു നബി(സ)തിരുമേനി ഒരു പ്രസംഗം നടത്തി. അല്ലാഹുവിനെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്ത ശേഷം നബി(സ) പറഞ്ഞു: 'നിശ്ചയം സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട രണ്ടു ദൃഷ്ടാന്തങ്ങളാണ്. വല്ലവനും മരിക്കുകയോ ജനിക്കുകയോ ചെയ്ത കാരണംകൊണ്ട് അവ രണ്ടിനേയും ഗ്രഹണം ബാധിക്കുകയില്ല. അവയ്ക്ക് ഗ്രഹണം ബാധിച്ചതു കണ്ടാൽ നിങ്ങൾ അല്ലാഹുവിനോടു പ്രാർഥിക്കുകയും അവനെ മഹത്ത്വപ്പെടുത്തുകയും നമസ്കരിക്കുകയും ദാനധർമങ്ങൾ ചെയ്യുകയും ചെയ്തുകൊള്ളുവിൻ.' തുടർന്നുകൊണ്ട് നബി(സ) പ്രസംഗിച്ചു: 'മുഹമ്മദിന്റെ അനുയായികളേ! അല്ലാഹുവാണ! തന്റെ ദാസൻ അല്ലെങ്കിൽ ദാസി വ്യഭിചരിക്കുന്നതിൽ അല്ലാഹുവിനുള്ളതിനെക്കാൾ അഭിമാനരോഷം മറ്റാർക്കും ഉണ്ടായിരിക്കില്ല. മുഹമ്മദിന്റെ സമുദായമേ! ഞാൻ ഗ്രഹിച്ചത് നിങ്ങൾ ഗ്രഹിച്ചു കഴിഞ്ഞെങ്കിൽ നിങ്ങൾ അല്പംമാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു.' (സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽ കുസൂഫ്, പ്രസാധനം ഖാദിയാൻ 2006)

## ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്ബ ജുമുഅ 2020 ഡിസംബർ 18 (സമ്പൂർണ്ണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


## അല്ലാഹ്! അല്ലാഹ്! എന്തൊരു ശ്രേഷ്ഠത! നബി(സ)തിരുമേനി കാരണത്താൽ അതുല്യമായൊരു വിപ്ലവവും അതിമഹത്തായ മാറ്റവും സംഭവിച്ചു.

### സൃഷ്ടികളോടുള്ള കടമകളേയും അല്ലാഹുവിനോടുള്ള കടമകളേയും രണ്ടിനേയും സന്തുലിതാവസ്ഥയിൽ സ്ഥാപിച്ചു. ചത്തതിനെ തിന്നുകയും ചത്തതുമായ ജനതയെ ഉന്നതമായ ശ്രേണിയിലുള്ള ജീവസുറ്റതും പരിശുദ്ധവുമായ ജനതയാക്കി.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

'സംസ്കൃതം തുടങ്ങിയ ഭാഷകൾ അടുത്ത് മൃതമായിപ്പോയി. അവയിൽ ഗ്രന്ഥങ്ങളോ മറ്റു എന്തെങ്കിലുമോ ഇല്ല. അങ്ങനെ തന്നെയാണ് ക്രിസ്ത്യാനികളുടേയും അവസ്ഥ. അവരുടെ ഇഞ്ചീലിന് യഥാർഥ ഭാഷയിലേക്ക് ശ്രദ്ധ തന്നെയില്ല.....എനിക്ക് അത്ഭുതം തോന്നുന്നു. പിന്നെന്തിനാണ് ഇവർ ഇസ്ലാമിനോടു ശത്രുത വെച്ചു പുലർത്തുന്നത്. ഇസ്ലാമിന്റെ ദൈവം ഏതെങ്കിലും കൃത്രിമമായി ഉണ്ടാക്കപ്പെട്ട ദൈവമല്ല. പ്രത്യുത അനാദി കാലം മുതൽ വന്നിട്ടുള്ള അതേ സർവശക്തനായ ദൈവമാണ്. പിന്നെ പ്രവാചകത്വത്തിലേക്ക് നോക്കുക. പ്രവാചകത്വത്തിന്റെ യഥാർഥ ഉദ്ദേശ്യമെന്താണ്?

ഒന്നാമതായി ഈ ദൈവദൂതൻ ആവശ്യമുള്ളപ്പോൾ വരണം. പിന്നീട് ആ ആവശ്യം നല്ല നിലയിൽ നിറവേറ്റുകയും വേണം. ഈ അന്തസും നമ്മുടെ നബി(സ)തിരുമേനിക്കുതന്നെയാണ് കരസ്ഥമായിട്ടുള്ളത്. നബി(സ)തിരുമേനി വന്നപ്പോൾ അറേബ്യയുടേയും ലോകത്തിന്റേയും അവസ്ഥ ആരിൽനിന്നും മറഞ്ഞതല്ല. അവർ തികച്ചും അപരിഷ്കൃതരായിരുന്നു. തിന്നാനും കുടിക്കാനുമല്ലാതെ ഒന്നും അറിയുമായിരുന്നില്ല. സമസ്യഷ്ടികളോടുള്ള കടമകളുടെ പരിചയമോ ദൈവത്തിനോടുള്ള കടമകളുടെ അറിവോ ഉണ്ടായിരുന്നില്ല. അല്ലാഹു ഒരു ഭാഗത്ത് അവരുടെ ചിത്രം ഇങ്ങനെ വരച്ചു കാണിച്ചിരിക്കുന്നു: *യഅ്കുലൂന കമാ തഅ്കുലുൽ അൻആമു*(കാലികൾ തിന്നുന്നതുപോലെ തിന്നുക) (47:13) പിന്നീട് പരിശുദ്ധ നബി(സ)തിരുമേനിയുടെ അധ്യാപനം എങ്ങനെ അവരിൽ സ്വാധീനം ചെലുത്തിയെന്നാൽ *യബീത്തൂന ലി റബ്ബിഹിം സുജ്ജദൻ വ്വ ഖിയാമൻ*(25:65) എന്ന അവസ്ഥയിലായി. അതായത് തങ്ങളുടെ നാഥനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നു പ്രാർഥിച്ചുകൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരായി. അല്ലാഹ്! അല്ലാഹ്! എന്തൊരു ശ്രേഷ്ഠത! നബി(സ)തിരുമേനി കാരണത്താൽ അതുല്യമായൊരു വിപ്ലവവും അതിമഹത്തായ മാറ്റവും സംഭവിച്ചു. സൃഷ്ടികളോടുള്ള കടമകളേയും അല്ലാഹുവിനോടുള്ള കടമകളേയും രണ്ടിനേയും സന്തുലിതാവസ്ഥയിൽ സ്ഥാപിച്ചു. ചത്തതിനെ തിന്നുകയും ചത്തതുമായ ജനതയെ ഉന്നതമായ ശ്രേണിയിലുള്ള ജീവസുറ്റതും പരിശുദ്ധവുമായ ജനതയാക്കി. രണ്ടു സവിശേഷ ഗുണങ്ങളാണുള്ളത്. ജ്ഞാനപരം അല്ലെങ്കിൽ കർമപരം. കർമപരമായ അവസ്ഥയുടെ സ്ഥിതി *യബീത്തൂന ലി റബ്ബിഹിം സുജ്ജദൻ*

(ശേഷം പേജ് 11ൽ)

**വ്യക്തിപരവും സാമൂഹികപരവുമായ അഭിവൃദ്ധി എല്ലാ സൽക്കർമവുംകൊണ്ട് ഉണ്ടാകുകയില്ലെന്നതാണ് സത്യം. മറിച്ച് നല്ലതും അവസ്ഥയ്ക്കൊത്ത് ചേർന്നതുമായ കർമം കൊണ്ടാണ് ഉണ്ടാകുന്നത്.**

**മുസ്ലിമീങ്ങൾ ഈ പോയന്റ് മനസ്സിലാക്കിയില്ല. ഇസ്ലാമിന് ബുദ്ധിപരമായ കരുത്തേറിയ ജിഹാദിന്റെ ആവശ്യമുണ്ടായിരുന്നപ്പോൾ അവരുടെ മതത്തിലെ ആളുകൾ മുസല്ല വിരിച്ചും തസ്ബീഹ് പിടിച്ചും വീടുകളിൽ കുത്തിയിരുന്നു. അതിന്റെ ഫലമായി അവരുടെ നമസ്കാരങ്ങൾക്കും നോമ്പുകൾക്കും ഇസ്ലാമിനേയും മുസ്ലിമീങ്ങളേയും നാശത്തിൽനിന്ന് രക്ഷിക്കാൻ കഴിഞ്ഞില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) യൂനുസ് എന്ന അധ്യായത്തിലെ അഞ്ചാമത്തെ വചനമായ *ലിയജ്സിയല്ലദീന ആമനൂ വ അമിലുസ്സ്വാലിഹാത്തി ബിൽഖിസ്ത്വി* എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ഈ വചനത്തിൽ ഉപയോഗിച്ചിട്ടുള്ള 'അമൽ' 'സ്വാലിഹ്' എന്നീ പദങ്ങളിൽ വ്യക്തിപരവും സാമഹികവുമായ അഭിവൃദ്ധിയുടെ വളരെ വലിയൊരു പോയന്റുണ്ട്. ആളുകൾ അതിന്റെ തർജമ ചെയ്യുന്നത് 'സൽക്കർമം' എന്നാണ്. എന്നാൽ, അതിന്റെ അർഥം 'സൽക്കർമം' എന്നല്ല. പ്രത്യുത നല്ലതും അവസ്ഥയ്ക്കൊത്ത് ചേർന്നതുമായ കർമം എന്നാണ്. അതായത് കർമം നല്ലതും ആയിരിക്കണം. അവസരമനുസരിച്ചുള്ളതുമായിരിക്കണം. ഉദാഹരണത്തിന് യുദ്ധത്തിനുവേണ്ടി പോകുമ്പോൾ നോമ്പു പിടിക്കരുത്. നോമ്പ് ഒരു നല്ല കർമമാണ്. എന്നാൽ, ജിഹാദിനുപോകുമ്പോൾ അവസരോചിതമായ കർമമല്ല. അക്കാരണത്താലാണ് നബി(സ)തിരുമേനി ഒരു യുദ്ധത്തിന്റെ അവസരത്തിൽ പറഞ്ഞത്, ഇന്ന് നോമ്പില്ലാത്തവൻ നോമ്പുള്ളവനെക്കാൾ ഉത്തമനായി. കാരണം നോമ്പുകാരന് നോമ്പിന്റെ ബുദ്ധിമുട്ടുകൾ കാരണത്താൽ ക്യാമ്പിന്റെ ഒരുക്കൾ ചെയ്യാൻ കഴിഞ്ഞില്ല. നോമ്പില്ലാത്തവൻ ക്ഷണത്തിൽ ക്യാമ്പ് തയ്യാറാക്കി. വ്യക്തിപരവും സാമൂഹികപരവുമായ അഭിവൃദ്ധി എല്ലാ സൽക്കർമവുംകൊണ്ട് ഉണ്ടാകുകയില്ലെന്നതാണ് സത്യം. മറിച്ച് നല്ലതും അവസ്ഥയ്ക്കൊത്ത് ചേർന്നതുമായ കർമം കൊണ്ടാണ് ഉണ്ടാകുന്നത്. മുസ്ലിമീങ്ങൾ ഈ പോയന്റ് മനസ്സിലാക്കിയില്ല. ഇസ്ലാമിന് ബുദ്ധിപരമായ കരുത്തുറ്റ ജിഹാദിന്റെ ആവശ്യമുണ്ടായിരുന്നപ്പോൾ അവരുടെ മതത്തിലെ ആളുകൾ നമസ്കാരപടം വിരിച്ചും ജപമാല പിടിച്ചും വീടുകളിൽ കുത്തിയിരുന്നു. ജനതയുടെ അഭിവൃദ്ധിക്ക് അത്യാവശ്യമായിരുന്ന കർമങ്ങൾ ചെയ്യുന്നതിൽ അശ്രദ്ധരായി. കർമപരമായ ശക്തി മുസ്ലിമീങ്ങളിൽ ഉണ്ടാക്കാൻ ശ്രമിക്കുകയും അവരുടെ സ്വഭാവങ്ങൾ നേരെയാക്കുകയും ആധുനിക അറിവുകൾ കരസ്ഥമാക്കാൻ മുൻഗണന നല്കുകയും അവരിൽ കർമപരമായ ഐക്യമുണ്ടാക്കുക എന്നതും അവരുടെ ജോലിയായിരുന്നു. എന്നാൽ, അവർ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآ اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

## ‘നൂറുൽഹഖ്’ എന്ന ഗ്രന്ഥത്തിന് തത്തുല്യമായ ഗ്രന്ഥം കൊണ്ടുവന്നാൽ പാതിരി യിമാദുദ്ദീന് 5000 രൂപ ഇനാം.

കഴിഞ്ഞ ലക്കങ്ങളിൽ യിമാദുദ്ദീന്റെ രചനകൾ എങ്ങനെയുള്ളതായിരുന്നുവെന്നും ഏതു രീതിയിലുള്ള ആളായിരുന്നുവെന്നും ഒടുവിൽ മുസ്‌ലിം ഉലമാ ഇസ്‌ലാമിനെപ്പോലുള്ള ഉന്നതവും ഉദാത്തവുമായ മതം ഉപേക്ഷിച്ച് ക്രൈസ്തവമതത്തിന്റെ മടത്തട്ടിൽ പോയി വീഴുന്നതെന്തിനാണെന്നും ഞങ്ങൾ പറഞ്ഞിരുന്നു. ഈ ലക്കത്തിൽ ഞങ്ങൾ പാതിരി യിമാദുദ്ദീന്റെ വിശുദ്ധ ഖുർആനെതിരിലുള്ള ആക്ഷേപവും അതിനു ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്കിയ മറുപടിയും അവതരിപ്പിക്കുന്നതാണ്.

പാതിരി യിമാദുദ്ദീൻ മുമ്പേയും തന്റെ ഗ്രന്ഥമായ ‘ഹിദായത്തുൽമുസ്‌ലിമീ’നിൽ വിശുദ്ധ ഖുർആനിന്റെ സാഹതീയസൗന്ദര്യത്തിലും അലങ്കാരവിദ്യയിലും ആക്ഷേപം ഉന്നയിച്ചു കഴിഞ്ഞിരുന്നു. അതിനുള്ള മറുപടി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ബൃഹദ് ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായിൽ നല്കുകയും ചെയ്തിട്ടുണ്ട്. സാധാരണനിലയിലും അറേബ്യക്കാരുടെ ശൈലിയോടുകൂടിയും സംസാരിക്കാൻ അറിയാമെന്ന് സ്ഥാപിച്ചു കാണിക്കുകയാണെങ്കിൽ അയാൾക്കുടനെ 50 രൂപ രൊക്കം സമ്മാനം നല്കാമെന്ന് പറഞ്ഞ് അയാളെ വെല്ലുവിളിക്കുകയുണ്ടായി. യിമാദുദ്ദീൻ വെല്ലുവിളി സ്വീകരിച്ചില്ല. അയാൾ മൗനം പാലിച്ചുകൊണ്ട് സ്ഥാപിച്ചു കാണിച്ചത് തനിക്ക് അറബി അറിയില്ല എന്നായിരുന്നു. അതിനെ കുറിച്ച് നാം 2020 മാർച്ച് 26 ലെ ബദ്ർ പത്രത്തിന്റെ ലക്കത്തിൽ പറഞ്ഞിരുന്നു. യിമാദുദ്ദീനുണ്ടായ അങ്ങേയറ്റത്തെ നാണക്കേടായിരുന്നു അത്. തനിക്കുണ്ടായ നിന്ദ്യതയേയും അപമാനത്തേയും മറച്ചുവച്ചുകൊണ്ട് വീണ്ടും അയാൾ വിശുദ്ധ ഖുർആനിന്റെ സാഹതീയസൗന്ദര്യത്തിലും അലങ്കാരവിദ്യയിലും ആക്ഷേപം ഉന്നയിച്ചു, അതായത് ഖുർആനിന്റെ അലങ്കാരവിദ്യയിൽ അമാനുഷികത ഒന്നുമില്ലെന്ന് മാത്രമല്ല പ്രത്യുത അതിൽ വെറും പ്രകടനത്തിനു വേണ്ടി ബുദ്ധിമുട്ടിയുള്ള പ്രവൃത്തിയുടേയും വ്യാകുലതയുടേയും നാറ്റമാണുള്ളതത്രെ! അത് വൃത്തികെട്ട പരിഹാസത്തിൽനിന്നും വിലോലമായ വാക്കുകകളിൽനിന്ന് മുക്തവുമല്ലത്രെ! അതിൽ കാട്ടറബികളുടെ വാക്കുകളും അപരിചിതമായ വാക്യങ്ങളാണുമാണുള്ളത്രെ! സാഹിത്യപരമായ അറബി ഭാഷയല്ലത്രെ!’ അതിന് അങ്ങേയറ്റം യുക്തികൊണ്ട് സ്ഥാപിക്കപ്പെട്ടതും നിരുദ്ധകണ്ഠമാക്കുന്നതും അറിവും ജ്ഞാനവും കൊണ്ട് നിറഞ്ഞതുമായ മറുപടി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്കിയത് ഞങ്ങൾ താഴെ സമർപ്പിക്കുകയാണ്.

**ഭാഷാശാസ്ത്ര വിദഗ്ധർ വിശുദ്ധ ഖുർആനിന്റെ സാഹതീയ സൗന്ദര്യവും അലങ്കാരവിദ്യയും അംഗീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) യിമാദുദ്ദീന്റെ ആക്ഷേപത്തിനുള്ള മറുപടിയിൽ പറഞ്ഞു: ‘അജ്ഞനും വിദ്യാഹീനനുമായവനേ! കാലത്തിന്റെ വലിയ വലിയ ഭാഷാപടുക്കളെ നിരുദ്ധകണ്ഠരാക്കിയ ആ ഗ്രന്ഥത്തിനുമേൽ നീ ആക്രമണം നടത്തുന്നുവോ? കാലഘട്ടത്തിലെ പ്രസിദ്ധരായ വാഗ്മികളുടെമേൽ അത് തന്റെ ന്യായപൂർത്തി വരുത്തി. സാഹിത്യകാരന്മാരുടെ കഴുത്തുകൾ അതിലേക്ക് കുനിഞ്ഞു. വലിയ വലിയ പ്രമുഖരായ കവികൾ അതിൽ വിശ്വസിക്കുകയും സുസമ്മതരും വിനയരുമായി അതിലേക്ക് മടങ്ങുകയും ചെയ്തു. ഭാഷാപടുക്കളിൽ നീ അവരെക്കാൾ ഉന്നതനാണോ? ശരിയും തെറ്റും വിവേചിച്ചറിയുന്നതിന് നിനക്ക് കൂടുതൽ കഴിവുണ്ടോ? അല്ല നീ ഭ്രാന്തനാണോ? അറബി അവരുടെ മാതൃഭാഷയായിരുന്നുവെന്ന് നിനക്കറിവില്ലേ? അവർ വാഗ്ചാതുര്യത്തിന്റെ പാലു കുടിച്ചു വളർന്നവരായിരുന്നു. വിവിധ വർണത്തിലുള്ള വാക്യങ്ങളും വിസ്മയകരങ്ങളായ സൂചനകളുംകൊണ്ട് അവർ മനസ്സുകളെ വശീകരിച്ചെടുത്തിരുന്നു. അവർ ആ ഇടവഴികളിലും ജ്ഞാനവിജ്ഞാനങ്ങളുടെ മനോഹാരിത വിവരിക്കുന്നതിലും നിപുണരായിരുന്നു.’(നൂറുൽഹഖ്, അൽഹിസ്സത്തുൽ ഊലാ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 145)

**വിശുദ്ധ ഖുർആൻ അതിന്റെ സാഹിത്യത്തിന്റെയും അലങ്കാരവിദ്യയുടേയും വാദമുന്നയിച്ചത് സമകാലീന സാഹിത്യകാരന്മാരുടേയും ഉന്നതരായ പണ്ഡിതന്മാരുടേയും മുമ്പിലായിരുന്നു.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘വിശുദ്ധഖുർആൻ സാഹിത്യത്തിന്റെ അമാനുഷികതാ വാദമുന്നയിച്ചത് ‘ഗുസ്തിപിടിത്തപോരാട്ട’ത്തിന്റെ മൈതാനത്തായിരുന്നുവെന്ന് നിനക്കറിയില്ലേ? കാരണം അറബികൾ അവരുടെ കാലഘട്ടത്തിലെ പ്രഗത്ഭസാഹിത്യകാരന്മാരും ഉന്നതരായ പണ്ഡിതന്മാരുമായിരുന്നു. അവരുടെ പരസ്പരമുള്ള അന്തസ്സിന്റെ അച്ചുതണ്ട് സാഹിത്യസമ്പുഷ്ടവും വാക്ചാതുര്യവുമുള്ള പ്രസംഗങ്ങളിലായിരുന്നു. വാക്യങ്ങളുടെ കായകളിലും അതിന്റെ പൂക്കളിലും അവർ അഭിമാനിക്കാറുണ്ടായിരുന്നു. അവരുടെ യുദ്ധങ്ങൾ നടന്നിരുന്നത് ആധുനികമായ അർച്ചനാഗീതങ്ങളോടും പരിശുദ്ധ ഭാഷണങ്ങളോടും കൂടിയായിരുന്നു. അവർ ഒരു കാലം മുതൽ പദ്യങ്ങളുടേയും ഗദ്യങ്ങളുടേയും വിനോദശകലങ്ങൾ വിവരിച്ചുകാണാൻ കൊതിച്ചിരുന്നവരായിരുന്നു. തങ്ങളുടെ തരക്കാരിൽ സുസമ്മതരും അംഗീകരിക്കപ്പെട്ടവരുമായിരുന്നു. അറബി മാതൃഭാഷയായിട്ടുള്ളവരിലും മൈതാനങ്ങളിലും മുൻകടക്കുന്നവരായിരുന്നു. അങ്ങനെയാണ് അവരെ അല്ലാഹു സംബോധന ചെയ്തു പറഞ്ഞത്: നമ്മുടെ ദാസന് നാം അവതരിപ്പിച്ചതിൽ വല്ലവിധത്തിലും നിങ്ങൾ സംശയത്തിലാണെങ്കിൽ ഇതിനുതുല്യമായതിൽനിന്നൊരു അധ്യായം നിങ്ങൾ കൊണ്ടുവരുവിൻ. നിങ്ങൾക്ക് അങ്ങനെ കൊണ്ടുവരാൻ കഴിയുന്നില്ലെങ്കിൽ– അങ്ങനെ കൊണ്ടുവരാൻ നിങ്ങൾക്കൊരിക്കലും സാധ്യമല്ല–മനുഷ്യരും കല്ലുകളും വിറകായുള്ള അഗ്നിയെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് അവിശ്വാസികൾക്കായി തയ്യാറാക്കപ്പെട്ടിരിക്കുന്നു.(നൂറുൽഹഖ്, അൽഹിസ്സത്തുൽ ഊലാ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 145)

**എല്ലാ ഇൻസിനോടും ജിന്നിനോടുമുള്ള വിശുദ്ധ ഖുർആനിന്റെ വെല്ലുവിളിയും അവരുടെ മൗനവും:**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:‘വിശുദ്ധഖുർആന് തത്തുല്യമായതുകൊണ്ടുവരാൻ ജിന്നും ഇൻസും സംഘടിച്ചാലും പരസ്പരം സഹായിച്ചാലും ഒരിക്കലും അവർക്ക് കഴിയുകയില്ല. അങ്ങനെ സത്യനിഷേധികൾ പോരാട്ടത്തിൽ പരാജിതരായി. പരാജയപ്പെട്ടു പിന്മാറി...... അവരിൽ ധാരാളമാളുകൾ വിശുദ്ധ ഖുർആനിന്റെ അപാരമായ സാഹതീയസൗന്ദര്യത്തിന്റെ അത്ഭുതം അംഗീകരിച്ച് വിശ്വസിക്കുകയും ചെയ്തു. ലബീദ് ബിൻ റബീഅത്തുൽആമിരി നാലാമത്തെ ‘മുഅല്ലഖ’യുടെ കർത്താവാണ്. അദ്ദേഹം ഇസ്‌ലാമിന്റെ കാലം പ്രാപിക്കുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. തികഞ്ഞ ആത്മാർഥത പ്രകടിപ്പിച്ചു. 41 ലാണ് വഫാത്തായത്. ഇപ്രകാരംതന്നെ അവരിലെ ഒരുപാടാളുകൾ വിശുദ്ധ ഖുർആനിന്റെ അലങ്കാരവിദ്യയും സാഹതീയസൗന്ദര്യവും അംഗീകരിച്ചു. യഥാർഥത്തിൽ വിശുദ്ധ ഖുർആൻ പരിശുദ്ധമായ വാക്യങ്ങളുടെ നിറവുകൊണ്ടും മാധുര്യമേറിയ അലങ്കാരോക്തികൾകൊണ്ടും സമ്പന്നവും കർണാനന്ദകരമായ പ്രഭാഷണങ്ങൾകൊണ്ടും യുക്തിപൂർവമായ ലേഖനവിഷയങ്ങൾകൊണ്ടും നിറഞ്ഞതുമാണ്. എന്നല്ല ഇതിൽ ചിന്തിച്ചവർ ഇതിലേക്കോടുകയും വിശ്വസിച്ചവരിൽ ചേരുകയും ചെയ്തു. നിഷേധികളായ അറബികൾ ഇതിൽ നടന്നില്ല. ഈ വാദത്തിൽ അവർ കുറ്റമൊന്നും പറഞ്ഞതുമില്ല. പ്രത്യുത അവർ വിശുദ്ധ ഖുർആനിന്റെ ഉന്നതസ്ഥാനീയമായ സാഹിത്യത്തെ സ്വീകരിച്ചു. അതിന്റെ മഹത്തായ സാഹിത്യസമ്പുഷ്ടികണ്ട് അത്ഭുതപ്പെട്ടിരുന്നുപോയി. ഇതു വ്യക്തമായ ഇന്ദ്രജാലമാണെന്ന് അവർ പറഞ്ഞു.’(നൂറുൽഹഖ്, അൽഹിസ്സത്തുൽ ഊലാ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 146)

**വിശുദ്ധ ഖുർആനിന്റെ അമാനുഷികതയും അതിന്റെ ഉന്നതവും ഉദാത്തവുമായ സ്ഥാനവും**

അവരിലെ അധികമാളുകളും വിശുദ്ധ ഖുർആനിന്റെ ദിവ്യദൃഷ്ടാന്തത്തിൽ വിശ്വസിച്ചു. അതിൽനിന്ന് ഒഴിഞ്ഞുമാറിയാൽ ശക്തമായ പിടിത്തമുണ്ടാകുമെന്ന് അവർ സമ്മതിച്ചു. അതിന്റെ യാഥാർഥ്യത്തിന്റെ അന്വേഷണത്തിൽ കഴിവറ്റവരാകുകയും മനുഷ്യരുടെ വചനങ്ങളെ അതിജയിച്ച ഒരു ഗ്രന്ഥമാണിതെന്ന് പറയുകയും ചെയ്തു. അതുമുഴുവനും കാമ്പാണ്. അതിന്റെ കൂടെ തോടില്ല. അതിലൊരു തിളക്കമുണ്ട്. അതിലൊരു മധുരിമയുണ്ട്. അതൊരു അളിവില്ലാത്തതും അധികമുള്ളതുമായ പരിപവിത്രമായ ജലമാണ്. കുടിക്കുന്നവർ കുടിച്ചാലൊന്നും അതു തീരുകയില്ല. വിശുദ്ധഖുർആനിനെ ആക്ഷേപിച്ചുകൊണ്ടുള്ള വാക്യങ്ങളൊന്നും അവർ പറഞ്ഞില്ല. അതിന്റെ കുറ്റങ്ങളും നാവിൽ കൊണ്ടുവന്നില്ല. അതിന്റെ മൈതാനത്ത് അവർ ചിന്തയുടെ ഒട്ടകത്തെ ഓടിച്ചപ്പോൾ ഭയന്നും ലജ്ജിതരായും മടങ്ങി. അവരിലധികപേരും വിശുദ്ധ ഖുർആൻ കേട്ട് കരയുകയും സുജൂദ് ചെയ്യുകയും ചെയ്തു. ഇതു നമ്മൾ വിശുദ്ധഖുർആനിൽ കാണുന്ന വിവരണമാണ്. ദയാലുവും കരുണാമയനുമായ നബി(സ)തിരുമേനിയുടെ ഹദീഥിൽ വായിക്കുകയും അത് വിശ്വാസത്തോടും സത്യസന്ധതയോടും വിശ്വസ്തതയോടും കൂടി എഴുതുകയും ചെയ്തിരിക്കുന്നു.’(നൂറുൽഹഖ്, അൽഹിസ്സത്തുൽ ഊലാ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 148)

(ശേഷം പേജ് 12ൽ)

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അലി ബിൻ അബീത്വാലിബ്(റ) ഒന്നാമത്തേയോ രണ്ടാമത്തേയോ ദിവസം ഹദ്റത്ത് അബൂബക്ർ(റ)ന് ബയ്അത്തു ചെയ്തിരുന്നു. ഇതുതന്നെയാണ് സത്യം. കാരണം ഹദ്റത്ത് അലി(റ), ഹദ്റത്ത് അബൂബക്ർ(റ)നെ ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. ഹദ്റത്ത് അബൂബക്റിന്റെ പിന്നിൽ നമസ്കരിക്കുന്നതും ഉപേക്ഷിച്ചിരുന്നില്ല.**

**ഹദ്റത്ത് അലിയുടെ മറ്റുള്ള സകല ഗുണങ്ങളും അവഗണിച്ചാലും എന്റെ പക്കൽ അത്തരം ഭയാനകമായ അവസ്ഥയിൽ അദ്ദേഹത്തിന്റെ ഖിലാഫത്തിനെ അംഗീകരിക്കുക എന്നത് എത്രത്തോളം തന്റേടവും ധൈര്യവുമുള്ള കാര്യമായിരുന്നുവെന്നാൽ അങ്ങേയറ്റം സ്തുത്യർഹമായിരുന്നു. ഇസ്‌ലാമിന്നെതിരിൽ അദ്ദേഹം തന്റെ ആദരവും അസ്തിത്വവുമൊന്നും വകവെച്ചില്ല. അത്രമാത്രം വലിയ ഭാരമാണ് ഏറ്റിയത്.(അൽമുസ്‌ലിഹ് മൗഊദ്(റ)**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫറാശിദും ജാമാതാവുമായ അബൂതുറാബ് ഹദ്റത്ത് അലിയ്യുൽമുർത്തളാ(റ)യുടെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഞാൻ പാക്കിസ്താനിലെ അഹ്മദികളോടു പ്രത്യേകമായ നിലയിൽ പറയുകയാണ്, ദുആകളിലേക്ക് എപ്രകാരം ശ്രദ്ധ ആവശ്യമുണ്ടോ അപ്രകാരം ശ്രദ്ധയുടെ അവബോധം ഇപ്പോഴും ഉണ്ടാകുന്നില്ല. അതിനാൽ ആദ്യത്തേതിനെക്കാൾ അധികം, വളരെയധികം ദുആകളിലേക്ക് ശ്രദ്ധിക്കുക. അല്ലാഹു നമ്മെ എത്രയുംവേഗം ഈ ബുദ്ധിമുട്ടുകളിൽനിന്ന് പുറത്തുകൊണ്ടുവരുമാറാകട്ടെ. എളുപ്പങ്ങൾ ഉണ്ടാക്കുമാറാകട്ടെ. യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം സ്വാതന്ത്ര്യത്തോടുകൂടി പാക്കിസ്താനിലും ലോകത്തിലെ എല്ലാ കോണുകളിലും എത്തിക്കുന്നവരാകട്ടെ.**

**അൽജീരിയായിലേയും പാക്കിസ്താനിലേയും അഹ്മദികൾ നേരിടുന്ന കഠിനമായ എതിർപ്പിന്റെ പശ്ചാത്തലത്തിൽ പ്രത്യേകമായ ദുആയ്ക്ക് ആവർത്തിച്ചുള്ള ആഹ്വാനം**

**നവാബ്ശാഹ് മുൻ ജില്ല അമീർ ചൗദരി അബ്ദുർറസാഖ് സാഹിബ് ശഹീദിന്റെ മകൻ ഡോക്ടർ ത്വാഹിർ അഹ്മദ് സാഹിബ് ഓഫ് റബ്‌വ, ചൗദരി അല്ലാദത്താ സാഹിബിന്റെ മകൻ ഹബീബുല്ലാഹ് മള്ഹർ സാഹിബ്, ഡോക്ടർ ഖലീഫ തഖിയുദ്ദീൻ സാഹിബിന്റെ മകൻ ഖലീഫ ബശീറുദ്ദീൻ അഹ്മദ് സാഹിബ്, ഖലീഫ റഫീഉദ്ദീൻ അഹ്മദ് സാഹിബിന്റെ ഭാര്യ അമീന അഹ്മദ് സാഹിബ എന്നീ പരേതാത്മാക്കളുടെ അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2020 ഡിസംബർ 18/1399 നുബുവ്വത്ത് 18**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് അലി(റ)യെ സംബന്ധിച്ച അനുസ്മരണമാണ് നടന്നുവരുന്നത്. നബി(സ)തിരുമേനിയുടെ അവസാന രോഗാവസ്ഥയിൽ ചെയ്യാൻ കഴിഞ്ഞ സേവനങ്ങളെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ വിവരണം ഇപ്രകാരമാകുന്നു. ബുഖാരിയിലുള്ള നിവേദനമാണ്. ഉബയ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ്(റ) വിവരിക്കുന്നു: 'ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ)തിരുമേനിയെ രോഗം ബാധിക്കുകയും രോഗം മൂർച്ഛിക്കുകയും ചെയ്തപ്പോൾ, നബി(സ)തിരുമേനിക്ക് എന്റെ വീട്ടിൽവച്ച് രോഗശുശ്രൂഷ നടത്താൻ മറ്റു ഭാര്യമാരോടു നബി(സ)തിരുമേനി സമ്മതം ആവശ്യപ്പെട്ടു. അപ്പോൾ എല്ലാവരും അത് അനുവദിച്ചുകൊടുത്തു. അങ്ങനെ നബി(സ)തിരുമേനി രണ്ടുപേരുടെ ഇടയിലായി തന്റെ കാലുകൾ ഭൂമിയിലൂടെ വലിച്ചിഴച്ചുകൊണ്ട് അവിടന്ന് പുറപ്പെട്ടു. നബി(സ)തിരുമേനി ഹദ്റത്ത് ആഇശ(റ)യുടെ വീട്ടിലായിരുന്നു. അവിടെ നിന്ന് രണ്ട് ആളുകളുടെ സഹായത്തിൽ മസ്ജിദിലേക്ക് പോകാൻ പുറത്തേക്ക് വന്നു. ഉബയ്ദുല്ലാഹ്(റ) പറയുന്നു: ഞാൻ ഹദ്റത്ത് ആഇശ(റ) പറഞ്ഞ കാര്യം ഹദ്റത്ത് അബ്ബാസിനോട് പറഞ്ഞു. അദ്ദേഹം ചോദിച്ചു: 'ആഇശാ താങ്കളോടു പേര് പറയാതിരുന്ന ആൾ ആരാണെന്ന് അറിയുമോ?' ഞാൻ പറഞ്ഞു: 'ഇല്ല.' ഹദ്റത്ത് അബ്ബാസ്(റ) പറഞ്ഞു: 'ഹദ്റത്ത് ആഇശ(റ) പറയാതിരുന്ന പേര് അതായത് രണ്ടാമത്തെ ആൾ, ഹദ്റത്ത് അലി ബിൻ അബീത്വാലിബ് ആണ്.'(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ, ഹദീഥ് നമ്പർ 665)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) നിവേദനം:നബി(സ)തിരുമേനി മരണപ്പെട്ട രോഗാവസരത്തിൽ ഹദ്റത്ത് അലി(റ) അവിടത്തെയടുക്കൽനിന്ന് പുറത്തുവന്നപ്പോൾ ജനങ്ങൾ ചോദിച്ചു: 'അബുൽഹസ്സൻ!നബിക്കെങ്ങനെയുണ്ട്?' അദ്ദേഹം പറഞ്ഞു: 'അൽഹംദുലില്ലാഹ്, നബി(സ)തിരുമേനിക്ക് സുഖമാണ്.' ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽമുത്വലിബ്(റ) ഹദ്റത്ത് അലിയുടെ കൈ പിടിച്ച് പറഞ്ഞു: 'അല്ലാഹുവാണ! നീ മൂന്നുദിവസം കഴിഞ്ഞാൽ മറ്റൊരാളുടെ കീഴിൽ വരുന്നതായിരിക്കും. കാരണം, അല്ലാഹുവാണ! നബി(സ)തിരുമേനി ഈ രോഗത്തിൽ മരണപ്പെടുമെന്ന് ഞാൻ വിചാരിക്കുന്നു. എന്തു കൊണ്ടെന്നാൽ, അബ്ദുൽമുത്ത്വലിബ് പരമ്പരയിൽപ്പെട്ടവരുടെ മരണവേളയിലുള്ള മുഖലക്ഷണം എനിക്ക് നന്നായി അറിയാം. നമുക്കൊരുമിച്ച് നബി(സ)തിരുമേനിയുടെ അടുത്തുപോയി നബി(സ)തിരുമേനിക്കുശേഷം ഭരണകാര്യം ആരാണ് ഏറ്റെടുക്കേണ്ടതെന്ന് ചോദിക്കാം. ഭരണമേറ്റെടുക്കേണ്ടത് നാമാണെങ്കിൽ അതു നാം അറിഞ്ഞിരിക്കണം. മറ്റു വല്ലവരുമാണെങ്കിലോ അതും അറിഞ്ഞിരിക്കണം.' അങ്ങനെയാണെങ്കിൽ നബി(സ)തിരുമേനി നമ്മുടെ കാര്യത്തിൽ അവരോടു വസിയ്യത്ത് ചെയ്യുമല്ലോ. ഹദ്റത്ത് അലി(റ) പറഞ്ഞു: 'അല്ലാഹുവാണ! നബി(സ)തിരുമേനിയോടു നാം അത് അന്വേഷിക്കുമ്പോൾ അവിടന്ന് നമുക്ക് തരികയില്ലെന്ന് പറഞ്ഞുവെന്ന് വെക്കുക. പിന്നീട് ജനങ്ങളും നമുക്ക് തരികയില്ല. അല്ലാഹുവാണ! ഞാൻ നബി(സ)തിരുമേനിയോട് അതിനെ കുറിച്ച് ചോദിക്കുകയില്ല.'(സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി ഹദീഥ് നമ്പർ 4447, തർജമ ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാള്യം 9, പേജ് 337–338)

ഇതും ബുഖാരിയിലുള്ള നിവേദനമാകുന്നു. ബുഖാരിയിൽ ഇവിടെയുള്ള അറബി പദങ്ങൾ ഇതാണ്: *അൻത വല്ലാഹി ബഅ്ദ ഥലാഥിൻ അബ്ദുൽ അസ്വാ* ഇതു സംബന്ധമായി ഹദ്റത്ത് സയ്യിദ് വലിയുല്ലാഹ് ശാഹ് സാഹിബ് തന്റെ ഗ്രന്ഥത്തിൽ ഒരു കുറിപ്പെഴുതിയിട്ടുണ്ട്: 'നബി(സ)തിരുമേനിക്കുശേഷം നിങ്ങൾ മറ്റൊരാൾക്ക് കീഴിൽ വരികയാണെങ്കിൽ ആ വ്യക്തി ആരാണെന്ന് ഇവിടെ ഭംഗ്യന്തരേണ സൂചിപ്പിക്കുകയാണ്. അതായത് നബി(സ)തിരുമേനി മൂന്നുദിവസത്തിനുള്ളിൽ വഫാത്താകുന്നതായിരിക്കും.'(സ്വഹീഹ് ബുഖാരി, മുത്തർറജിം ഹദ്റത്ത് സയ്യിദ് സയ്നുൽആ ബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാള്യം 9, പേജ് 337, പ്രസാധകർ നള്വാറത്ത് ഇശാഅത്ത് റബ്‌വ)

ഹദ്റത്ത് ആമിർ(റ) നിവേദനം. അദ്ദേഹം പറയുന്നു: '(നബിസതിരുമേനിയുടെ വഫാത്തിനുശേഷം) ഹദ്റത്ത് അലി(റ), ഹദ്റത്ത് ഫദ്ൽ(റ), ഹദ്റത്ത് ഉസാമ ബിൻ സയ്ദ്(റ) എന്നിവർ ചേർന്നാണ് നബി(സ)തിരുമേനിയെ കുളിപ്പിച്ചത്. ഇവർ തന്നെയാണ് നബി(സ)തിരുമേനിയെ ഖബറിൽ ഇറക്കിയതും.' മറ്റൊരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: 'അവർ തങ്ങളോടൊപ്പം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെയും കൂട്ടിയിരുന്നു.'(സുനൻ അബൂദാവൂദ്, കിതാബുൽജനാഇസ്, ഹദീഥ് നമ്പർ 3209)

ഹദ്റത്ത് അലി(റ), ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തതിനെപ്പറ്റി വിവിധതരം നിവേദനങ്ങൾ വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് ചില നിവേദനങ്ങളിൽ ഹദ്റത്ത് അലി(റ) പൂർണ്ണ തൃപ്തിയോടേയും താൽപര്യത്തോടേയും ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തു എന്നാണ് ചിലർ എഴുതിയിട്ടുള്ളത്. എന്നാൽ, മറ്റുചിലർ ഇതിനു നേർവിപരീതമായാണ് എഴുതുന്നത്. ഏതായിരുന്നാലും ഹദ്റത്ത് അബൂസയീദ് ഖുദ്‌രി(റ)

നിവേദനം: ‘മുഹാജിരീങ്ങളും അൻസ്വാറും ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) മിമ്പറിൽ കയറി ജനങ്ങൾക്കിടയിൽ നോക്കിയപ്പോൾ ഹദ്റത്ത് അലിയെ കണ്ടില്ല. ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് അലിയെ പറ്റി അന്വേഷിച്ചു. അൻസ്വാറിൽപ്പെട്ട ചിലയാളുകൾ പോയി, ഹദ്റത്ത് അലിയെ കൊണ്ടുവന്നു. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: നബി(സ)തിരുമേനിയുടെ പിതൃവ്യപുത്രാ! അതായത് ഹദ്റത്ത് അലിയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ‘നബി(സ)തിരുമേനിയുടെ ജാമാതാവേ! താങ്കൾ മുസ്‌ലിമീങ്ങളുടെ ശക്തിക്ഷയിപ്പിക്കാൻ ആഗ്രഹിക്കുകയാണോ?’ ഹദ്റത്ത് അലി(റ) പറഞ്ഞു: ‘റസൂലുല്ലായുടെ ഖലീഫയായുള്ളോവേ! എന്നെ പിടിക്കാതിരുന്നാലും.’ തുടർന്ന് അദ്ദേഹം ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തു.(സീറത്തു അമീറുൽമുഅ്മിനീൻ അലി ബിൻ അബീത്വാലിബ് ശഖ്സിയ്യ്വ വ അസ്‌രിഹീ പേജ് 119, അൽഫസ്‌ലുഥ്ഥാനീ അലി ബിൻ അബീത്വാലിബ് ഫീ അഹ്ദിൽഖുലഫാഇർറാശിദീനി.....ദാറുൽമഅ്‌രിഫത്തി ബെയ്റുത്ത് ലബ്നാൻ 2006) (അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി കഥീർ, പേജ് 693, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2005)

ത്വാരിഖ്ത്വബ്‌രിയിലുണ്ട്. ഹബീബ് ബിൻ അബൂഥാബിത്തിൽനിന്ന് നിവേദനം. ‘ഹദ്റത്ത് അലി തന്റെ വീട്ടിലായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ ഒരാൾ വന്നു. ഹദ്റത്ത് അബൂബക്ർ ബയ്അത്ത് വാങ്ങുന്നതിന് ഇരിക്കുന്നുവെന്ന് അദ്ദേഹത്തോട് പറഞ്ഞു. ഹദ്റത്ത് അലിയാകട്ടെ കുപ്പായമിട്ടിരുന്നു. പെട്ടെന്ന് അതേ അവസ്ഥയിൽ പുറത്തിറങ്ങി. അദ്ദേഹം പൈജാമ ഇട്ടിരുന്നില്ല. ഒരു പുതപ്പും ഉണ്ടായിരുന്നില്ല. അദ്ദേഹം ധിറുതിപ്പെട്ട് പുറത്തേക്കിറങ്ങി. താമസിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെ അദ്ദേഹം ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തു. ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽ വന്നിരുന്നു. പിന്നീട് അദ്ദേഹം വസ്ത്രം വാങ്ങുകയും അത് ധരിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്റിന്റെ സദസിൽത്തന്നെ ഇരുന്നു.’ (താരീഖ് അത്ത്വബ്‌രി, ഭാഗം 3, പേജ് 257, ഹദീഥുസ്സഖീഫ, ദാറുൽഫിക്ർ ലബ്നാൻ 2002)

അല്ലാമാ ഇബ്നു കഥീർ പറയുന്നു: ‘ഹദ്റത്ത് അലി ബിൻ അബീത്വാലിബ്, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ആദ്യദിവസമോ രണ്ടാംദിവസമോ ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്യുകയുണ്ടായി. ഇതാണ് സത്യാവസ്ഥ. കാരണം ഹദ്റത്ത് അലി(റ) ഒരിക്കലും ഹദ്റത്ത് അബൂബക്റിനെ ഒഴിവാക്കിയിട്ടില്ല. ഹദ്റത്ത് അബൂബക്റിന്റെ പിന്നിൽ നമസ്കരിക്കുന്നത് ഉപേക്ഷിച്ചിട്ടുമില്ല.’ (അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി കഥീർ, പേജ് 694, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2005)

ഹദ്റത്ത് അലിയെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘ഹദ്റത്ത് അലി കർറമല്ലാഹു വജ്ഹഹൂ ആദ്യമാദ്യം ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്യുന്നതിൽ പിന്തിരിഞ്ഞു നിന്നിരുന്നു. പക്ഷേ, വീട്ടിൽച്ചെന്നപ്പോൾ എന്തുതോന്നിയെന്ന് അറിയില്ല, തലപ്പാവുപോലും കെട്ടാതെ ക്ഷണത്തിൽ തൊപ്പിയും ധരിച്ച് ബയ്അത്ത് ചെയ്യാനെത്തി. തലപ്പാവ് പിന്നീട് വരുത്തുകയാണുണ്ടായത്. വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ അത് (ബയ്അത്തിൽനിന്ന് വിട്ടു നിൽക്കുന്നത്) ധിക്കാരമാണെന്ന് തോന്നിയതായിരിക്കാം. അതുകൊണ്ടുതന്നെ ശീഘ്രലം തലപ്പാവ് പോലും കെട്ടാതെ വന്നു.’ (മൽഫൂദാത്ത് വാള്യം 10, പേജ് 183, 1984 പതിപ്പ്)

അതായത് വസ്ത്രം പോലും ശരിക്ക് ധരിക്കാതെ വരികയുണ്ടായി.

മറ്റു വിവിധ തരത്തിലുള്ള നിവേദനങ്ങളിൽ ഇങ്ങനേയും വിവരണമുണ്ട്: ‘ഹദ്റത്ത് ഫാത്വിമയുടെ വഫാത്തിനുശേഷമാണ് ഹദ്റത്ത് അബൂബക്റിന് ഹദ്റത്ത് അലി(റ) ബയ്അത്ത് ചെയ്തത്. ഹദ്റത്ത് അലി(റ) ഹദ്റത്ത് ഫാത്വിമയുടെ മരണംവരെയും ബയ്അത്ത് ചെയ്തിരുന്നില്ലെന്ന് ബുഖാരിയിൽ പറയുന്നുണ്ട്.’(സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി, ബാബു ഗസ്‌വത്തു ഖയ്ബർ, ഹദീഥ് നമ്പർ 4240)

ധാരാളം ഉലമാ ബുഖാരിയിലുള്ള ഈ നിവേദനത്തെ വിമർശിച്ചിട്ടുണ്ട്. ഇമാം ബയ്ഹഖി, സുനനുൽകുബ്‌റയിൽ ഇമാം ശിഹാബുദ്ദീൻ സുഹ്‌രിയുടെ, ‘ഹദ്റത്ത് അലി(റ), ഹദ്റത്ത് ഫാത്വിമയുടെ മരണംവരേയും ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തിരുന്നില്ല’ എന്ന് പറഞ്ഞതിനെ പരാമർശിച്ചുകൊണ്ട് എഴുതുന്നുണ്ട്. അതിന്റെ തർജമ ഇപ്രകാരമാകുന്നു: ‘ഹദ്റത്ത് അലി, ഹദ്റത്ത് ഫാത്വിമയുടെ മരണംവരെ ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്യുന്നതിൽനിന്ന് വിട്ടു നിന്നിരുന്നുവെന്നത് വിഛിന്ന(മുൻഖത്വിഅ്) വാക്യമാണ്.(മുൻഖത്വിഅ്-ആദ്യന്തങ്ങളൊഴിച്ചുള്ള നിവേദകരിൽ ഒന്നോ അതിലധികമോപേർ വിവിധ സ്ഥലങ്ങളിൽ അറിയാനാകാത്തവർ.വിവ:). ഹദ്റത്ത് അബൂസയീദ് ഖുദ്‌രിയുടെ നിവേദനമാണ് കൂടുതൽ ശരിയായിട്ടുള്ളത്. അതിൽ പറയുന്നു: ‘ഹദ്റത്ത് അലി, സഖീഫക്ക് ശേഷമുണ്ടായ പൊതുബയ്അത്തിൽ ഹദ്റത്ത് അബൂബക്റിന്റെ കൈയിൽ ബയ്അത്ത്ചെയ്തു.’(അസ്സുനനുൽ കുബ്റാ ലിൽബയ്ഹഖി, ഹദീഥ് നമ്പർ 12732)

ചില പണ്ഡിതന്മാർ, ബുഖാരിയിലുള്ള ഈ നിവേദനത്തെ ഇങ്ങനെ സംയോജിപ്പിച്ചിട്ടുണ്ട്: അതായത് ഈ രണ്ടാമത്തെ ബയ്അത്തിന് അവർ ‘ബയ്അത്ത് പുതുക്കൽ’(തജ്ദീദ് ബയ്അത്ത്) എന്ന പേരാണ് നൽകുന്നത്. ഒരുപക്ഷേ, ഉലമാ ബുഖാരി പോലുള്ള ഗ്രന്ഥത്തിൽ ഈ നിവേദനത്തിന് എന്തെങ്കിലും പ്രാധാന്യം കാരണമായിരിക്കും ചേർത്തതെന്ന് കരുതി അവർ ഹദ്റത്ത് അലിയുടെ ബയ്അത്തിന് അതുകൊണ്ടുതന്നെ ഒരു പേര് നൽകിയതാണ്. ഏതായിരുന്നാലും ബുഖാരിയുടെ എല്ലാ നിവേദനങ്ങളും ശരിയായിക്കൊള്ളണമെന്നൊന്നുമില്ല. ഡോക്ടർ അലി മുഹമ്മദ് സ്വലാബി തന്റെ ‘സീറത്ത് അമീറുൽമുഅ്മിനീൻ അലി ബിൻ അബീത്വാലിബ് ശഖ്സിയ്യ വ അസ് റുഹൂ’ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: ‘അല്ലാമ ഇബ്നു കഥീർ മുതലായ നിരവധി പണ്ഡിതന്മാരുടെ വീക്ഷണത്തിൽ ഹദ്റത്ത് അലി ആറുമാസത്തിനുശേഷം അതായത് ഹദ്റത്ത് ഫാത്വിമ മരണപ്പെട്ടതിനുശേഷം തന്റെ ബയ്അത്ത് പുതുക്കുകയുണ്ടായി.’ (സീറത്തു അമീറുൽമുഅ്മിനീൻ അലി ബിൻ അബീ ത്വാലിബ് ശഖ്സിയ്യത്തുഹൂ വ അസ്‌റുഹൂ പേജ് 121, ദാറുൽമഅ്‌രിഫ, ബെയ്റുത്ത് 2006)

അവർ ഇതിന് ‘തജ്ദീദ് ബയ്അത്ത്’ എന്ന പേരാണ് വെച്ചിരിക്കുന്നത്. ആദ്യം ബയ്അത്ത് ചെയ്തിരുന്നു. ഹദ്റത്ത് ഫാത്വിമയുടെ മരണത്തിനു ശേഷം വീണ്ടും പുതുക്കുകയുണ്ടായി.

അല്ലാമ ഇബ്നു കഥീർ എഴുതുന്നു: ‘ഹദ്റത്ത് ഫാത്വിമയുടെ മരണത്തെ തുടർന്ന് ഹദ്റത്ത് അബൂബക്റുമായുള്ള തന്റെ ബയ്അത്ത് പുതുക്കുന്നത് ഉത്തമമാണെന്ന് ഹദ്റത്ത് അലി(റ) കരുതി.’(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി കഥീർ, പേജ് 694, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2005)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ‘സിർറുൽഖിലാഫ’ എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു: ഇത് അറബി ഗ്രന്ഥമാണ്. അതിന്റെ ഉർദുതർജമ ഇങ്ങനെയാണ്: ‘ഹദ്റത്ത് അബൂബക്റിനെ സംബന്ധിച്ച് അദ്ദേഹം ആരോപിക്കപ്പെടുന്നതുപോലെയാണെന്നും ആ സമയത്ത് ഹദ്റത്ത് അലിയാണ് ഖലീഫയാകേണ്ടതെന്ന് ധരിച്ചിരുന്നുവെന്നും പറയുന്നു. സ്വിദ്ദീഖുൽ അക്ബർ ഭൗതികതയ്ക്കും അതിന്റെ നേട്ടങ്ങൾക്കും പ്രാമുഖ്യം നൽകിയെന്നും അവകാശധ്വംസകനായിരുന്നുവെന്നും സങ്കല്പിച്ചാൽ അത്തരമൊരു സാഹചര്യത്തിൽ അല്ലാഹുവിന്റെ സിംഹം അലിയേയും മുനാഫിഖീങ്ങളിൽ ഗണിക്കാനും പറയാനും നമ്മൾ നിർബന്ധിതരാകുന്നതാണ്. നഊദുബില്ലാഹ്. അദ്ദേഹം ഭൗതികത ത്യാഗം ചെയ്ത് അല്ലാഹുവിനോടു സ്നേഹമുള്ള ആളല്ലെന്ന് അദ്ദേഹം ധരിക്കപ്പെടുന്നതുപോലെ. എന്നല്ല, അദ്ദേഹം ദുൻയാവിന്റേയും അതിനെ കൊതിക്കുന്നവരുടേയുംമേൽ വീഴുന്നയാളും അതിന്റെ സൗന്ദര്യത്തിൽ താൽപര്യമുള്ള ആളുമായിരുന്നത്രെ. ഇക്കാരണത്താൽ അദ്ദേഹം കാഫിറുകളും മുർത്തദ്ദീനുകളുമായുള്ള ബന്ധം ഉപേക്ഷിച്ചില്ലത്രെ. (ഇതു നിഷേധികൾ പറയുന്നതാണ്. ഹദ്റത്ത് അബൂബക്കറിനെക്കുറിച്ച് വളരെ കഠിനമായ പദങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്). എന്നല്ല, മുഖപ്രശംസ സ്വീകരിക്കുന്നവരെപ്പോലെ അവരിൽ ചേർന്നുനിന്നു. ഏകദേശം മുപ്പത് വർഷങ്ങളോളം കാപട്യം കൊണ്ടുനടന്നു. അങ്ങനെ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് അലി(റ)യുടെ വീക്ഷണത്തിൽ അവകാശധ്വംസകനായിരുന്നുവെങ്കിൽ പിന്നെ എന്തിനാണ് അദ്ദേഹം അബൂബക്റിന് ബയ്അത്ത് ചെയ്യാൻ തയ്യാറായത്? എന്തുകൊണ്ട് അദ്ദേഹം അക്രമവും അനീതിയും മതനിരാസവുമുള്ള സ്ഥലത്തുനിന്ന് മറ്റു നാടുകളിലേക്ക് പലായനം ചെയ്തില്ല? അദ്ദേഹത്തിന് ഹിജ്റത്ത് ചെയ്ത് പോകാൻ മാത്രം അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? അതല്ലേ തഖ്‌വയുള്ളവരുടെരീതി. കൂറുകാണിച്ചിരുന്ന ഇബ്റാഹിമിനെ നോക്കൂ! അദ്ദേഹം സത്യത്തിനുവേണ്ടി എത്രമാത്രം സ്ഥൈര്യവാനായിരുന്നു, എത്രമാത്രം ധൈര്യവാനായിരുന്നു. തന്റെ പിതാവ് വഴിപിഴച്ചുവെന്നും സന്മാർഗത്തിൽനിന്ന് തെറ്റിയെന്നും കണ്ടപ്പോൾ തന്റെ ജനത വിഗ്രഹങ്ങളെ ആരാധിക്കുന്നുവെന്നും ഉന്നതസ്ഥാനീയനായ റബ്ബിനെ ഉപേക്ഷിക്കുന്നുവെന്നും കണ്ടപ്പോൾ ഒരു വിധ ഭയവുമില്ലാതെ, അവരെ പരിഗണിക്കുകപോലും ചെയ്യാതെ അവരിൽ നിന്നു മുഖം തിരിച്ചു. അദ്ദേഹത്തെ തീയിലിട്ടു. പക്ഷേ, ദ്രോഹികളെ ഭയന്നുകൊണ്ട് കാപട്യം സ്വീകരിച്ചില്ല. ഇതാണ് നന്മയുള്ളവരുടെചരിത്രം. അവർ ഖഡ്ഗങ്ങൾ ഭയക്കുന്നില്ല. അവർ കാപട്യത്തെ വലിയ പാപമായും നിർലജ്ജമായും ധിക്കാരമായും ഗണിക്കുന്നു. അഥവാ യാദൃച്ഛികമായി അവരിൽനിന്ന് ഇത്തരം നിന്ദാവഹമായ കാര്യങ്ങൾ അൽപമെങ്കിലും ഉണ്ടായാൽ അവർ പാപപ്പൊറുതി തേടിക്കൊണ്ട് അല്ലാഹുവിലേക്ക് ചായുന്നു. എന്നിരിക്കെ സിദ്ദീഖും ഫാറൂഖുമൊക്കെ അവകാശധ്വംസകരാണെന്ന് അറിഞ്ഞുകൊണ്ട് എങ്ങനെയാണ്, എന്തിനാണ് ഹദ്റത്ത് അലി(റ) അവർക്ക് ബയ്അത്ത് ചെയ്തതെന്ന കാര്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. അദ്ദേഹം അതായത് അലി, ഒരു നീണ്ട കാലം അവരുടെകൂടെ കഴിച്ചുകൂട്ടി. പൂർണ്ണ ആത്മാർഥതയോടെയും വിശ്വസ്തതയോടെയും അവരെ അനുഗമിച്ചു. അക്കാര്യത്തിൽ അദ്ദേഹം ഒരിക്കലും ദൗർബല്യം കാണിച്ചില്ല. വെറുപ്പ് പ്രകടിപ്പിച്ചതുമില്ല. മറ്റൊരു കാര്യവും തടസമായി നിൽക്കുകയോ അദ്ദേഹത്തിന്റെ ഭയഭക്തി വിശ്വാസം അദ്ദേഹത്തെ അതിൽ നിന്ന് തടയുകയോ ചെയ്തില്ല. അദ്ദേഹം അവരുടെ കുഴപ്പങ്ങളേയും നിഷേധത്തേയും മതനിരാസത്തേയും പറ്റി അറിഞ്ഞിരുന്നില്ലേ? മാത്രമല്ല അദ്ദേഹത്തിനും അറേബ്യൻ ജനതയ്ക്കുമിടയിൽ വാതിൽ അടഞ്ഞുകിടക്കുകയോ, ഒരു നീണ്ട ആവരണം ഉണ്ടായിരിക്കുകയോ ചെയ്തിട്ടില്ല. അദ്ദേഹം ബന്ധനസ്ഥനുമായിരുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന് മറ്റേതെങ്കിലും അറബ് നാട്ടിലേക്ക് കിഴക്കോട്ടോ പടിഞ്ഞാറോട്ടോ പലായനം ചെയ്യാമായിരുന്നു. അവിടെയൊന്നും ആരേയും നിർബന്ധപൂർവ്വം തടയുന്നുമുണ്ടായിരുന്നില്ല. ഹിജ്റത്ത് പോകാമായിരുന്നു. ജനങ്ങളെ യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കാമായിരുന്നു.’ ഹദ്റത്ത്

മസീഹ്മൗഊദ്(അ) പറയുന്നു: 'ഹിജ്റ ചെയ്യുകയല്ല പ്രത്യുത ഇവർ മതനിരാസമുള്ളവരും നിഷേധികളുമാണെന്നും അവർക്കെതിരിൽ യുദ്ധം ചെയ്യണമെന്നും പറഞ്ഞ് ജനങ്ങളെ അദ്ദേഹത്തിന് പ്രേരിപ്പിക്കാമായിരുന്നു. ഗ്രാമീണരായ അറബികൾ യുദ്ധത്തിന് പ്രേരണ നൽകുന്നുണ്ടായിരുന്നു. അദ്ദേഹത്തിന് അവരെ തന്റെ ചമത്കാര പാടവംകൊണ്ട് ഇളക്കിവിടാമായിരുന്നു. പിന്നീട് മുർത്തദ്ദാകുന്നവരെ എതിർത്താൽ മതിയായിരുന്നു.' തുടർന്നു പറയുന്നു: 'മുസയ്‌ലിമത്തുൽ കദ്ദാബിനു ചുറ്റും ഏകദേശം ഒരുലക്ഷം ഗ്രാമീണവാസികൾ ഒരുമിച്ചുകൂടിയിരുന്നു. അലിയാകട്ടെ അവരുടെ സഹായത്തിന് കൂടുതൽ അർഹനും അത്തരം പദ്ധതികൾക്ക് കൂടുതൽ അനുയോജ്യനുമായിരുന്നു. ഇതെല്ലാമായിട്ടും നിങ്ങൾ കാഫിറെന്ന് പറയുന്ന മുൻഖലീഫമാരെ എന്തുകൊണ്ടാണ് അലി പിന്താങ്ങിയത്? അദ്ദേഹത്തിന് അധികാരത്തിൽ വരാമായിരുന്നു. പക്ഷേ, അക്കാര്യത്തിൽ അദ്ദേഹം മടിയന്മാരെ പോലെ ഇരുന്നു. യോദ്ധാക്കളെപ്പോലെ എണീറ്റില്ല. എന്തു കാര്യമാണ്, സ്വീകാര്യതയുടേയും അഭിവൃദ്ധിയുടേയും എല്ലാ അടയാളങ്ങളുമുണ്ടായിട്ടും യുദ്ധ നീക്കത്തിൽനിന്ന് അദ്ദേഹത്തെ തടഞ്ഞത്? ഇക്കാര്യങ്ങളിൽനിന്ന് വിട്ടു നിൽക്കാൻ പ്രേരിപ്പിച്ചത്? അദ്ദേഹം യുദ്ധത്തിനും സത്യത്തെ പിന്തുണക്കാനും ജനങ്ങളെ ക്ഷണിക്കാനും എന്തുകൊണ്ട് തയ്യാറായില്ല? അദ്ദേഹം തന്റെ ജനതയിൽ, ജനഹൃദയങ്ങൾക്ക് ജീവൻ നൽകാൻ കഴിയുന്ന ചമത്കാര ചാരുതയും സാഹിത്യസമ്പുഷ്ടവുമായ പ്രഭാഷണം നടത്തുന്ന ആളുമായിരുന്നില്ലേ? തന്റെ സാഹിതീയ സൗന്ദര്യത്തിന്റേയും പ്രഭാഷണ സൗകുമാര്യതയുടേയും ശക്തിയും സംബോധിതനെ വശീകരിക്കുവാനുള്ള കഴിവും മുഖേന ജനങ്ങളെ തനിക്കുചുറ്റും ഒരുമിച്ചു കൂട്ടാൻ അദ്ദേഹത്തിന് ഒരു മണിക്കൂർ എന്നല്ല അതിലുംകുറഞ്ഞ സമയം മതിയാകുമായിരുന്നു. ജനങ്ങൾ കള്ളനും ദജ്ജാലുമായ ഒരു വ്യക്തിയുടെ (മുസയ്‌ലിമക്ക്)കീഴിൽ ഒരുമിച്ച് കൂടിയെങ്കിൽ ദൈവിക സിംഹത്തിന്റെ അവസ്ഥ തന്നെ ഒന്നുവേറെയായിരുന്നില്ലേ? അദ്ദേഹം വലിയ വലിയ കാര്യങ്ങൾ ചെയ്യുന്ന റബ്ബിന്റെ സഹായമുള്ളയാളും സർവ്വലോക പരിപാലകന്റെ സ്നേഹിതനുമായിരുന്നു. ഇനി വിചിത്രമെന്തേ പറയേണ്ടൂ, അദ്ദേഹം ബയ്അത്ത് ചെയ്തവരിൽ ഉൾപ്പെടുന്നതിൽ മാത്രം ഒതുങ്ങിയില്ല. അതായത് ബയ്അത്ത് ചെയ്യുക മാത്രമല്ല, എല്ലാ നമസ്കാരങ്ങളും ശേഖയ്ൻ അതായത് അബൂബക്റിനും ഉമറിനും പിന്നിൽ നമസ്കരിച്ചു. ഒരിക്കൽപോലും അതിലെതിർപ്പ് കാണിച്ചില്ല. പരാതിക്കാരെപോലെ അതിൽനിന്ന് ഒഴിവായതുമില്ല. അദ്ദേഹം അവരുടെ കൂടിയാലോചനകളിൽ ഭാഗഭാക്കായി. അവരുടെ വാദങ്ങളെ സത്യപ്പെടുത്തി. തന്റെ സർവ്വശക്തിയും കഴിവും മുഖേന അവരെ സഹായിച്ചു. ഒരിക്കലും പിന്മാറിയതേയില്ല. അതുകൊണ്ട് ചിന്തിച്ചു പറയുവിൻ! പ്രയാസത്തിൽ കഴിയുന്നവരുടേയും നിഷേധികളുടേയും ലക്ഷണം ഇതാണോ? ഇനി ഇതുംകൂടി ചിന്തിക്കുവിൻ! കളവും കറ്റുകെട്ടുമാണെന്ന് അറിഞ്ഞിട്ടും ഹദ്റത്ത് അലി വ്യാജന്മാരെ പിന്തുണക്കുകയായിരുന്നോ? അതായത് അദ്ദേഹത്തിന്റെ പക്കൽ സത്യവും അസത്യവും ഒരുപോലെ ആയിരുന്നോ?' ഹദ്റത്ത് അലിയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എല്ലാത്തിനും കഴിവുടയവനായ റബ്ബിന്റെ ശക്തിയിൽ സർവാർപ്പണം ചെയ്യുന്നവൻ സത്യത്തിനു വേണ്ടി അവനെ തീയിലിട്ടാലും പ്രയാസപ്പെടുത്തിയാലും തുണ്ടംതുണ്ടമാക്കിയാലും ഒരു നിമിഷനേരത്തേക്കുപോലും വഞ്ചനയുടെ മാർഗത്തിന് പ്രാധാന്യം നൽകുകയില്ലെന്ന് ഹദ്റത്ത് അലിക്ക് അറിയാമായിരുന്നില്ലേ?'(സിർറുൽ ഖിലാഫ, റൂഹാനീഖസായിൻ വാള്യം 8, പേജ് 349–351, സിർറുൽ ഖലാഫഉർദു തർജമ പേജ് 86–91, പ്രസാധകർ നളാറത്ത് ഇശാഅത്ത് രബ്വ)

ചുരുക്കത്തിൽ ഹദ്റത്ത് അലി(റ) ഒരിക്കലും തന്റെ മുൻകാല ഖലീഫമാരെ എതിർത്തിട്ടുണ്ടായിരുന്നില്ല. പ്രത്യുത അവർക്ക് ബയ്അത്ത് ചെയ്യുകയാണുണ്ടായത്. മാത്രമല്ല നിങ്ങൾ ഹദ്റത്ത് അലിയെ സംബന്ധിച്ച് അദ്ദേഹം ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തില്ലെന്ന് പറയുന്നത് ഹദ്റത്ത് അലിയുടെ സ്ഥാനം ഉയർത്തുകയല്ല മറിച്ച് താഴ്ത്തുകയാണ് ചെയ്യുന്നത്.

മൂന്ന് ഖലീഫമാരുടെ കാലഘട്ടത്തിൽ, അതായത് തനിക്ക് മുമ്പേ കടന്നു കഴിഞ്ഞ 3 ഖലീഫമാരുടെ കാലത്ത് ഹദ്റത്ത് അലിയുടെ സേവനങ്ങൾ എന്തെല്ലാമായിരുന്നു? നബി(സ)തിരുമേനി വഫാത്തായപ്പോൾ അറേബ്യയിലെ നിരവധി ഗോത്രങ്ങൾ മുർത്തദ്ദ് അഥവാ ദീനിൽനിന്ന് പുറത്തുപോകുകയുണ്ടായി. മദീനയിലും കപടവിശ്വാസികൾ തലപൊക്കി. ബനൂ ഹനീഫയിലേയും യമാമയിലേയും നിരവധി ആളുകൾ മുസയ്‌ലിമത്തുൽകദ്ദാബിനോടൊപ്പംകൂടി. ബനൂ അസദ്, ത്വയ് ഗോത്രങ്ങളും നിരവധിപേരും ത്വുലയ്ഹഅസദിയുടെ ചുറ്റുംകൂടി. ഇയാളും നുബുവ്വത്ത് വാദിച്ചിരുന്നു. പ്രയാസങ്ങൾ വളരെ വർധിച്ചു. അവസ്ഥകൾ കൂടുതൽ സങ്കീർണമായി. അപ്പോൾ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉസാമയുടെ സൈന്യത്തെ പറഞ്ഞയച്ചു. ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽ വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അപ്പോൾ നിരവധി കാട്ടറബികൾ മദീനയെ പിടിച്ചെടുക്കാൻ ആഗ്രഹിക്കുകയും മദീനയെ ആക്രമിക്കാൻ പദ്ധതിയിടുകയും ചെയ്തു. അതേ തുടർന്ന് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) മദീനയിൽ പ്രവേശിക്കാനുള്ള വിവിധ വഴികളിൽ മദീനക്ക് ചുറ്റും കാവൽക്കാരെ നിശ്ചയിച്ചു. അവർ തങ്ങളുടെ സംഘത്തോടൊപ്പം മദീനക്കുചുറ്റും കാവൽനിന്നു രാത്രി കഴിച്ചു കൂട്ടിയിരുന്നു. ഈ കാവൽക്കാരുടെ മേൽനോട്ടക്കാരിൽ ഹദ്റത്ത് അലി ബിൻ അബീത്വാലിബ്(റ), സുബയ്ർ ബിൻ അവ്വാം(റ), ത്വൽഹ ബിൻ അബ്ദുല്ലാഹ്(റ), സഅ്ദ് ബിൻ അബീവഖാസ്(റ), അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) എന്നിവർ ഉൾപ്പെടുന്നു.(അൽഹിദായ വന്നഹായ, ഭാഗം 7, പേജ് 307–308, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)

അതായത് ഹദ്റത്ത് അലി(റ) ആ സമയത്തും സംരക്ഷണത്തിനുവേണ്ടി നിയോഗിക്കപ്പെട്ട ഒരു സൈന്യത്തിന്റെ ഭാഗമായിരുന്നു. അവരുടെ മേൽനോട്ടക്കാരനായിരുന്നു.

നബി(സ)തിരുമേനിയുടെ വഫാത്തിനെ കുറിച്ച് വാർത്ത വന്നപ്പോൾ, അറേബ്യയിലെ അധിക ഗോത്രങ്ങളും മുർത്തദ്ദായി. സക്കാത്ത് കൊടുക്കുന്നതിൽനിന്ന് പിന്മാറി. ഹദ്റത്ത് അബൂബക്ർ മുഹാജിരീങ്ങളേയും അൻസ്വാറിനേയുംകൂട്ടി മദീനയിൽനിന്ന് പുറപ്പെട്ടു. അവർ നജ്ദിന്റെ ഉയർന്ന പ്രദേശത്തിന് അഭിമുഖമായുള്ള ഒരു കുളത്തിന്നരികിലെത്തിയപ്പോൾ ബദ്‌വി(കാട്ടറബി)കൾ തങ്ങളുടെ ഭാര്യമക്കളേയും കൊണ്ടോടിപ്പോയി. വാസ്തവത്തിൽ അവർ ഒരു ഭാഗത്ത് മുസ്‌ലിമീങ്ങളാണെന്ന് പറയുകയും മറുഭാഗത്ത് പൂർണ്ണമായും ദീൻ ഉപേക്ഷിക്കാതെ സക്കാത്തിനെ എതിർക്കുകയുമായിരുന്നു. അതുകൊണ്ടാണ് യുദ്ധം ചെയ്തത്. അല്ലാതെ മുർത്തദ്ദായതുകൊണ്ട് അവർക്ക് ശിക്ഷ കൊടുത്തതല്ല. അവർ തിരിച്ചോടിപോയപ്പോൾ ജനങ്ങൾ ഹദ്റത്ത് അബൂബക്റിനോട് തിരിച്ചു മദീനയിലേക്ക്, കുടുംബത്തിലേക്ക് തിരികെ പോകാനും ആരെയെങ്കിലും സൈന്യാധിപനാക്കാനും അപേക്ഷിച്ചു. ജനങ്ങളുടെ നിർബന്ധപ്രകാരം, അദ്ദേഹം ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ അമീറായി നിശ്ചയിച്ചു. അദ്ദേഹത്തോട് പറഞ്ഞു: 'അവർ മുസ്‌ലിമീങ്ങളാവുകയും തിരിച്ചുവന്ന് ബയ്അത്തിൽ ഉൾപ്പെടാനും സക്കാത്ത് കൊടുക്കാനും ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ അവർക്ക് തിരിച്ചു വരാവുന്നതാണ്.' അതിനുശേഷം ഹദ്റത്ത് അബൂബക്ർ(റ) മദീനയിൽ തിരിച്ചുവന്നു.(താരീഖുൽഖുലഫാ, ജലാലുദ്ദീൻ അബ്ദുർറഹ്മാൻ ബിൻ അബീബക്ർ സുയൂത്വി, പേജ് 161, അൽഖലീഫത്തുൽ അവ്വൽ അബൂബക്ർ സിദ്ദീഖ്(റ), ഫസ്‌ലു ഫീ മാവഖഅ ഫീ ഖിലാഫത്തി)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത്, ഹദ്റത്ത് ഉമർ തന്റെ ഖിലാഫത്ത് കാലത്ത് ചില യാത്രാവസരങ്ങളിൽ ഹദ്റത്ത് അലിയെ തന്റെ സ്ഥാനത്ത് മദീനയുടെ അമീറായി നിശ്ചയിച്ചിരുന്നുവെന്നാണ്. താരിഖ് ത്വബ്‌രിയിൽ പറയുന്നു: 'ജിസ്ർ സംഭവത്തിന്റെ അവസരത്തിൽ മുസ്‌ലിമീങ്ങൾക്ക് ഇറാനിയൻ സേനക്കെതിരിൽ ഒരുതരം പരാജയം രുചിക്കേണ്ടിവന്നു. അപ്പോൾ ജനങ്ങളുടെ അഭിപ്രായപ്രകാരം ഹദ്റത്ത്ഉമർ(റ) ഇസ്‌ലാമിക സൈന്യത്തോടൊപ്പം ഇറാനിലെ അതിർത്തിയിൽ പോകാമെന്ന് തീരുമാനിച്ചു. ആ സന്ദർഭത്തിൽ അതായത് തന്റെ അഭാവത്തിൽ ഹദ്റത്ത് അലിയെയാണ് മദീനയുടെ ഗവർണറായി നിശ്ചയിച്ചത്.'(ഹഖ്വുൽയഖീൻ, അൻവാറുൽ ഉലൂം വാള്യം 9 പേജ് 383–384)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'മുസ്‌ലിമീങ്ങൾക്കുണ്ടായ ഏറ്റവും വലുതും ഭയാനകവുമായ പരാജയം ജിസ്ർ യുദ്ധമായിരുന്നു. ഇറാനികളെ നേരിടാൻ മുസ്‌ലിമീങ്ങളുടെ ഏറ്റവും നല്ല സൈന്യമാണ് പോയത്. ഇറാനി സൈന്യാധിപൻ കവാടത്തിൽത്തന്നെ താവളമുണ്ടാക്കി. അവരെ കാത്തിരുന്നു. ഇസ്‌ലാമികസൈന്യം ആവേശത്തോടെ മുന്നോട്ട് കുതിച്ച് ആക്രമണം നടത്തുകയും അവരെ പിന്നിലേക്കുതള്ളി അകത്ത് കടക്കുകയും ചെയ്തു. എന്നാൽ, ഇത് ഇറാനിയൻ സൈന്യാധിപന്റെ തന്ത്രമായിരുന്നു. അയാൾ ഒരു സൈന്യത്തെ വശങ്ങളിലൂടെ പറഞ്ഞുവിട്ട് പാലത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. തുടർന്ന് പുതുതായി മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ തുടങ്ങി. അപ്പോൾ നിരവധി മുസ്‌ലിമീങ്ങൾ നദിയിൽ ചാടാൻ നിർബന്ധിതരായി. അവർ അവിടെ കൊല്ലപ്പെട്ടു. മുസ്‌ലിമീങ്ങൾക്കുണ്ടായ ഈ നഷ്ടം കാരണം മദീന പോലും വിറച്ചുപോയി. ഹദ്റത്ത് ഉമർ(റ) മദീനക്കാരെ വിളിച്ചുകൂട്ടി പറഞ്ഞു: 'ഇനി മദീനയ്ക്കും ഇറാനുമിടയിൽ തടസങ്ങളൊന്നും ബാക്കിയില്ല. മദീന പൂർണമായും നഗ്നമാക്കപ്പെട്ടിരിക്കുന്നു. ശത്രുക്കൾ ഏതാനും ദിവസങ്ങൾക്കകം ഇവിടെ എത്താൻ സാധ്യതയുണ്ട്. ആയതിനാൽ ഞാൻ സ്വയം കമാണ്ടറായി പോകാനാഗ്രഹിക്കുന്നു. മറ്റു ആളുകൾക്കും ഈ നിർദ്ദേശം ഇഷ്ടപ്പെട്ടു. എന്നാൽ, ഹദ്റത്ത് അലി പറഞ്ഞു: 'താങ്കൾ കൊല്ലപ്പെട്ടാൽ, ശഹീദായാൽ (അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ)മുസ്‌ലിമീങ്ങൾ ചിന്നിച്ചിതറുകയും അങ്ങനെ ഐക്യത്തിന്റെകെട്ട് തകർന്നുപോവുകയും ചെയ്യുന്നതാണ്. അതുകൊണ്ട് മറ്റാരെയെങ്കിലുമാണ് അയക്കേണ്ടത്. താങ്കൾ പോകരുത്. അപ്പോൾ ഹദ്റത്ത് ഉമർ(റ) റോമക്കാരുമായുള്ള യുദ്ധത്തിൽ സജീവമായിരുന്ന ഹദ്റത്ത് സഅ്ദിന് ഇങ്ങനെ എഴുതി: 'കഴിയുന്നത്ര സൈന്യത്തെ അയച്ചുതരിക. കാരണം ഇപ്പോൾ മദീന പൂർണമായും നഗ്നമാക്കപ്പെട്ടിരിക്കുകയാണ്. ശത്രുക്കളെ ഉടൻതന്നെ തടഞ്ഞില്ലെങ്കിൽ അവർ മദീനയെ കീഴടക്കുന്നതായിരിക്കും.'(മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയാ കേ സാലാന ഇജ്തിമാ....... യിൽ ചില സുപ്രധാന നിർദേശം, അൻവാറുൽഉലൂം, വാള്യം 22, പേജ് 56–57)

ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലത്തുണ്ടായ ഫിത്നകളേയും ഫസാദുകളേയും ഇല്ലാതാക്കാൻ ഹദ്റത്ത് അലി(റ) അദ്ദേഹത്തിന് ആത്മാർഥമായി അഭിപ്രായങ്ങൾ നൽകിക്കൊണ്ടിരുന്നു. ഒരിക്കൽ ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തോട് ചോദിച്ചു: 'രാജ്യത്ത് ഇപ്പോഴുള്ള അസ്വസ്ഥതയ്ക്കും പ്ര

യാസത്തിനുമുള്ള യഥാർഥ കാരണവും അത് നിർമൂലനം ചെയ്യാനുള്ള മാർഗവുമെന്താണ്?' ഹദ്റത്ത് അലി(റ) വളരെ ആത്മാർഥതയോടെ തികഞ്ഞ സ്വാതന്ത്ര്യത്തോടെ പറഞ്ഞു: 'ഇപ്പോഴുള്ള എല്ലാ അസ്വസ്ഥതകൾക്കും കാരണം കൈകാര്യകർത്താക്കളുടെ അനീതിയാണ്.' ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു: 'ഞാൻ കൈകാര്യകർത്താക്കളെ തിരഞ്ഞെടുക്കുന്നതിൽ ഹദ്റത്ത് ഉമർ ശ്രദ്ധിച്ചിരുന്ന കാര്യങ്ങളാണ് പരിഗണിക്കുന്നത്. എന്നിട്ടും അവയോട് പൊതുവിൽ കാണപ്പെടുന്ന വൈമുഖ്യത്തിന് എന്താണ് കാരണമെന്ന് മനസിലാകുന്നില്ല.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'അത് ശരിയാണ്. പക്ഷേ, ഹദ്റത്ത് ഉമർ എല്ലാത്തിന്റേയും സമ്പൂർത്തീകരണം തന്റെ കൈകളാലാണ് ചെയ്തിരുന്നത്. അദ്ദേഹം ശിക്ഷിക്കുന്നതിൽ വളരെ കാഠിന്യമുള്ള ആളായിരുന്നു. എത്രത്തോളമെന്നാൽ, അറേബ്യയിലെ എത്ര ധിക്കാരിയായ ഒട്ടകം പോലും അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു. മേൽനോട്ടം വളരെ ശക്തമായിരുന്നു. എന്നാൽ, അതിനു വിപരീതമായി അങ്ങ് ആവശ്യത്തിലധികം സൗമ്യനാകുന്നു. അങ്ങയുടെ കൈകാര്യകർത്താക്കൾ ഈ സൗമ്യസ്വഭാവത്തെ മുതലാക്കി തന്നിഷ്ടം കാണിക്കുന്നു. അങ്ങയ്ക്ക് അതേപ്പറ്റി അറിയാൻ പോലും കഴിയുന്നില്ല. ജനങ്ങൾ മനസിലാക്കുന്നത്, കൈകാര്യകർത്താക്കൾ ചെയ്യുന്നതെല്ലാം ഖിലാഫത്തിന്റെ കൽപനകളാണെന്നാണ്. അങ്ങനെ എല്ലാ അനീതികൾക്കും അങ്ങ് കുറിമാനമാക്കപ്പെടുന്നു.'

മിസ്റുകാർ ഹദ്റത്ത് ഉഥ്മാന്റെ വീട് വളഞ്ഞു. അത് എത്രത്തോളം ശക്തമായെന്നാൽ അന്നപാനീയങ്ങൾ പോലും തടയപ്പെട്ടു. ഇതേപ്പറ്റി ഹദ്റത്ത് അലിക്ക് അറിവുകിട്ടിയപ്പോൾ അദ്ദേഹം ഉപരോധം ഏർപ്പെടുന്നവരുടെ അടുക്കലെത്തി പറഞ്ഞു: 'നിങ്ങൾ ചെയ്യുന്ന ഈ ഉപരോധം, ഇസ്‌ലാമിന് മാത്രമല്ല മനുഷ്യത്വത്തിന് പോലും നിരക്കാത്തതാണ്. അവിശ്വാസികൾപോലും മുസ്‌ലിമീങ്ങളെ തടവുകാരാക്കുമ്പോൾ അന്നപാനീയങ്ങളിൽ നിന്ന് തടയാറില്ല.' ഹദ്റത്ത് ഉഥ്മാനെ പ്രതിപാദിച്ചുകൊണ്ട് പറയുന്നു: 'അദ്ദേഹത്തോട് ഇത്രമാത്രം കാഠിന്യം കാണിക്കാൻ ആ മനുഷ്യൻ നിങ്ങൾക്കെന്ത് നഷ്ടമാണ് വരുത്തിയത്?' ഉപരോധക്കാർ ഹദ്റത്ത് അലിയുടെ ശിപാർശ ഗൗനിച്ചതേയില്ല. ഉപരോധത്തിൽ ഇളവു വരുത്താൻ തയ്യാറായതുമില്ല. ഹദ്റത്ത് അലി(റ) ദേഷ്യപ്പെട്ടു തന്റെ തലപ്പാവ് വലിച്ചെറിഞ്ഞു തിരിച്ചുപോയി.(സയ്റുസ്സഹാബ, വാള്യം 1, പേജ് 207–208, അമീറുൽ മുഅ്മിനീൻ ഹദ്റത്ത് അലി മുർത്തളാ(റ), ഇസ്‌ലാമി കുതുബ് ഖാന, ഉർദുബാസാർ, ലാഹോർ)

ജനങ്ങൾ ഹദ്റത്ത് ഉഥ്മാന്റെ വീട് ഉപരോധിക്കുകയും വെള്ളം തടയുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ മുകളിലൂടെ എത്തിനോക്കിക്കൊണ്ട് ചോദിച്ചു: 'നിങ്ങൾക്കിടയിൽ അലിയുണ്ടോ?' അവർ പറഞ്ഞു: 'ഇല്ല'. പിന്നെ ചോദിച്ചു: 'സഅ്ദുണ്ടോ?' അതിനും 'ഇല്ല' എന്ന് മറുപടി കേട്ടപ്പോൾ, അദ്ദേഹം അല്പനേരം നിശബ്ദനായിരുന്നു. തുടർന്ന് പറഞ്ഞു: 'ഞങ്ങൾക്ക് കുടിവെള്ളം വേണമെന്ന് അലിയോടുപോയി പറയൂ!' ഹദ്റത്ത് അലി ഇതേക്കുറിച്ച് അറിഞ്ഞപ്പോൾ, അദ്ദേഹം വെള്ളം നിറച്ച മൂന്ന് പാത്രങ്ങൾ അദ്ദേഹത്തിനടുത്തേക്ക് കൊടുത്തുവിട്ടു. എന്നാൽ, കലാപകാരികളുടെ പ്രതിരോധം കാരണം ഈ വെള്ളം നിറച്ച പാത്രങ്ങൾ ഹദ്റത്ത് ഉഥ്മാന്റെ വീട്ടിലേക്കെത്തുന്നുണ്ടായിരുന്നില്ല. അതായത് കൊണ്ടുപോകാൻ അനുവദിക്കുന്നുണ്ടായിരുന്നില്ല. ഈ പാത്രങ്ങൾ എത്തിക്കുന്ന ശ്രമത്തിൽ ബനൂഹാശിമിലെയും ബനൂ ഉമയ്യായിലെയും നിരവധി അടിമകൾക്ക് പരിക്കുപറ്റി. അവസാനം വെള്ളം ഹദ്റത്ത് ഉഥ്മാന്റെ വീട്ടിലെത്തി.

ഹദ്റത്ത് ഉഥ്മാനെ വധിക്കാനുള്ള പദ്ധതിയാണെന്ന് അറിഞ്ഞപ്പോൾ ഹദ്റത്ത് അലി തന്റെ രണ്ട് മക്കളോട് അതായത് ഇമാംഹസനോടും ഇമാംഹുസയ്നോടും പറഞ്ഞു: 'നിങ്ങൾ വാളുമെടുത്ത് ഹദ്റത്ത് ഉഥ്മാന്റെ വാതിൽക്കൽചെന്ന് നിൽക്കുക. ഓർക്കുക! ഒരു കലാപകാരിയും അദ്ദേഹത്തിന്റെ അടുത്തെത്താൻ ഇടവരരുത്.' ഇത് കണ്ടപ്പോൾ കലാപകാരികൾ ഹദ്റത്ത് ഉഥ്മാന്റെ വീടിന്റെ വാതലിനു നേരെ അമ്പെയ്യാൻ തുടങ്ങി. അതേതുടർന്ന് ഹദ്റത്ത് ഹസനും മുഹമ്മദ് ബിൻ ത്വൽഹയും രക്തത്തിൽ കുളിച്ചു. ഇതിനിടയിൽ മുഹമ്മദ് ബിൻ അബൂബക്റും രണ്ടു കൂട്ടുകാരും ഒരു അൻസ്വാരിയുടെ വീട്ടിലൂടെ മിണ്ടാതെ ഹദ്റത്ത് ഉഥ്മാന്റെ വീടിനകത്തേക്ക് ചാടിക്കയറി. അദ്ദേഹത്തെ ശഹീദാക്കി. ഹദ്റത്ത് അലി ഈ വിവരം അറിഞ്ഞപ്പോൾ അദ്ദേഹം അവിടെഎത്തി. ഹദ്റത്ത് ഉഥ്മാൻ ശഹീദാക്കപ്പെട്ടുവെന്ന് കണ്ടു. അപ്പോൾ അദ്ദേഹം തന്റെ മക്കളോട് ചോദിച്ചു: 'നിങ്ങൾ രണ്ടുപേരും കാവൽ നിന്നിട്ടും എങ്ങനെയാണ് ഹദ്റത്ത് ഉഥ്മാൻ ശഹീദാക്കപ്പെട്ടത്?' ഇത്രയും പറഞ്ഞ് അദ്ദേഹം ഹദ്റത്ത് ഹസന്റെ കരണത്തും ഹദ്റത്ത് ഹുസയ്ന്റെ നെഞ്ചിലും അടിച്ചു. മുഹമ്മദ് ബിൻ ത്വൽഹയേയും അബ്ദുല്ലാഹ് ബിൻ സുബയ്റിനേയും ശകാരിക്കുകയുംചെയ്തു. അങ്ങനെ ദേഷ്യത്തോടെ അദ്ദേഹം അവിടെ നിന്ന് തിരിച്ചു വീട്ടിലേക്ക് പോയി.'(താരീഖുൽഖുലഫാ,ജലാലുദ്ദീൻ അബ്ദുർറഹ്മാൻ ബിൻ അബീ ബക്ർ സുയൂതി, പേജ് 123–124, ദാറുൽകുതുബുൽ അൽഅറബി, ബെയ്റുത്ത് ലബ്നാൻ 1999)

ശദ്ദാദ് ബിൻ ഔസ് നിവേദനം. അദ്ദേഹം പറഞ്ഞു: 'യൗമുദ്ദാർ' ദിവസമാണ് ഹദ്റത്ത് ഉഥ്മാന്റെ ഉപരോധം കഠിനമായത്. യൗമുദ്ദാർ അതായത് കലാപകാരികൾ ഹദ്റത്ത് ഉഥ്മാനെ അദ്ദേഹത്തിന്റെ വീട്ടിൽ തടഞ്ഞുവച്ച് വളരെ നിഷ്ഠൂരമായി ശഹീദാക്കിയദിവസം. ഹദ്റത്ത് ഉഥ്മാൻ(റ) ജനങ്ങളിലേക്കെത്തി നോക്കിയിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ ദാസന്മാരേ! നിവേദകൻ പറയുന്നു: അപ്പോൾ ഹദ്റത്ത് അലി തന്റെവീട്ടിൽ നിന്ന് വരുന്നതാണ് കാണുന്നത്. അദ്ദേഹം നബി(സ)തിരുമേനിയുടെ തലപ്പാവ് ധരിച്ചിരുന്നു. തന്റെ വാൾ തോളിൽ തൂക്കിയിട്ടിരുന്നു. അദ്ദേഹത്തിന് മുന്നിൽ മുഹാജിരീങ്ങളുടേയും അൻസ്വാരിന്റേയും സംഘമുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഹദ്റത്ത് ഹസനും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറുമുണ്ടായിരുന്നു. അദ്ദേഹം കലാപകാരികളുമായി ഏറ്റുമുട്ടി. അവരെ അവിടെനിന്നു തുരത്തി. തുടർന്ന് അവർ ഹദ്റത്ത് ഉഥ്മാന്റെ വീടിനുള്ളിൽ കടന്നു. ഹദ്റത്ത് അലി പറഞ്ഞു: 'യാ അമീറൽ മുഅ്മിനീൻ! അങ്ങയ്ക്ക് സമാധാനമുണ്ടാകട്ടെ. നബി(സ)തിരുമേനിക്ക് ദീനിന്റെ ഉന്നതിയും ശക്തിയും കരസ്ഥമായത് അവിടന്ന് തന്നെ വിശ്വസിക്കുന്നവരേയും കൂട്ടി നിഷേധികളുമായി യുദ്ധം ചെയ്തപ്പോഴാണ്. അല്ലാഹുവാണ! ഇവർ തീർച്ചയായും അങ്ങയെ വധിക്കുമെന്ന് ഞാൻ കാണുന്നു. അതുകൊണ്ട് ഇവരോട് യുദ്ധം ചെയ്യാൻ അങ്ങ് ഞങ്ങൾക്ക് അനുമതി നൽകിയാലും.' അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു: 'അല്ലാഹു സത്യമാണെന്ന് കരുതുന്ന ഓരോ ആൾക്കും എന്നിൽ അവകാശമുണ്ട്. അതിനാൽ ഞാൻ അല്ലാഹുവിനെ മുൻനിറുത്തി പറയട്ടെ, എനിക്കുവേണ്ടി സൂചിമുനയിലെ അത്രപോലും രക്തം ചിന്തരുത്. എനിക്കുവേണ്ടി ആരുടെയും രക്തമൊഴുകരുത്.' ഹദ്റത്ത് അലി(റ) വീണ്ടും അപേക്ഷിച്ചെങ്കിലും ഹദ്റത്ത് ഉഥ്മാൻ(റ) അതേ മറുപടി തന്നെ ആവർത്തിക്കുകയാണുണ്ടായത്. നിവേദകൻ പറയുന്നു, 'ഹദ്റത്ത് അലി(റ), ഹദ്റത്ത് ഉഥ്മാന്റെ വീട്ടിൽ നിന്നിറങ്ങുമ്പോൾ പറയുന്നുണ്ടായിരുന്നു: 'അല്ലാഹുവേ! ഞങ്ങൾ എല്ലാ നിലയ്ക്കും ശ്രമിച്ചുവെന്ന് നിനക്കറിയാം.' തുടർന്ന് അദ്ദേഹം മസ്ജിദ് നബവിയിലെത്തി. നമസ്കാരസമയം ആയിട്ടുണ്ടായിരുന്നു. ജനങ്ങൾ അദ്ദേഹത്തോട് 'അബുൽ ഹസൻ! മുന്നോട്ടുവന്ന് നമസ്കരിച്ചാലും' എന്നു പറഞ്ഞു. ഹദ്റത്ത് അലി(റ)പറഞ്ഞു: 'എനിക്ക് നമസ്കരിക്കാൻ സാധ്യമല്ല. ഇമാം വീട്ടുതടങ്കലിലാണ്. ഞാൻ ഒറ്റയ്ക്ക് നമസ്കരിക്കുന്നതായിരിക്കും.' അങ്ങനെ അദ്ദേഹം തനിച്ചു നമസ്കരിച്ചു തിരിച്ചുപോയി. ഹദ്റത്ത് അലിയുടെ മകൻ വന്നു പറഞ്ഞു: 'പിതാവേ! അല്ലാഹുവാണ! ശത്രുക്കൾ ഹദ്റത്ത് ഉഥ്മാന്റെ വീട് ആക്രമിച്ചിരിക്കുന്നു.' അപ്പോൾ ഹദ്റത്ത് അലി പറഞ്ഞു: 'ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവാണ! അവർ അദ്ദേഹത്തെ വധിക്കുകയും ചെയ്യും.' ജനങ്ങൾ ചോദിച്ചു: 'ശഹാദത്തിനുശേഷം ഹദ്റത്ത് ഉഥ്മാൻ എവിടെയായിരിക്കും?' ഹദ്റത്ത് അലി പറഞ്ഞു: 'അല്ലാഹുവാണ! അദ്ദേഹം സ്വർഗത്തിലായിരിക്കും.' ജനങ്ങൾ ചോദിച്ചു: 'അബുൽഹസൻ! അവർ അതായത് ഘാതകർ എവിടെയായിരിക്കും?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! അവർ അഗ്നിയിലായിരിക്കും.' അദ്ദേഹം മൂന്നുതവണ ഇത് പറയുകയുണ്ടായി.(രിയാളുന്നളറഹു ഫീ മനാഖിബുൽ അശ്റിഹീ, വാള്യം 3, പേജ് 68–69, അൽബാബുഥ്ഥാലിഥ്: ഫീ മനാഖിബി അമീറൽ മുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ദാറുൽകുതുബുൽ ഇൽമിയ്യ 1984)

കലാപകാരികൾ മദീനയെ ഉപരോധിച്ചത് സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'മിസ്റുകാർ ഹദ്റത്ത് അലിയുടെ അടുക്കലെത്തി. അദ്ദേഹം ആ സമയത്ത് മദീനക്ക് പുറത്ത് സൈന്യത്തെ നയിക്കുകയായിരുന്നു. അവരുടെ തല ചതച്ചരയ്ക്കാൻ തയ്യാറായി നിൽക്കുകയാണ്. അവർ പറഞ്ഞു: 'ഹദ്റത്ത് ഉഥ്മാൻ, ശരിയായി ഭരണനിർവഹണം നടത്താത്തതിനാൽ ഖിലാഫത്തിന് അർഹനല്ലാതായിരിക്കുന്നു. ഞങ്ങൾ അദ്ദേഹത്തെ പുറത്താക്കാൻവേണ്ടി വന്നതാണ്. താങ്കൾ അതിനുശേഷം ഈ പദവി ഏറ്റെടുക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.' അദ്ദേഹം അവരുടെ ഈ വർത്തമാനം കേട്ടപ്പോൾ തന്റെ ദീനിനോടുള്ള ആവേശത്താൽ അതായത് ഹദ്റത്ത് അലി, മുനാഫിഖീങ്ങളുടെ കാര്യം കേട്ടപ്പോൾ ദീനി ആവേശത്താൽ, അത് അദ്ദേഹത്തിന്റെ സ്ഥാനത്ത് ഉള്ളവർക്ക് മാത്രമുള്ളതാകുന്നു, അവരെ ആട്ടിവിടുകയും വളരെ പരുഷമായി പെരുമാറുകയും ചെയ്തു. നബി(സ)തിരുമേനി പ്രവചനമെന്നോണം ദുൽമർവയിലും ദൂഖുശ്ബിലും താവളമടിക്കുന്ന സൈന്യത്തെ പരാമർശിച്ചുകൊണ്ട് അവർക്കുമേൽ ശാപം ചൊരിഞ്ഞിരിക്കുന്നു. അതിനാൽ അല്ലാഹു നിങ്ങളെ നശിപ്പിക്കട്ടെ. വേഗംതിരിച്ചു പോകുവിൻ! അപ്പോൾ അവർ പറഞ്ഞു: 'വളരെ നല്ലത്. ഞങ്ങൾ തിരിച്ചു പോകുകയാണ്. ഇത്രയും പറഞ്ഞു അവർ തിരിച്ചുപോയി.'(ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്, അൻവാറുൽഉലൂം വാള്യം 4, പേജ് 299)

ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തും അതിനുശേഷം ഹദ്റത്ത് അലിയുടെ ഖിലാഫത്തിന്റെ ബയ്അത്തും സംബന്ധിച്ച് മുമ്പേയും എവിടെയോ ഒരിക്കൽ ചുരുക്കി വിവരിച്ചിരുന്നു. ഇപ്പോൾ ഇവിടെയും ഹ്രസ്വമായി ഈ സംഭവം പറയാം: ഹദ്റത്ത് ഉഥ്മാൻ(റ) ശഹീദായപ്പോൾ എല്ലാ ആളുകളും ഹദ്റത്ത് അലിയുടെ അടുക്കൽ ഓടിക്കൂടി. അതിൽ സ്വഹാബാക്കളും മറ്റു ആളുകളുമുണ്ടായിരുന്നു. എല്ലാവരും അമീറുൽമുഅ്മിനീൻ അലിയാണെന്ന് പറയുന്നുണ്ടായിരുന്നു. അവർ അദ്ദേഹത്തിന്റെ വീട്ടിലെത്തി പറഞ്ഞു: 'ഞങ്ങൾ അങ്ങയ്ക്ക് ബയ്അത്ത് ചെയ്യാം. അങ്ങ് കൈ നീട്ടിയാലും. കാരണം അങ്ങാണ് ഇതിന് ഏറ്റവും അർഹൻ. അപ്പോൾ ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഇത് നിങ്ങളുടെ ജോലിയല്ല. മറിച്ച് ബദ്രി സ്വഹാബാക്കളാണ് ചെയ്യേണ്ടത്. അതിനാൽ ബദ്രി സ്വഹാബാക്കൾ തൃപ്തിപ്പെടുന്ന ആൾ ഖലീഫയാകുന്നതായിരിക്കും.' അപ്പോൾ എല്ലാ

വരും ഹദ്റത്ത് അലിയുടെ സവിധത്തിലെത്തി പറഞ്ഞു: 'ഞങ്ങൾ മറ്റാരേയും ഇതിന് അനുയോജ്യനായി കാണുന്നില്ല. അതിനാൽ കൈ നീട്ടിയാലും, ഞങ്ങൾ അങ്ങയ്ക്ക് ബയ്അത്ത് ചെയ്യുന്നതാണ്.' അദ്ദേഹം പറഞ്ഞു: 'ത്വൽഹയും സുബയ്റും എവിടെ?' തുടർന്ന് പന്നീട് ഏറ്റവുമാദ്യം ഹദ്റത്ത് ത്വൽഹ(റ) വാക്കാൽ അദ്ദേഹത്തിന് ബയ്അത്ത് ചെയ്തു. ഏറ്റവുമാദ്യം ഹദ്റത്ത് സഅ്ദാണ് അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്തത്. പിന്നീട് ഹദ്റത്ത് അലി ഇതു കണ്ടപ്പോൾ മസ്ജിദിലേക്ക് പുറപ്പെട്ടു. മിമ്പറിൽ കയറി. ഹദ്റത്ത് അലിയുടെ അടുത്തേക്ക് ഏറ്റവുമാദ്യം മിമ്പറിൽ കയറിയ വ്യക്തി ഹദ്റത്ത് ത്വൽഹയായിരുന്നു. തുടർന്ന് ഹദ്റത്ത് സുബയ്ർ ബയ്അത്ത് ചെയ്തു. ശേഷം മറ്റു സ്വഹാബാക്കളും ബയ്അത്ത് ചെയ്തു.'(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാള്യം 4, പേജ് 107, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2008)

ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിനുശേഷമുള്ള സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് ഉഥ്മാൻ ശഹീദാക്കപ്പെട്ടപ്പോൾ കലാപകാരികൾ ബയ്തുൽമാൽ കൊള്ളയടിക്കുകയും എതിർക്കുന്നവർ കൊല്ലപ്പെടുമെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. ജനങ്ങളെ ഒരുമിച്ചു കൂടാൻ അനുവദിച്ചിരുന്നില്ല; ഇന്ന് 144 പ്രഖ്യാപിക്കുന്നതുപോലെയുള്ള പ്രഖ്യാപനമായിരുന്നു അത്. മദീനയെ അവർ ശക്തമായി ഉപരോധിച്ചു. ആരേയും പുറത്തേക്ക് പോകാൻ അനുവദിച്ചില്ല; കർഫ്യൂ പ്രഖ്യാപിച്ചതുപോലുള്ള അവസ്ഥയായിരുന്നു. ഹദ്റത്ത് അലിയെ സ്നേഹിക്കുന്നുവെന്ന് പ്രഖ്യാപിച്ചിരുന്നവർതന്നെ അദ്ദേഹത്തേയും തടഞ്ഞു. മദീന മുച്ചൂടും കൊള്ളയടിക്കപ്പെട്ടു. മറുഭാഗത്ത് തങ്ങളുടേത് വൃത്തികെട്ട മനസാണെന്ന് തെളിയിച്ചുകൊണ്ട് ഹദ്റത്ത് ഉഥ്മാൻ എന്ന പരിശുദ്ധ വ്യക്തിയെ, – അദ്ദേഹത്തെ നബി(സ)തിരുമേനി സ്തുതിച്ചു പറഞ്ഞിട്ടുള്ളതാണ് – വധിച്ച ശേഷവും മതിയാക്കിയില്ല. മൂന്നുനാല് ദിവസം വരെ മൃതദേഹം ഖബറടക്കാൻ സമ്മതിച്ചില്ല. അവസാനം ഏതാനും സ്വഹാബാക്കൾ ചേർന്ന് രഹസ്യമായി ഖബ്റടക്കുകയാണുണ്ടായത്. ഹദ്റത്ത് ഉഥ്മാനോടൊപ്പം ഏതാനും അടിമകളും ശഹീദാക്കപ്പെട്ടിരുന്നു. അവരുടെ മൃതശരീരങ്ങൾ ഖബ്റടക്കാൻ കലാപകാരികൾ സമ്മതിച്ചില്ല. അവരെ നായ്ക്കൾക്ക് മുന്നിലേക്ക് ഇട്ടുകൊടുത്തു. ഹദ്റത്ത് ഉഥ്മാനോടും അദ്ദേഹത്തിന്റെ സേവകന്മാരോടുമുള്ള ഈ പെരുമാറ്റത്തിനുശേഷം കലാപകാരികൾ മദീനക്കാരെ –അവരുമായി ഇവർക്ക് ഒരുവിധ ശത്രുതയും ഇല്ലായിരുന്നു– വിട്ടയച്ചു. സ്വഹാബാക്കൾ അവിടെനിന്നു ഓടിപ്പോകാൻ തുടങ്ങി. അഞ്ചുദിവസം ഇങ്ങനെ തന്നെ കടന്നുപോയി. മദീനക്ക് ഒരു ഭരണാധികാരിയുമില്ലായിരുന്നു. കലാപകാരികൾ ആരെയെങ്കിലും സ്വയം ഖലീഫയാക്കാമെന്ന പരിശ്രമത്തിലായിരുന്നു. എങ്ങനെയായാലും അത് ചെയ്യണമെന്ന് കരുതി. എന്നാൽ, സ്വഹാബാക്കൾ, ഹദ്റത്ത് ഉഥ്മാനെ വധിച്ചവർ ഖലീഫയാകുന്നത് സഹിച്ചിരുന്നില്ല. കലാപകാരികൾ ഊഴമിട്ടുപോയി ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ എന്നിവരുടെ അടുക്കലെത്തി ഖലീഫയാകാൻ അഭ്യർഥിച്ചു. പക്ഷേ, അവർ നിരാകരിക്കുകയാണുണ്ടായത്. അവർ നിഷേധിച്ചപ്പോൾ മുസ്ലിമീങ്ങൾക്ക് അവരുടെ സാന്നിധ്യത്തിൽ മറ്റാരേയും ഖലീഫയാക്കാൻ സാധിക്കുമായിരുന്നില്ല. അപ്പോൾ കലാപകാരികൾ അവരെ സംബന്ധിച്ചും ബലാൽക്കാരത്തോടെ പ്രവൃത്തിക്കാൻ തുടങ്ങി. കാരണം ആരും ഖലീഫയായില്ലെങ്കിൽ മുഴുവൻ ഇസ്ലാമികലോകത്തും തങ്ങൾക്കെതിരെ ശക്തമായ കൊടുങ്കാറ്റുണ്ടാകുമെന്ന് അവർ വിചാരിച്ചു. അവർ ഇങ്ങനെ വിളംബരപ്പെടുത്തി: 'രണ്ട് ദിവസത്തിനുള്ളിൽ ഖലീഫയെ തീരുമാനിച്ചാൽ നല്ലത്. അല്ലെങ്കിൽ ഞങ്ങൾ അലി, ത്വൽഹ, സുബയ്ർ മുതലായ സകല വലിയ ആളുകളേയും വധിക്കുന്നതായിരിക്കും.' ഇവർ ഹദ്റത്ത് ഉഥ്മാനെ വധിച്ചിരിക്കെ, നമ്മളോടും നമ്മുടെ ഭാര്യാമക്കളോടും എന്തെല്ലാംചെയ്യില്ല എന്ന ആശങ്ക പരക്കാൻ തുടങ്ങി. അവർ ഹദ്റത്ത് അലിയുടെ അടുക്കലെത്തി അദ്ദേഹത്തോടു ഖലീഫയാകാൻ പറഞ്ഞു. എന്നാൽ, അദ്ദേഹം അത് നിരാകരിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ ഖലീഫ ആയാൽ ഞാനാണ് ഉഥ്മാനെ കൊലചെയ്യിച്ചതെന്ന് എല്ലാവരും പറയാൻ തുടങ്ങും. ഈ ഭാരം എന്നിൽ നിന്ന് അകലുന്നതുമല്ല.' ഇതുതന്നെയാണ് ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും പറഞ്ഞത്. സ്വഹാബാക്കൾ ഖലീഫയാകണമെന്ന് പറഞ്ഞവരെല്ലാം നിഷേധിക്കുകയാണ് ചെയ്തത്. അവസാനം എല്ലാവരും ഹദ്റത്ത് അലിയുടെ അടുക്കലെത്തി പറഞ്ഞു: 'എന്തുതന്നെയായാലും അങ്ങ് ഈ ഭാരം ഏറ്റെടുത്താലും.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'എല്ലാവരും മസ്ജിദിൽ ഒത്തുകൂടി എന്നെ അംഗീകരിക്കുന്നുവെങ്കിൽ ഞാൻ ഇത് ഏറ്റെടുക്കാം.' അങ്ങനെ അവർ ഒരുമിച്ചുകൂടി അദ്ദേഹത്തെ അംഗീകരിച്ചെങ്കിലും ചിലർ എതിർത്തുകൊണ്ട് പറഞ്ഞു: 'ഹദ്റത്ത് ഉഥ്മാന്റെ ഘാതകരെ ശിക്ഷിക്കുന്നതുവരെ ഞങ്ങൾ ഒരു ഖലീഫയേയും അംഗീകരിക്കുന്നതല്ല.' ചിലർ പറഞ്ഞു: 'പുറത്തുള്ളവരുടെ അഭിപ്രായം അറിയുന്നതുവരെ ആരും ഖലീഫയാകരുത്. എന്നാൽ, ഇത്തരം ആളുകളുടെ എണ്ണം കുറവായിരുന്നു. അങ്ങനെ ഹദ്റത്ത് അലി(റ) ഖലീഫയാകാൻ സമ്മതിച്ചു. എന്നാൽ, അദ്ദേഹം ആശങ്കപ്പെട്ടതുതന്നെ സംഭവിച്ചു. മുഴുവൻ മുസ്ലിംലോകവും അലിയാണ് ഉഥ്മാനെ കൊലചെയ്യിച്ചതെന്ന് പറയാൻ തുടങ്ങി. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് അലിയുടെ മറ്റെല്ലാ നന്മകളേയും അവഗണിച്ചാലും ഇത്തരം ഭയാനകമായ അവസ്ഥയിൽ ഖിലാഫത്ത് പദവി സ്വീകരിച്ചത് വളരെ ധൈര്യവും തന്റേടവുമുള്ള കാര്യമാകുന്നു. തന്റെ അന്തസ്സിനും വ്യക്തിത്വത്തിനും ഇസ്ലാമിന് മുന്നിൽ ഒരു പരിഗണനയും നൽകാതെ ഇത്രയും വലിയ ഭാരം ഏറ്റെടുത്തത് തീർച്ചയായും വളരെയേറെ സ്തുത്യർഹമായ കാര്യം തന്നെയാണ്.'(വാഖിആത്തെ ഖിലാഫത്തെ അലവി, അൻവാറുൽ ഉലൂം, വാള്യം 4, പേജ് 635–637)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിനെ തുടർന്നുള്ള സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു: 'ഒന്നു രണ്ടു ദിവസം കൊള്ളയടിക്കുന്നത് സജീവമായിരുന്നു. എന്നാൽ, ആവേശം തണുത്തപ്പോൾ കലാപകാരികൾ തങ്ങളുടെ പര്യവസാനത്തെ പറ്റി ആശങ്കപ്പെടാനും ഇനിയെന്താകുമെന്ന കാര്യത്തിൽ ഭയപ്പെടാനും തുടങ്ങി. ഹദ്റത്ത് മുആവിയ ശക്തനാണെന്നും അദ്ദേഹം തീർച്ചയായും ഇതിന് പകരംചോദിക്കുമെന്നും കരുതി ചിലയാളുകൾ ഈജിപ്തിലേക്ക് പോയി. അവിടെയെത്തി ഹദ്റത്ത് ഉഥ്മാൻ ശഹീദായെന്ന് വിലപിക്കാനും ആരെങ്കിലും അതിനുപകരം ചോദിക്കണമെന്ന് പറയാനും തുടങ്ങി. ചിലർ വഴിയിൽ ഹദ്റത്ത് സുബയ്റിനേയും ഹദ്റത്ത് ആഇശയേയും കണ്ടു പറഞ്ഞു: 'ഇസ്ലാമിന്റെ ഖലീഫ വധിക്കപ്പെടുകയും മുസ്ലിമീങ്ങൾ നിശബ്ദരായിരിക്കുകയും ചെയ്യുന്നത് എത്രമാത്രം അക്രമമാണ്, അനീതിയാണ്.' ചിലയാളുകൾ ഹദ്റത്ത് അലിയുടെ അടുക്കൽ ഓടിയെത്തി പറഞ്ഞു: 'ഇപ്പോൾ പ്രയാസത്തിന്റെ സമയമാണ്. ഇസ്ലാമിക സാമ്രാജ്യം തകരുമെന്ന ആശങ്കയുണ്ട്. ആയതിനാൽ അങ്ങ് ബയ്അത്ത് സ്വീകരിക്കണം. അങ്ങനെ ജനങ്ങളുടെ ഭയംമാറി സമാധാനം നിലനിൽക്കുമാറാകണം.' മദീനയിലുള്ള സ്വഹാബാക്കളും ഐകകണ്ഠ്യേന ഇതേ അഭിപ്രായംതന്നെ പ്രകടിപ്പിച്ചു. അതായത് ഈ സമയത്ത് അങ്ങ് ഈ ഭാരം ഏറ്റെടുക്കുന്നത് പുണ്യവും ദൈവതൃപ്തിക്ക് നിദാനവുമായിരിക്കുമെന്ന്. അങ്ങനെ നാലുപാടുനിന്നും അദ്ദേഹത്തെ നിർബന്ധിച്ചപ്പോൾ, അദ്ദേഹം പലതവണ നിരാകരിച്ചതാണെങ്കിലും നിർബന്ധിതാവസ്ഥയിൽ അതേറ്റെടുക്കുകയും ബയ്അത്ത് സ്വീകരിക്കുകയും ചെയ്തു. ഹദ്റത്ത് അലിയുടെ ഈ പ്രവൃത്തി വളരെ യുക്തിഭദ്രമായിരുന്നുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അദ്ദേഹം അന്ന് ബയ്അത്ത് സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹവും ഹദ്റത്ത് മുആവിയായും തമ്മിലുള്ള യുദ്ധത്തിൽ ഉണ്ടായ നഷ്ടത്തേക്കാൾ വലിയ നഷ്ടം ഇസ്ലാമിന് സംഭവിക്കുമായിരുന്നു.' (അൻവാറെ ഖിലാഫത്ത്, അൻവാറുൽഉലൂം വാള്യം 3, പേജ് 197–198)

ഇതാണ് ഇതിൽ നിന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എടുത്ത ഫലം. പിന്നീട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഓർക്കുക! ഹദ്റത്ത് ത്വൽഹയേയും ഹദ്റത്ത് സുബയ്റിനേയും സംബന്ധിച്ച് അവർ ഹദ്റത്ത് അലിയുമായി ചെയ്ത ബയ്അത്ത് ലംഘിച്ചുകൊണ്ട് തെറ്റായ മാതൃകയാണ് കാണിച്ചതെന്ന് പറയപ്പെടുന്നു. അവർ സമാധാനത്തോടെ ബയ്അത്ത് ചെയ്തുവെന്ന് പറയുന്നുണ്ട്. എന്നാൽ, അത് അത്ര സമാധാനത്തിലല്ലായിരുന്നു. ഇതിന്റെ വിശദീകരണം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇങ്ങനെ വിവരിക്കുന്നു: അതായത് അവർ ബയ്അത്ത് ഒഴിവാക്കി ഹദ്റത്ത് ആഇശയോടൊപ്പം കൂടിയെന്നും അദ്ദേഹത്തിനെതിരിൽ യുദ്ധം ചെയ്തുവെന്നും പറയുന്നതിനെ പറ്റി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഈ തെറ്റായ ഉദാഹരണവും ചരിത്രത്തിൽ അവഗാഹമില്ലാത്തതിന് തെളിവാകുന്നു. അങ്ങനെയല്ല സംഭവിച്ചത്. ചരിത്രങ്ങളെല്ലാം ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് അലിയെ ബയ്അത്ത് ചെയ്തത് സന്തോഷപൂർവ്വം അല്ലായിരുന്നുവെന്നും നിർബന്ധപൂർവ്വമായിരുന്നുവെന്നുമുള്ള കാര്യത്തിൽ ഒരേ അഭിപ്രായമുള്ളവരാണ്. മുഹമ്മദ്, ത്വൽഹ എന്നീ രണ്ട് നിവേദകരിൽനിന്ന് ത്വബ്രി ഉദ്ധരിക്കുന്ന നിവേ

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു: 'മുസ്ലിം വനിതകളേ! നിങ്ങളിൽ ഒരു അയൽവാസിനിയും തന്റെ അയൽവാസിനിയെ അവൾ നല്കുന്ന സമ്മാനത്തിന്റെ പേരിൽ നിസ്സാരമാക്കരുത്. അത് ഒരു ആടിന്റെ കുളമ്പാണെങ്കിൽപ്പോലും.'(മുസ്ലിം, ഹദീഥ് 541)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ഹുദയ്ഫ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:**
**' കുല്ലു മഅ്റൂഫുൻ സ്വദഖത്തുൻ**
**എല്ലാ നന്മയും സ്വദഖയാകുന്നു.'**
**(മുസ്ലിം, ഹദീഥ് 544)**

ത്വാലിബെ ദുആ:
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala

ദനത്തിൽ പറയുന്നു: 'ഹദ്റത്ത് ഉഥ്മാൻ ശഹീദായപ്പോൾ, ജനങ്ങൾ പരസ്പരം കൂടിയാലോചിച്ച് ആരെയെങ്കിലും ഖലീഫയാക്കണമെന്നും അങ്ങനെ സമാധാനം നിലനിൽക്കുകയും കുഴപ്പങ്ങൾ ഇല്ലാതാകുകയും ചെയ്യണമെന്നും ആഗ്രഹിച്ചു. അവസാനം ജനങ്ങൾ ഹദ്റത്ത് അലിയുടെ അടുക്കൽപോയി പറഞ്ഞു: 'അങ്ങ് ഞങ്ങളുടെ ബയ്അത്ത് സ്വീകരിച്ചാലും.' ഹദ്റത്ത് അലി പറഞ്ഞു: 'നിങ്ങൾ എനിക്ക് ബയ്അത്ത് ചെയ്യുകയാണെങ്കിൽ നിങ്ങൾക്കെപ്പോഴും എന്നെ അനുസരിക്കേണ്ടി വരുന്നതാണ്. ഈ കാര്യം സ്വീകാര്യമാണെങ്കിൽ ഞാൻ ബയ്അത്ത് സ്വീകരിക്കാൻ തയ്യാറാണ്. അല്ലെങ്കിൽ നിങ്ങൾ മറ്റാരെയെങ്കിലും ഖലീഫയാക്കുക. ഞാൻ അദ്ദേഹത്തെ പൂർണമായും അനുസരിക്കുന്നതായിരിക്കും. ആര് ഖലീഫയായാലും ഞാൻ നിങ്ങളെക്കാളധികം അദ്ദേഹത്തെ അനുസരിക്കുന്നതാണ്.' അവർ പറഞ്ഞു: 'ഞങ്ങൾ താങ്കളെ അനുസരിക്കാൻ തയ്യാറാണ്.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'എങ്കിൽ നല്ലപോലെ ചിന്തിച്ച് പരസ്പരം കൂടിയാലോചന നടത്തുവിൻ! അങ്ങനെ അവർ കൂടിയാലോചനക്കുശേഷം ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യണമെന്നും അങ്ങനെയായാൽ എല്ലാവരും ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യുമെന്നും അല്ലാത്തപക്ഷം ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യുകയില്ലെന്നും അതുവരെ പൂർണമായ സമാധാനം സാധ്യമല്ലെന്നും തീരുമാനമായി. തുടർന്ന് ഹക്കീം ബിൻ ജബ്‌ലയെ കുറച്ചു പേരെയുംകൂട്ടി ഹദ്റത്ത് സുബയ്റിന്റെ അടുക്കലേക്കും മാലിക്ക് അശ്തറിനെ കുറച്ച് ആളുകളോടൊപ്പം ത്വൽഹയുടെ അടുത്തേക്കും പറഞ്ഞയച്ചു. അവർ വാൾമുനയിൽ നിറുത്തി അവരെ ബയ്അത്ത് ചെയ്യാൻ നിർബന്ധിച്ചു. അതായത് അവർ വാളുമായി മുന്നിൽ നിന്നിട്ട് പറഞ്ഞു: 'ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യുമെങ്കിൽ ചെയ്യുക. അല്ലെങ്കിൽ ഞങ്ങൾ നിങ്ങളെ വധിക്കുന്നതാണ്.' അങ്ങനെ അവർ നിർബന്ധിതാവസ്ഥയിൽ സമ്മതമറിയിച്ചു. അവർ തിരിച്ചെത്തി. അടുത്ത ദിവസം ഹദ്റത്ത് അലി(റ) മിമ്പറിൽ കയറി പറഞ്ഞു: 'ജനങ്ങളേ! ഞാൻ ഇന്നലെ നിങ്ങൾക്ക് ഒരു സന്ദേശം നൽകിയിരുന്നു. നിങ്ങൾ ആലോചിച്ചു പറയണമെന്ന് ആവശ്യപ്പെട്ടിരുന്നു. നിങ്ങൾ അതേപ്പറ്റി ചിന്തിച്ചിരുന്നുവോ? ഞാൻ ഇന്നലെ പറഞ്ഞത് എന്താക്കി? നിങ്ങൾ അതിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ അറിയുക, നിങ്ങൾക്ക് എന്നെ പൂർണ്ണമായും അനുസരിക്കേണ്ടതായിവരും. അങ്ങനെ അവർ ഹദ്റത്ത് ത്വൽഹയുടേയും ഹദ്റത്ത് സുബയ്റിന്റേയും അടുക്കൽപോയി അവരെ നിർബന്ധപൂർവ്വം വലിച്ചുകൊണ്ടുവന്നു.' നിവേദനങ്ങളിൽ വ്യക്തമായും ഇങ്ങനെ എഴുതിയിരിക്കുന്നു : 'അവർ ഹദ്റത്ത് ത്വൽഹയുടെ അടുക്കലെത്തി ബയ്അത്തിന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: *ഇന്നീ ഇന്നമാ ഉബായിഉ കർഹാ* 'നോക്കൂ! ഞാൻ നിർബന്ധപൂർവ്വം ബയ്അത്ത് ചെയ്യുകയാണ്. സന്തോഷത്തോടെയല്ല ബയ്അത്ത് ചെയ്യുന്നത്.' അതുപോലെ ഹദ്റത്ത് സുബയ്റിന്റെ അടുക്കലെത്തി അദ്ദേഹത്തോട് ബയ്അത്ത് ചെയ്യാൻ പറഞ്ഞപ്പോൾ അദ്ദേഹവും ഇതേപോലെതന്നെ മറുപടി നൽകി. അതായത് *ഇന്നീ ഇന്നമാ ഉബായിഉ കർഹാ* നിങ്ങൾ എന്നെ നിർബന്ധിച്ച് ബയ്അത്ത് ചെയ്യിക്കുന്നു. ഹൃദയപൂർവമല്ല ഞാൻ ബയ്അത്ത്ചെയ്യുന്നത്. ഇപ്രകാരം അബ്ദുർറഹ്മാൻ ബിൻ ജുൻദുബ് തന്റെ പിതാവിൽനിന്ന് നിവേദനം. 'ഹദ്റത്ത് ഉഥ്മാന്റെ വധത്തിനുശേഷം അശ്തർ, ത്വൽഹയുടെ അടുക്കൽപോയി ബയ്അത്ത് ചെയ്യാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'എനിക്ക് സാവകാശം തരൂ! ജനങ്ങൾ എന്താണ് തീരുമാനിക്കുന്നതെന്ന് നോക്കട്ടെ.' എന്നാൽ, അദ്ദേഹത്തെ അവർ വിട്ടില്ല. *ജാആ ബിഹീ യത്തുല്ലുഹൂ തല്ലൻ അനീഫാ* അതായത് അദ്ദേഹത്തെ വളരെ ശക്തമായി മണ്ണിലൂടെ വലിച്ചിഴച്ചുകൊണ്ടുവന്നു. ആടുകളെ വലിച്ചുകൊണ്ടു വരുന്നതുപോ ലെ.' (ഖുത്ബാത്തെ മഹ്മൂദ് വാള്യം 18, പേജ് 300–302)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'നബി(സ)തിരുമേനയുടെ ഒരു സ്വഹാബി, ഹദ്റത്ത് ത്വൽഹ ഒരു വഴക്കിനെ തുടർന്ന് അലിയെ നേരിടാൻ തയ്യാറായി. പക്ഷേ, അതിൽ തന്റേതു തന്നെയാണ് തെറ്റെന്ന് മനസിലായപ്പോൾ അദ്ദേഹം യുദ്ധമൈതാനത്ത് നിന്ന് തിരിച്ചുപോയി. ഈ കഥ ഇവിടെയാണ് തുടങ്ങുന്നത്. ഹദ്റത്ത് ത്വൽഹ യുദ്ധത്തിന് തയ്യാറായി. ബയ്അത്ത് ചെയ്തിട്ടുണ്ടായിരുന്നില്ല. അതിന്റെ വിശദീകരണവും അദ്ദേഹം നൽകുന്നുണ്ട്. എതിർക്കാൻ വന്നെങ്കിലും ആദ്യം നിർബന്ധിതനായി ബയ്അത്തും ചെയ്തിരുന്നു. പിന്നീട് യുദ്ധത്തിനും വന്നു. ബയ്അത്ത് നിർബന്ധപൂർവ്വം വാങ്ങിയതാണ്. പിന്നീട് അവസരം കിട്ടിയപ്പോൾ എതിർപ്പുമുണ്ടായി. യുദ്ധവുമുണ്ടായി. എന്നാൽ, കാര്യം അദ്ദേഹത്തിന് ബോധ്യമായപ്പോൾ, ഹദ്റത്ത് അലിയാണ് ശരിയെന്ന് അറിഞ്ഞപ്പോൾ യുദ്ധ മൈതാനത്തുനിന്ന് തിരിച്ചു പോയി. ഇതു സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'അദ്ദേഹം തിരിച്ചു വീട്ടിൽ പോകുകയായിരുന്നു. അപ്പോൾ അലിയുടെ സൈന്യത്തിൽപെട്ട ഒരു കാട്ടറബിയാണെന്ന് പറയപ്പെടുന്നു, അദ്ദേഹത്തെ വധിക്കുകയുണ്ടായി. തുടർന്ന് ഹദ്റത്ത് അലിയുടെ അടുക്കലെത്തി, സമ്മാനപ്രതീക്ഷയിൽ പറഞ്ഞു: അങ്ങയ്ക്കു സന്തോഷമായിരിക്കട്ടെ. അങ്ങയുടെ ശത്രു ത്വൽഹ എന്റെ കൈകളാൽ കൊല ചെയ്യപ്പെട്ടിരിക്കുന്നു.' ഹദ്റത്ത് അലി പറഞ്ഞു: 'ഞാൻ നിനക്ക് നബി(സ)തിരുമേനിയുടെ പക്കൽനിന്ന് ഇന്ന് നരകത്തെ സംബന്ധിച്ചാണ് സുവാർത്ത നൽകുന്നത്. കാരണം നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: 'ത്വൽഹ ഒരു നരകാവകാശിയുടെ കൈകളാൽ വധിക്കപ്പെടുന്നതായിരിക്കും.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 26, പേജ് 385)

തുടർന്ന് ഇതേ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹാകിം നിവേദനം. ഥൗർ ബിൻ മജ്സി എന്നോട് പറഞ്ഞു: ജമൽ യുദ്ധാവസരത്തിൽ ഞാൻ ഹദ്റത്ത് ത്വൽഹയുടെ സമീപത്തുകൂടിപോയി. അപ്പോൾ അദ്ദേഹം മരണാസന്നനായിരുന്നു. അദ്ദേഹത്തെ പരിക്കുകളേൽപ്പിച്ചപ്പോൾ അദ്ദേഹം മരണാസന്നനായി. അദ്ദേഹം എന്നോടു ചോദിച്ചു: 'നീ ഏതു വിഭാഗക്കാരനാണ്?' ഞാൻ പറഞ്ഞു: 'ഞാൻ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അലിയുടെ പക്ഷക്കാരനാകുന്നു.' അപ്പോൾ പറഞ്ഞു: 'നല്ലത്, കൈ നീട്ടൂ! ഞാൻ ബയ്അത്ത് ചെയ്യട്ടെ!' അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്യുകയും അദ്ദേഹം ശരിയാണെന്ന് അംഗീകരിക്കുകയും ചെയ്തു. ഞാൻ വന്ന് ഹദ്റത്ത് അലിയോട് എല്ലാ കാര്യങ്ങളും പറഞ്ഞു. അതുകേട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹു അക്ബർ, അല്ലാഹുവിന്റെ റസൂലിന്റെ വാക്കുകൾ എത്രമാത്രം സത്യമായി പുലർന്നിരിക്കുന്നു. ത്വൽഹ എന്റെ ബയ്അത്ത് കൂടാതെ സ്വർഗത്തിൽ പ്രവേശിക്കരുതെന്നാണ് അല്ലാഹു ആഗ്രഹിച്ചത്.'(അദ്ദേഹം അശ്റമുബശ്ശറ (സ്വർഗീയസുവാർത്ത ലഭിച്ച) പത്തുപേരിൽ ഉൾപ്പെടുന്നു.(അൽഖൗലുൽഫസ്വൽ, അൻവാറുൽഉലൂം വാള്യം 2, പേജ് 318–319)

ആദ്യം നിർബന്ധിതനായാണ് ബയ്അത്ത് ചെയ്തത്. അതേപ്പറ്റി ഞാൻ പറഞ്ഞിരുന്നു. എന്നാൽ, പിന്നീട് പൂർണ്ണമായും തുറന്ന മനസോടെ ബയ്അത്ത് ചെയ്തു. നന്മയും സൗഭാഗ്യവുമുണ്ടായിരുന്നു. അല്ലാഹു സ്വർഗത്തിൽ കൊണ്ടുപോകാമെന്ന് വാഗ്ദാനവും ചെയ്തിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ പര്യവസാനം ബയ്അത്തിൽനിന്നു പുറത്തുപോയ അക്രമത്തിലാകരുതെന്ന് അല്ലാഹു ആഗ്രഹിച്ചു. ആ സമയത്താണ് അവസരം കിട്ടിയത്. അപ്പോൾ ബയ്അത്ത് ചെയ്യുകയുണ്ടായി. ഈ സംഭവങ്ങൾ (വിവരിക്കുന്നത്)ഇനിയും തുടരുന്നതായിരിക്കും.

ഇന്ന് വീണ്ടും ഞാൻ അൽജീരിയായിലെ അഹ്മദികൾക്ക് വേണ്ടിയും പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആക്ക് ആഹ്വാനം ചെയ്യാൻ ആഗ്രഹിക്കുന്നു. അല്ലാഹു അവരെ സംരക്ഷിക്കുമാറാകട്ടെ. അൽജീരിയായിലും അവസ്ഥകൾ കഠോരമായിക്കൊണ്ടിരിക്കുന്നു. അവിടെയുള്ള ഒരു സർക്കാർവക്കീൽ അഹ്മദികൾക്കുമേൽ കൂടെക്കൂടെ കേസുണ്ടാക്കി കൊണ്ടിരിക്കുകയാണ്. പാക്കിസ്താനിലും അഹ്മദികളെ പ്രയാസങ്ങളിൽപെടുത്തുകയാണ്. അല്ലാഹു പ്രയാസങ്ങൾ ഉണ്ടാക്കുകയും ഏതെങ്കിലും വിധത്തിൽ ശത്രുത കാണിക്കുകയും ചെയ്യുന്നവരെ ഗുണപാഠദായകമായ വിധത്തിൽ ശിക്ഷിക്കുകയും എത്രയുംവേഗം അഹ്മദികളുടെ അവസ്ഥകൾ നന്നാക്കുകയും അവരുടെ പ്രയാസങ്ങൾ എളുപ്പമാക്കുകയും ചെയ്യുമാറാകട്ടെ. അതോടൊപ്പം ഞാൻ പാക്കിസ്താനിലെ അഹ്മദികളോടു പ്രത്യേകമായ നിലയിൽ പറയുകയാണ്, ദുആകളിലേക്ക് എപ്രകാരം ശ്രദ്ധ ആവശ്യമുണ്ടോ അപ്രകാരം ശ്രദ്ധയുടെ അവബോധം ഇപ്പോഴും ഉണ്ടാകുന്നില്ല. അതിനാൽ ആദ്യത്തേതിനെക്കാളധികം, വളരെയധികം ദുആകളിലേക്ക് ശ്രദ്ധിക്കുക. അല്ലാഹു നമ്മെ എത്രയുംവേഗം ഈ ബുദ്ധിമുട്ടുകളിൽനിന്ന് പുറത്തുകൊണ്ടുവരുമാറാകട്ടെ. എളുപ്പങ്ങൾ ഉണ്ടാക്കുമാറാകട്ടെ. യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം സ്വാതന്ത്ര്യത്തോടുകൂടി പാക്കിസ്താനിലും ലോകത്തിലെ എല്ലാ കോണുകളിലും എത്തിക്കുന്നവരാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാൻ ഏതാനും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണ്. ആദ്യത്തെ ജനാസ റബ്‌വയിലെ ഡോക്ടർ ത്വാഹിർ അഹ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം ചൗദ്ദരി അബ്ദുർറസാഖ് സാഹിബ് ശഹീദിന്റെ മകനാകുന്നു. ഇദ്ദേഹം നവാബ് ശാഹ് ജില്ലയുടെ മുൻ അമീറായിരുന്നു. ഡിസംബർ 4 ന് 60–ാമത്തെ വയസ്സിൽ ഹൃദയസ്തംഭനം മൂലം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം സർക്കാർ ഡോക്ടറായിരുന്നു. ഇദ്ദേഹത്തിന് ആദ്യമായി ഹൃദയാഘാതമുണ്ടായത് 1995 ലായിരുന്നു. ആരോഗ്യം മോശമായിരുന്നെങ്കിലും വഖ്ഫെ ജദീദിന് കീഴിലുള്ള അൽമഹ്ദി ആശുപത്രിയിൽ സേവനം ചെയ്യുന്നതിന് 'മഠി' എന്ന സ്ഥലത്തേക്ക് സ്ഥലംമാറ്റം വാങ്ങി. കണ്ണുരോഗ വിദഗ്ധനായിരുന്നു. എല്ലാ ദിവസവും വൈകിട്ടും ഞായറാഴ്ചയും അൽമഹ്ദി ആശുപത്രിയിൽ കണ്ണുരോഗികളെ ചികിത്സിച്ചിരുന്നു. അവധി ദിവസങ്ങളിലെല്ലാം അൽമഹ്ദി ആശുപത്രിയിൽ പോയിരുന്നു. മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായി പങ്കെടുത്തിരുന്നു. ചില ദിവസങ്ങളിൽ ദിവസംമുഴുവനും ഓപ്പറേഷനിൽ വ്യാപൃതനായിരുന്നു. ഥർപാർക്കർ എന്ന സ്ഥലത്ത് അഹ്മദികൾക്കിടയിൽ മാത്രമല്ല അനഹ്മദികൾക്കിടയിലും വളരെ ഇഷ്ടപ്പെട്ട ആളായിരുന്നു. ഇദ്ദേഹത്തിന്റേത് വലിയ സൗഹൃദവലയമായിരുന്നു. ഇദ്ദേഹത്തിന്റെ ബൈപ്പാസ് ഓപ്പറേഷൻ കഴിഞ്ഞിരുന്നതാണ്. അവസാന വർഷങ്ങളിൽ രണ്ടു മൂന്നു തവണ ശക്തമായ വേദനയും അനുഭവപ്പെട്ടിരുന്നു. എങ്കിലും ഥർപാർക്കർ എന്ന സ്ഥലത്ത് ജോലി തുടർന്നുവന്നു. അദ്ദേഹം മഠി എന്ന സ്ഥലത്ത് 15 വർഷത്തോളം സേവനത്തിൽ മുഴുകി. സാധുസംരക്ഷകനും അതിഥിസൽക്കാരപ്രിയനുമായിരുന്നു. ഖിലാഫത്തിനേയും ജമാഅത്ത് സംവിധാനത്തേയും ഏറെ ബഹുമാനിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യുവത്വകാലത്തുതന്നെ വസിയ്യത്ത് പദ്ധതിയിൽ ഭാഗഭാക്കായിരുന്നു. എല്ലാ സാമ്പത്തിക ആഹ്വാനത്തിലും

താൽപര്യപൂർവം പങ്കെടുത്തിരുന്നു. അല്ലാഹു പരേതനോട് കരുണയോടും പൊറുമയോടുംകൂടി വർത്തിക്കുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്ക് ഇദ്ദേഹത്തിന്റെ നന്മകളിൽ ചരിക്കാനും അത് നിലനിറുത്താനും തൗഫീഖ് ലഭിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, ഹബീബുല്ലാഹ് മള്ഹർ സാഹിബിന്റേതാണ്. ഇദ്ദേഹം ചൗദ്ദരി അല്ലാദത്താ സാഹിബിന്റെ മകനാകുന്നു. ഹബീബുല്ലാഹ് മള്ഹർ സാഹിബ് അസീറാനെ റാഹെ മൗലാ (ദൈവമാർഗത്തിൽ തടവു അനുഭവിച്ചയാൾ) ആയിരുന്നു. ഒക്ടോബർ 24ന് 75-ാമത്തെ വയസിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ)യുടെ കൈയിൽ ബയ്അത്ത് ചെയ്താണ് അഹ്മദിയ്യത്തിൽ പ്രവേശിച്ചത്. ചൗദ്ദരി ഹബീബുല്ലാഹ് മള്ഹർ സാഹിബ് സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിൽ സേവനം ചെയ്തിട്ടുണ്ട്. ഒരു സർക്കാർ വകുപ്പിൽ നിന്ന് ഡയറക്ടർ തസ്തികയിലാണ് റിട്ടയേർഡായത്. ഇദ്ദേഹത്തിന്റെ ജമാഅത്തി സേവനം 50-ൽ അധികം വർഷമാണ്. ഇതിൽ ഇദ്ദേഹം ഖാള്ദ് മജ്ലിസ്, സയീം അൻസാറുല്ലാഹ് തുടങ്ങി വിവിധ ജമാഅത്തി സ്ഥാനങ്ങളും സ്വദ്ർ ജമാഅത്ത് പദവിയിലും സേവനം ചെയ്തിട്ടുണ്ട്. പ്രവാചകനിന്ദാ നിയമത്തിനു കീഴിൽ 295-ാം ചട്ടപ്രകാരം വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആദ്യത്തെ അഹ്മദിയായിരുന്നു ചൗദ്ദരി ഹബീബുല്ലാഹ് മള്ഹർ സാഹിബ്. ഇത് 1991 ഒക്ടോബർ 29ന് ശാഹിദാഹ് എന്ന സ്ഥലത്താണുണ്ടായത്. ഈ നിയമത്തിന് കീഴിൽ ഇരുമ്പഴിക്കുള്ളിൽ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്ന ആദ്യത്തെ അഹ്മദിയെന്ന നിലയ്ക്ക് ഇദ്ദേഹം ചരിത്രത്തിൽ ഇടം നേടിയിരിക്കുന്നു. സെഷൻകോർട്ട് ഇദ്ദേഹത്തിന് അനുകൂലമായി വിധിപുറപ്പെടുവിച്ചെങ്കിലും ശത്രുക്കൾ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. അവിടെ ജസ്റ്റിസ് അബ്ദുൽ മജീദ് പ്രവാചകനിന്ദ എന്ന കേസിൽ ജാമ്യം റദ്ദാക്കി. അദ്ദേഹത്തിന് ശിക്ഷ നൽകാൻ അന്ന് കഴിയുമായിരുന്ന നിലക്കെല്ലാം വിപുലമായിത്തന്നെ ശ്രമിച്ചു. ഇംഗ്ലീഷിലും ഉർദുവിലും നോട്ടീസ് വിതരണം ചെയ്യുകയും ഇദ്ദേഹത്തിനെ സംബന്ധിച്ച് വളരെ മോശം പദങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്നു. ഏതായിരുന്നാലും ചൗദ്ദരി ഹബീബുല്ലാഹ് സാഹിബ്, വളരെ ധൈര്യത്തോടും സ്ഥൈര്യത്തോടുംകൂടി ദൈവിക തീരുമാനത്തിൽ തൃപ്തനായി ഇരുമ്പഴിക്കുള്ളിൽ പ്രയാസങ്ങൾ സഹിച്ചുകൊണ്ടിരുന്നു. അവസാനശ്വാസംവരെയും മക്കളോടു നമസ്കാരം നിലനിറുത്താൻ ഉപദേശിച്ചുകൊണ്ടിരുന്നു. എല്ലാവരുമായും ഇടപഴകുന്ന വ്യക്തിയും സഹാനുഭൂതിയുള്ളയാളും വിനയാന്വിതനും ഖിലാഫത്തിന്റെ സത്യസന്ധനാ യ പ്രേമിയുമായിരുന്നു. ഖുത്ബകളും ഇതര പ്രഭാഷണങ്ങളും കൃത്യമായി കേട്ടിരുന്നു. മാത്രമല്ല, വീട്ടുകാരെ വിളിച്ചുകൂട്ടി എല്ലാ പണിയും ഒഴിവാക്കി, ഖുത്ബ കേൾക്കാൻ വന്നിരിക്കാൻ പറഞ്ഞിരുന്നു. തന്റെ സാന്നിധ്യത്തിൽതന്നെ ഖുത്ബ കേൾപ്പിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. 1/9 വസിയ്യത്ത് ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യ ഫരീന ബേഗം സാഹിബയെ കൂടാതെ അഞ്ചു ആൺമക്കളും ഒരു മകളുമുണ്ട്. ഇദ്ദേഹത്തിന്റെ ഒരു മകൻ ഹസീബ് അഹ്മദ് സാഹിബ് ജമാഅത്തിന്റെ മുറബ്ബിയാണ്. ഫള്ലെ ഉമർ ഫൗണ്ടേഷന്റെ ഇംഗ്ലീഷ് ഡസ്കിൽ സേവനം ചെയ്യുന്നു. അല്ലാഹു അദ്ദേഹത്തോട് കാരുണ്യത്തോടും പൊറുമയോടുംകൂടി പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും ഇദ്ദേഹത്തിന്റെ നന്മകൾ തുടരുവാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

അടുത്ത ജനാസ ജനാബ് ഖലീഫ ബശീറുദ്ദീൻ അഹ്മദ് സാഹിബിന്റേതാണ്. നവംബർ 30ന് 80-ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഇന്ത്യയിലെ ഫിറോസ്പൂർ നഗരത്തിലാണ് ജനിച്ചത്. ഇദ്ദേഹം ഡോക്ടർ ഖലീഫ തഖ്യുദ്ദീൻ സാഹിബിന്റെ മകനും ഹദ്റത്ത് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ പൗത്രനുമാകുന്നു. ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ്, ഹദ്റത്ത് ഉമ്മു നാസിർ അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ആദ്യ ഭാര്യയുടെ പിതാവാകുന്നു. ഹദ്റത്ത് ഖലീഫ റശീദുദ്ദീൻ സാഹിബിനെ പറ്റി, അദ്ദേഹത്തിന്റെ സാമ്പത്തിക സേവനങ്ങളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ സ്തുതിച്ചു പറഞ്ഞിട്ടുണ്ട്. എന്തായിരുന്നാലും മർഹൂം അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽപ്പെട്ട ആളാകുന്നു. മർഹൂം ജമാഅത്തീസേവനങ്ങളിൽ ഭാഗഭാക്കായിരുന്നു. അനഹ്മദികളെ തന്റെ വീട്ടിൽ ക്ഷണിച്ച് തബ്ലീഗ് ചെയ്തിരുന്നു. 1998 ൽ സ്വീഡനിലേക്ക് പോയി. അവിടെ വിവിധ സ്ഥലങ്ങളിൽ താമസിച്ചിട്ടുണ്ട്. 1999ൽ ഹൃദയാഘാതമുണ്ടായി. ആരോഗ്യം വീണ്ടെടുത്തപ്പോൾ ജമാഅത്തി പ്രവർത്തനങ്ങളിൽ വ്യാപൃതനായി. തബ്ലീഗ് സെക്രട്ടറിയുമായിരുന്നു. എല്ലാ വർഷവും ഭാര്യാമക്കളോടൊപ്പം യു.കെ. ജൽസയിൽ വന്നിരുന്നു. സന്തപ്തകുടുംബത്തിൽ ഭാര്യയ്ക്കു പുറമെ 3 പെൺമക്കളും 2 ആൺമക്കളുമുണ്ട്. ഇദ്ദേഹത്തിന്റെ ഭാര്യ ഇംഗ്ലീഷുകാരിയായിരുന്നു. അവർ ക്രിസ്തുമതത്തിൽനിന്ന് അഹ്മദിയ്യത്ത് സ്വീകരിച്ചതാണ്. പക്ഷേ, വളരെ മാന്യമായ വസ്ത്രം ധരിക്കുകയും പർദയിൽ ശുഷ്കാന്തി കാണിക്കുകയും ചെയ്തിരുന്നു. വളരെ ലളിതമായ ജീവിതം നയിക്കുന്നവരായിരുന്നു. ദീനീ വിജ്ഞാനം കരസ്ഥമാക്കുന്നതിൽ തൽപരയായിരുന്നു. അതിൽ നിലകൊള്ളാനും എപ്പോഴും ശ്രമിച്ചിരുന്നു. അല്ലാഹു അവരുടെ ഈമാൻ വർധിപ്പിക്കുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകളിൽ ചരിക്കാൻ സൗഭാഗ്യം നൽകുമാറാകട്ടെ. അല്ലാഹു അദ്ദേഹത്തിനോടു കരുണയും പൊറുമയും കാണിക്കുമാറാകട്ടെ.

അടുത്ത ജനാസ ആമിനാ സാഹിബയുടേതാണ്. ഇവർ ഖലീഫ റഫീഉദ്ദീൻ അഹ്മദ് സാഹിബിന്റെ ഭാര്യയാകുന്നു. ഒക്ടോബർ 19-നു വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഗിയാന നിവാസിയായിരുന്നു. 1940-ൽ ഗിയാനയിലെ ഒരു സുപ്രസിദ്ധ മുസ്ലിംവ്യാപാരിയുടെ ഭവനത്തിലാണ് ജനിച്ചത്. ലണ്ടനിൽ തന്റെ വിദ്യാഭ്യാസ കാലഘട്ടത്തിൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇതിനിടയിൽ അവരുടെ വിവാഹം ഡോക്ടർ ഖലീഫ തഖ്യുദ്ദീൻ സാഹിബിന്റെ മകൻ മർഹൂം ആർ.ഡി.അഹ്മദ് സാഹിബുമായി നടന്നു. ഇദ്ദേഹം ഹദ്റത്ത് ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ കുടുംബത്തിൽപെട്ടയാളാകുന്നു. മർഹൂമ വളരെ സഹാനുഭൂതിയും സാധു സംരക്ഷകയും അതിഥിസൽക്കാരപ്രിയയുമായിരുന്നു. നമസ്കാരങ്ങളിൽ ശുഷ്കാന്തി കാണിച്ചിരുന്നു. അവരെപ്പോഴും നമസ്കാരത്തിൽ ബദ്ധശ്രദ്ധയായിരുന്നു. ആരോഗ്യം മോശമായിരുന്നിട്ടും തഹജ്ജുദ് അനുഷ്ഠിച്ചിരുന്നു. സ്ഥിരമായി വിശുദ്ധ ഖുർആൻ പാരായണം ചെയ്തിരുന്നു. ആരോഗ്യം മോശമായിരുന്നു. ക്യാൻസറായിരുന്നിട്ടും ഏറെക്കുറെ എല്ലാ വർഷവും ജൽസയിൽ പങ്കെടുത്തിരുന്നു. ദുആയിൽ വലിയ വിശ്വാസവും ഖിലാഫത്തിനോട് ആത്മാർഥതയും കൂറുമുണ്ടായിരുന്നു. എന്നെ കാണുമ്പോഴെല്ലാം വളരെ വിനീതയായി കൂടിക്കാഴ്ച നടത്തുകയും ദുആക്ക് അപേക്ഷിക്കുകയും ചെയ്തിരുന്നു. അല്ലാഹു പരേതയോട് കാരുണ്യവും പൊറുമയും കാണിക്കുകയും അവരുടെ മക്കൾക്കും ജമാഅത്തുമായി സുദൃഢബന്ധം നിലനിറുത്താൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ. (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി, ടൈപ് സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

“അവരുടെ എല്ലാ കത്തുകളും പതിവെന്ന പോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും എല്ലാ ഓരോരുത്തരെയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)

## തിരുനബിയുടെ തിരുമൊഴികൾ:

**അബൂമൂസൽ അശ്അരി(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ‘തന്നോടു കല്പിച്ചതു നടപ്പാക്കുന്ന–അവിടന്ന് പറഞ്ഞത് ഒരു പക്ഷേ, നൽകുന്ന’എന്നുമാകാം– വിശ്വസ്തനായ, മുസ്ലിമായ സൂക്ഷിപ്പുകാരൻ നിർമല മനസ്സോടും പൂർണതയോടുംകൂടി, കല്പിക്കപ്പെട്ടവന് നല്കാൻ പറഞ്ഞത് എത്തിച്ചുകൊടുത്താൽ അയാളും ദാനം ചെയ്യുന്നവരിൽ ഒരുവനാകുന്നു.’ (മുസ്ലിം, ഹദീഥ് 550)**

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ‘രാവിലേയും വൈകുന്നേരവും ഒരു വലിയ പാത്രം നിറയെ പാൽ നല്കുന്ന പെൺഒട്ടകത്തെ ഒരു കുടുംബത്തിന് ആദായദാനം ചെയ്യാൻ ആരെങ്കിലുമുണ്ടോ? തീർച്ചയായും അതിന്റെ പ്രതിഫലം അതിഗംഭീരമത്രെ.’ (മുസ്ലിം, ഹദീഥ് 536)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2019 ജൂലായ് 8 ഞായറാഴ്ച

(തുടർച്ച)

### വിശ്വാസം ദൃഢീകരിപ്പിക്കുന്ന നവഅഹ്മദികളുടെ അനുഭവങ്ങൾ

❋ഡോക്ടർ മുഹമ്മദുൽഹമൂദ് സാഹിബ് പറയുന്നു: രണ്ടു വർഷം മുമ്പേ ആദ്യമായി ഞാൻ ജൽസയിൽ വന്നപ്പോൾ അന്നെനിക്ക് വളരെ അത്ഭുതം തോന്നിയിരുന്നു. മഹ്ദിയും മസീഹും വന്നുവെന്ന് അഹ്മദികൾ പറയുന്ന കാര്യം തികച്ചു എനിക്ക് പുതിയതായിരുന്നു. ഞങ്ങൾക്കാണെങ്കിൽ അതിന്റെ അറിവുതന്നെയില്ല. എന്റെ മനസ്സിൽ പലതരം ചോദ്യങ്ങൾ ഉയർന്നു. മഹ്ദി അറേബ്യൻ ദേശക്കാരനായിരിക്കുമെന്നും അദ്ദേഹത്തിന്റെ പേര് മുഹമ്മദ് ബിൻ അബ്ദുല്ലാഹ് എന്നായിരിക്കുമെന്നുമൊക്കെയാണ് ഞങ്ങൾ പഠിച്ചതും വായിച്ചതും. ദീനുമായി ബന്ധമുള്ള ജമാഅത്താണോ ഇത്? അതോ രാഷ്ട്രീയപരമായിട്ടുള്ളതാണോ? ഇത്തരത്തിലുള്ള ചോദ്യങ്ങൾ എന്റെ മനസ്സിനെ പിടികൂടിയിരുന്നു. ഈ ചോദ്യങ്ങളുടെ മറുപടിക്കാണ് ഞാൻ കഴിഞ്ഞ ജൽസയിലെത്തിയത്. അഹ്മദി സഹോദരന്മാരോട് വിവിധ വിഷയങ്ങളെ സംബന്ധിച്ച് സംസാരവും നടന്നിരുന്നു. ജൽസക്ക് ശേഷവും അഹ്മദികളുമായി ഞാൻ ബന്ധപ്പെട്ടുകൊണ്ടിരുന്നു. ക്രമേണയായി എന്റെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചു. അഹ്മദികൾ തന്നെയാണ് യഥാർഥ മുസ്ലിമീങ്ങളുടെ ഗുണങ്ങൾ ഉൾക്കൊള്ളുന്നതെന്ന് എനിക്ക് ബോധ്യമായി. അങ്ങനെ ജമാഅത്തിന്റെ സ്നേഹത്തിലും അനുകമ്പയിലും ആവേശം ഉൾക്കൊണ്ടുകൊണ്ട് ബയ്അത്ത് ചെയ്യാൻ ഞാൻ തീരുമാനിച്ചു. ജമാഅത്തിലെ വ്യക്തികളിൽ കാണപ്പെടുന്ന ഈ സ്നേഹം അല്ലാഹു അവരുടെ ഹൃദയത്തിൽ അതിന്റെ വിത്തുപാകാതെ ഒരിക്കലും ഉണ്ടാകുക സാധ്യമല്ല. അൽഹംദുലില്ലാഹ്, അല്ലാഹു എനിക്ക് ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ കൈയിൽ ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചിരിക്കുന്നു. ബയ്അത്ത് സമയത്ത് ഹുദൂറിന്റെ മുഖകമലം ദർശിച്ചപ്പോഴും ബയ്അത്തിന്റെ വാക്യങ്ങൾ ഏറ്റു ചൊല്ലിയപ്പോഴുമുണ്ടായ വികാരവും വിവരിക്കുക വളരെ ദുഷ്കരമാണ്. കാലത്തിന്റെ ഖലീഫയുടെ കൈയിൽ ബയ്അത്ത് ചെയ്യാൻ എനിക്ക് അവസരം ലഭിച്ചതിലൂടെ ഞാൻ വളരെ ഭാഗ്യവാനായിരിക്കുകയാണ്. ലക്ഷക്കണക്കിനുപേർ ഈ അനുഗൃഹീത കൈയൊന്ന് സ്പർശിക്കണമെന്ന് ആഗ്രഹിക്കുന്നവരായി ഉണ്ടെന്ന് എനിക്കറിയാം. ബയ്അത്ത് അഞ്ചു മണിക്കൂർ നീണ്ടുനിന്നാലും എനിക്കൊരിക്കലും ബോറടിക്കുമായിരുന്നില്ല. സമയം പോകുന്നുവെന്ന തോന്നലും ഉണ്ടാകില്ല. ജൽസയുടെ സമാപനത്തിനുശേഷം കൂടിക്കാഴ്ചാ സമയത്ത് വളരെയധികം കാര്യങ്ങൾ ഹദ്റത്ത് അമീറുൽ മുഅ്മിനീനോട് സംസാരിക്കണമെന്നു എനിക്കുണ്ടായിരുന്നു. എങ്കിലും അതികഠിനമായ വികാരാവേശത്താൽ ഒന്നും പറയാൻ കഴിഞ്ഞില്ല.'

❋സിറിയൻ സ്വദേശിയും ജർമനിയിൽ താമസക്കാരനുമായ ഫുവാദുന്നസാൽ സാഹിബ് പറയുന്നു: 'ഞാൻ ജമാഅത്തിനെ പരിചയപ്പെടുന്നതിനു മുമ്പേ അല്ലാഹുവിന്റെ മഹത്ത്വത്തെപ്പറ്റി ചിന്തിക്കാറുണ്ടായിരുന്നു. ദിനേനെ മോശമായിക്കൊണ്ടിരിക്കുന്ന മുസ്ലിമീങ്ങളുടെ അവസ്ഥയും എപ്പോഴാണ് ഇത് നന്നായിത്തീരുകയെന്നും നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. പിന്നീട് ഞാൻ ജർമനിയിലെത്തുകയും യൂറോപ്പിലെ അറബ് മിത്രങ്ങളെ കണ്ടപ്പോൾ അവസാന കാലത്ത് യൂറോപ്പിൽ ഇസ്ലാം വ്യാപിക്കുമെന്ന് ഹദീഥിൽ വന്നിട്ടുള്ളതുപോലെ ഇവർ മുഖേന യൂറോപ്പിൽ ഇസ്ലാം വ്യാപിക്കുമോ എന്നും ചിന്തിക്കാറുണ്ടായിരുന്നു. ഈ വേളയിൽ ഒരു അഹ്മദി മിത്രമായ മാഹിറുൽ മആനി സാഹിബുമായി എന്റെ കൂടിക്കാഴ്ച നടന്നു. തുടക്കത്തിൽ ഞാനദ്ദേഹത്തെ എതിർത്തു. എന്നാൽ, ജമാഅത്തിന്റെ പുസ്തകങ്ങൾ വായിച്ചതിന്നു ശേഷം ഞാൻ ജൽസക്ക് പോകാൻ തയ്യാറെടുത്തു. ഒരു വ്യക്തിയുടെ കൈയിൽ ഇത്രയധികം പേർ എങ്ങനെ ഒരുമിച്ചു കൂടിയെന്നും പരസ്പരം സ്നേഹത്തിന്റെ ബന്ധം ഇവരിൽ എങ്ങനെ സ്ഥാപിതമായെന്നും ഞാൻ ജൽസ കണ്ടപ്പോൾ ചിന്തിച്ചു. അല്ലാഹുവേ! ഈ ജമാഅത്ത് സത്യമാണെങ്കിൽ എനിക്ക് ഈ ജൽസയിൽത്തന്നെ ബയ്അത്ത് ചെയ്യാൻ തുണയേകേണമേ എന്ന് ഞാൻ തഹജ്ജുദ് നമസ്കാരത്തിൽ ദുആ ചെയ്തു. അങ്ങനെ എന്റെ മനസ്സ് ശാന്തമായി. ഞാൻ ബയ്അത്ത് ചെയ്തു. എന്നാൽ, എന്റെ ഭാര്യ ബയ്അത്ത് ചെയ്യാൻ വിസമ്മതിച്ചു. ഇന്ന ഇന്ന ഗ്രന്ഥങ്ങൾ വായിക്കുവാനും ഉത്തമമായത് ലഭിക്കാൻ വേണ്ടി പ്രാർഥിക്കാനും ഞാൻ അവരെ ഓർമിപ്പിച്ചു. മൂന്ന് മാസത്തിനുശേഷം എന്റെ ഭാര്യ ഉത്തമമായതു ലഭിക്കാൻവേണ്ടി ദുആ ചെയ്തു. ജനങ്ങൾ കൂടിയിരിക്കുന്നതായും ഒരു വെള്ളരിപ്രാവ് അവരുടെ ഇടയിൽ ഇരിക്കുന്നതായും അവർ സ്വപ്നം കണ്ടു. ഈ വെള്ളരിപ്രാവ് എന്താണെന്ന് എന്റെ ഭാര്യ ചോദിച്ചു. അപ്പോൾ ഈ വെള്ളരിപ്രാവ് ഇസ്ലാം വ്യാപിപ്പിക്കുന്നതിന്നു വേണ്ടി ഖുദ്സ് പ്രദേശത്തിൽനിന്നു വന്നതാണെന്ന് അവിടെ നിന്നുള്ള ഒരാൾ പറഞ്ഞു. ഈ സ്വപനം എന്റെ ഭാര്യയുടെ ഹൃദയം തുറന്നു. അവർ ഈ ജൽസയിൽ വന്ന് ബൈയ്അത്ത് ചെയ്തു.'

അദ്ദേഹം പറയുന്നു: 'അല്ലാഹു എന്റെ കുടുംബത്തിലുള്ള എല്ലാവർക്കും ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ കൈയിൽ ബയ്അത്ത് ചെയ്യാൻ തുണയേകിയതിൽ ഞാൻ വളരെ സന്തോഷവാനാണ്. ജമാഅത്തിന്റെ സുന്ദരമായ ഈ അധ്യാപനങ്ങൾ എന്റെ എല്ലാ ബന്ധുക്കൾക്കും എത്തിച്ചു കൊടുക്കാൻ ഞാനാഗ്രഹിക്കുന്നു. അല്ലാഹു അതിന് എനിക്ക് തുണയേകുമാറാകട്ടെ. ആമീൻ.

❋ലബനാൻകാരനായ സുഹൃത്ത് കമാൽ ഉൽവാൻ സാഹിബ് പറയുന്നു:'എന്റെ ഉടമസ്ഥതയിലുള്ള റെസ്റ്റോറന്റിൽ ഒരു അഹ്മദി സുഹൃത്ത് മുഹമ്മദ് ശഹാദ സാഹിബ് വരാറുണ്ടായിരുന്നു. ഒരു കാര്യം എന്നോട് പറയാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞ്, ഇമാം മഹ്ദി വന്നുവെന്നും അദ്ദേഹം വഫാത്തായിപ്പോയെന്നും പറഞ്ഞു. അദ്ദേഹം പോയതിനുശേഷം ഇമാം മഹ്ദി എന്ന ആ വ്യക്തി ആരായിരിക്കുമെന്ന് ഞാൻ ചിന്തിച്ചു. പിന്നീട് കുറച്ചു നാളുകൾക്കുശേഷം ആ അഹ്മദി വന്ന് ഇമാം മഹ്ദി വന്നിട്ടുണ്ടെന്ന് പറഞ്ഞു. ഒരു ദിവസം വന്നിട്ട് കൂടുതൽ വിശദീകരിച്ച് ദജ്ജാലിനെ കുറിച്ചും ഈസാ മസീഹിന്റെ വഫാത്തിനെ കുറിച്ചും സംസാരിച്ചു. വളരെ വിസ്മയിപ്പിക്കുന്ന അറിവായിരുന്നു എനിക്കത്. ഒടുവിലത് എന്റെ ഹൃദയത്തിൽ വളരെ സ്വാധീനമുണ്ടാക്കി. ജമാഅത്തിനെപ്പറ്റി കൂടുതൽ അറിവ് കരസ്ഥമാക്കണമെന്ന് എനിക്ക് പ്രേരണ കിട്ടി. കൂടാതെ എന്നെ ജൽസയിലേക്ക് അദ്ദേഹം ക്ഷണിച്ചു. സന്തോഷപൂർവ്വം ഞാനത് സ്വീകരിച്ചു. അദ്ദേഹം പറയുന്നു: ജൽസയിലെ വർധിച്ച ജനപങ്കാളിത്തവും സുന്ദരമായ സംവിധാനവും ജമാഅത്തിന്റെ സത്യതയ്ക്കുള്ള ആദ്യ തെളിവായി എനിക്കു ലഭിച്ചു. ജൽസക്കിടയിൽ ഒരു സ്നേഹിതൻ എന്നോട് ഖലീഫത്തുൽ മുസ്ലിമീനിനെ സംബന്ധിച്ച് പറഞ്ഞു. കൂടാതെ ഞാൻ വിവിധ വിഷയങ്ങളെ സംബന്ധിച്ച് അഹ്മദികളോട് ചോദിച്ചു. അതിന്ന് വളരെ ഊഷ്മളമായ മറുപടി അവർ നല്കി. അഹ്മദിയ്യത്തിന്റെ സത്യത്തെ കുറിച്ച് എന്റെ ഹൃദയം കൂടുതൽ സംതൃപ്തയായിക്കൊണ്ടിരുന്നു. അടുത്ത വർഷംവരെ ജീവിച്ചിരിക്കുമോ എന്ന ചിന്തയും എന്നെ പിടികൂടി. അതുകൊണ്ട് ഇപ്പോൾതന്നെ ബയ്അത്ത് ചെയ്യാൻ തീരുമാനംമെടുത്തു. അങ്ങനെ ബയ്അത്തും ചെയ്തു. കൂടാതെ എന്റെ രണ്ടു സ്വപ്നങ്ങളും ജമാഅത്തിന്റെ സത്യസാക്ഷ്യത്തിന് നിദാനമായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ഒരു മകനും ബയ്അത്ത് ചെയ്തു. എന്റെ ബാക്കി മക്കളും ആകണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. ഞാൻ അറബ് പ്രോഗ്രാം 'അൽഹവാറുൽ മുബാശിറും ജുമുഅ ഖുത്ബകളും വളരെ ശ്രദ്ധിച്ച് കേൾക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നിർദ്ദേശിച്ച ബയ്അത്തിന്റെ പത്ത് നിബന്ധനകൾ എന്റെ അഭിപ്രായ ത്തിൽ കേവലം ചില നിർദ്ദേശങ്ങൾ മാത്രമല്ല, മറിച്ച് ഇത് ദൈവികമായൊരു പ്രവർത്തന രൂപരേഖയാണ്. ഇമാം മഹ്ദിയെ കാണാൻ എന്നെ തുണക്കേണമേ എന്ന് അല്ലാഹുവിനോട് ബയ്അത്തിനു മുമ്പേ ഞാൻ ദുആ ചെയ്യാറുണ്ടായിരുന്നു. ജമാഅത്തിനെ കൂടാതെ ഞാൻ നയിച്ച കഴിഞ്ഞ കാലജീവിതത്തെ ഓർത്ത് വളരെ ദുഖിക്കാറുണ്ട്. അതുകൊണ്ട് ഓരോ അഹ്മദിയേയും ഹൃദയാത്മനാ ഞാൻ ആദരിക്കുന്നു. ഇവർ മുഹമ്മദ് മുസ്തഫാ(സ)യുടെ ദീനിനെ സേവിച്ചു വരുന്നു. എനിക്കിപ്പോൾ സ്വന്തം ഭാര്യ, മക്കൾ, ജോലി എന്നിവരേക്കാൾ കൂടുതൽ ചിന്ത ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി ചെലവഴിക്കാൻ എന്റെ കൈയിൽ കൂടുതൽ പണം വേണമെന്നും ജമാഅത്തിനെ സേവിക്കണമെന്നുമാണ്. അല്ലാഹു എന്റെ ആഗ്രഹത്തെ സ്വീകരിക്കുമാറാകട്ടെ.ആമീൻ.

❋ പെല്ലുമ്പ് ബേജ സാഹിബ്(Pellumb Beja) പറയുന്നു: ഹുദൂറിന്റെ കൈയിലാണ് ഞാൻ ബയ്അത്ത് ചെയ്തത്. ജമാഅത്തിൽ ചേരാൻ എനിക്ക് ഭാഗ്യം ലഭിച്ചതിൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. ഞാൻ അഹ്മദിയ്യത്തിൽ ചേർന്നതിന്റെ കാരണം ഹുദൂർ എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: സംശയത്തിൽ നിന്ന് ദൃഢതയിലേക്കും അന്ധകാരത്തിൽനിന്ന് വെളിച്ചത്തിലേക്കും യാത്ര ചെയ്ത കാരണത്താൽ ഞാൻ അഹ്മദിയായി. ഉന്നതനായ അല്ലാഹുവിനോടു അളവറ്റ നന്ദി പ്രകടിപ്പിക്കുന്നു. ഒരു വർഷം മുമ്പേ ഞാൻ വിശ്വാസ വിഷയത്തിൽ ശൂന്യമായിരുന്നു. ഈ വർഷം അല്ലാഹു എനിക്ക് വിശ്വാസത്തിന്റെ സമ്പത്ത് നല്കി. എന്റെ ജനനവും പരിപാലനവും സമ്പൂർണ്ണ നിർമതത്വത്തിന്റെ അന്തരീക്ഷത്തിലായിരുന്നു. എന്നാൽ, അല്ലാഹു ജൽസയിൽ പങ്കെടുപ്പിച്ചുകൊണ്ടും ഹുദൂർ അൻവറിന്റെ കൂടിക്കാഴ്ച മുഖേനയും എന്നെ വിശ്വാസത്തിന്റെ വഴിയിലേക്ക് നയിച്ചു.

❋ഒരതിഥി ബേസിം ജോസി(Badim Gjozi) സാഹിബ് പറയുന്നു:'ഒരു ദിവസം മുമ്പേ അതായത് ജൽസയുടെ അവസാന ദിവസം ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചിരുന്നു. ഇതിൽ ഞാൻ അല്ലാഹുവിന് നന്ദി പറയുന്നു.

❋ ഈ വർഷം ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ച ഒരു നവഅഹ്മദി ജർമൻ വനിത പറയുന്നു: ഞാനാദ്യമായാണ് ജൽസാസാലാനയിൽ പങ്കെടുക്കുന്നത്. ജമാഅത്തിനെ കുറിച്ച് ഒരു പരിധി വരെ എനിക്ക് അറിയാമായിരുന്നു. എന്നാൽ, കൂടുതൽ അറിവ് നേടുന്നതിനുവേണ്ടിയാണ് ഈ ജൽസയിൽ പങ്കെടുക്കാൻ വന്നത്. ജൽസയിൽ

ഉണ്ടായ സ്നേഹനിർഭരവും ആത്മീയ പൂരിതവുമായ അന്തരീക്ഷം തികച്ചും മനസ്സിലാക്കാൻ സാധിക്കുന്നുണ്ടായിരുന്നു. ഓരോ മുഖവും വെറുപ്പിൽനിന്ന് ശുദ്ധമായിരുന്നു. പരസ്പരം സ്നേഹം പാലിച്ചു കൊണ്ടിരുന്നു. പ്രഭാഷണത്തിന്റെ എല്ലാഭാഗവും ഞാൻ വളരെ ആഴത്തിൽ ശ്രദ്ധിച്ചു. ഇതിൽനിന്നു വളരെയധികം കാര്യങ്ങൾ ഞാൻ പഠിച്ചു. ജൽസ സാലാനയിലെ ഈ ചില കാര്യങ്ങൾ ജീവിതമാസകലം എനിക്ക് മറക്കാൻ കഴിയില്ല. ഇതിൽ ഒന്നാമത് ജമാഅത്തായുള്ള നമസ്കാര നിർവഹണമാണ്. നമസ്കാര വേളയിൽ ഉണ്ടായ ആത്മീയാന്തരീക്ഷം ആത്മാവിനെ കോരിത്തരിപ്പിക്കുന്നുണ്ടായിരുന്നു. ഞാൻ ബയ്അത്ത് ചെയ്ത നിമിഷമായിരുന്നു രണ്ടാമത്തേത്. ഞാൻ സ്ഥിരമായി എന്റെയുള്ളിൽ അവിസ്മരണീയമായ ഒരു സമാധാനം ഇറങ്ങുന്നതായി അനുഭവിച്ചു. ശാന്തി സമാധാനത്തിന്റെ ഒരു അരുവി എന്നിലേക്കൊഴുകി.

തുടർന്നുണ്ടായ അനുഭവം ഞങ്ങൾ നവ അഹ്മദി മഹിളകളുടെ ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ചയായിരുന്നു. അതു സംബന്ധമായി ചിന്തിക്കുമ്പോൾ ആ അനുഭവം വിവരിക്കാൻ എനിക്ക് വാക്കുകളില്ല. ആ നിമിഷത്തിൽ ഹുദൂർ അൻവർ മീറ്റിംഗ് ഹാളിലേക്ക് പാദമൂന്നിയതും അന്തരീക്ഷമാകെ മാറി. ഹൃത്തിടം ഈ സുന്ദരമായ അവസ്ഥ കൊണ്ട് നിറഞ്ഞിരുന്നു. ആ അനുഗൃഹീത പാദത്തിന്റെ വരവിന്റെ അനുഗ്രഹത്താൽ ദൈവത്തിന്റെ സാമീപ്യം എനിക്കും അനുഭവപ്പെട്ടതുപോലെ.

❋ ഈ വർഷം ബയ്അത്ത് ചെയ്ത നവഅഹ്മദി ജർമൻ വനിത എഴുതുന്നു:ഹുദൂറിന്റെ ശബ്ദം ആദ്യമായി മൈക്കിലൂടെ കേട്ടപ്പോൾ ഹുദൂർ എന്നോട് വളരെയടുത്താണെന്ന് എനിക്ക് മനസ്സിലായി. ഹുദൂറിന്റെ ശബ്ദം എന്റെ ആത്മാവിലേക്ക് അരിച്ചിറങ്ങി. ആ സമയത്തുള്ള എന്റെ വികാരം പറഞ്ഞറിയിക്കാൻ ഞാൻ അശക്തയാണ്. ഞാനെന്നെ ഒട്ടും ഭാരമില്ലാത്തവനായതുപോലെ മനസ്സിലാക്കി. ഒരു സന്തോഷത്തിന്റേയും ആശ്വാസത്തിന്റേയും അവസ്ഥയിൽ ഞാൻ ലീനനായിരുന്നു. ഞാനന്വേഷിച്ചു കൊണ്ടിരുന്ന സമാധാനവും ആത്മീയതയും അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ വന്നു കൊണ്ട് എനിക്ക് ലഭിച്ചതായി ഞാൻ തിരിച്ചറിഞ്ഞു. ബയ്അത്ത് ചെയ്യാനുള്ള തീരുമാനം ഹുദൂറിന്റെ ശബ്ദം കേട്ടപാടേ ഞാനെടുത്തിരുന്നു. ബയ്അത്ത് ചെയ്തതിന്റെ അടുത്ത ദിവസം ബയ്അത്ത് ചെയ്ത ഞങ്ങൾ സ്ത്രീകൾക്ക് ഹുദൂർ അൻവറുമായി കൂടിക്കാഴ്ചക്ക് അവസരം ലഭിച്ചിരുന്നു. ഈ കൂടിക്കാഴ്ചക്കിടയിൽ അവിശ്വസനീയമായൊരു സംഭവമുണ്ടായി. ഹുദൂർ എന്നെ അഭിമുഖീകരിച്ചു സംസാരിച്ചു. ഹുദൂറിന്റെ ഗാംഭീര്യം നിറഞ്ഞ വ്യക്തിത്വത്തിൽനിന്ന് എനിക്ക് അനുഭവിക്കാൻ കഴിഞ്ഞ സ്നേഹവും സമാധാനവും ആത്മീയാകർഷണവും വിവരിക്കാൻ ഞാൻ അശക്തയാണ്. ഈ ജൽസയിൽനിന്നു വളരെയധികം ആത്മീയ ഉപഹാരങ്ങളുമായി ഞാൻ വിടവാങ്ങി. ബയ്അത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചതിന്നുശേഷം ഇപ്പോൾ ഒരു അഹ്മദി സ്ത്രീ എന്ന നിലയിലൽ ഞാനെന്റെ ജീവിതം ആരംഭിച്ചിരിക്കുന്നു.'

ജൽസാസാലാന ജർമനിയുടെ അവസരത്തിൽ കുർദിസ്ഥാൻ സ്വദേശിയും നാലു വർഷം മുമ്പേ ജർമനിയിൽ അഭയം തേടിയ ആളുമായ ഫിർക് സാദാ അലിയേവ്(Fyrkzada Aliyev)സാഹിബ് അഭയാർഥി ക്യാമ്പിലുണ്ടായിരുന്ന ഡോക്ടർ അസീസ് സാഹിബ് മുഖേന ജമാഅത്തിനെപ്പറ്റി പരിചയപ്പെട്ടു.അദ്ദേഹം പറയുന്നു: 'രണ്ടു വർഷം മുമ്പേ ആദ്യമയി ഞാൻ ജർമൻ ജൽസയിൽ പങ്കെടുത്തപ്പോൾ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ ഞാൻ വായിച്ചിരുന്നു. മുബല്ലിഗിൽനിന്ന് നേരിട്ടും ഫോൺമുഖേനയും ജമാഅത്തിനെ സംബന്ധിച്ചുള്ള വിശ്വാസങ്ങൾ മനസ്സിലാക്കിയിരുന്നു. ജൽസാസാലാനയുടെ അന്തരീക്ഷം, ഹുദൂർ അൻവറുമായുള്ള കൂടിക്കാഴ്ച, പരസ്പരമുള്ള സാഹോദര്യമെല്ലാം എന്നെ വളരെ ആകർഷിച്ചിരുന്നു. അതേ സമയത്തുതന്നെ ബയ്അത്ത് ചെയ്യാൻ തയ്യാറായിരുന്നു. എന്നാൽ, ആ സമയത്ത് ഈ വിനീതൻ സ്വന്തം കുടുംബ സംബന്ധമായ ചില അസ്വസ്ഥതകളിലും അസുഖങ്ങളിലുംപെട്ട് ഉഴലുകയായിരുന്നു. അതുകൊണ്ട് ബയ്അത്തിന്റെ തീരുമാനം എവിടെയോ മങ്ങിപ്പോയിരുന്നു. ഈ രണ്ടു വർഷങ്ങളിൽ അല്ലാഹു എന്നെ അനുഗ്രഹിച്ചു. ജമാഅത്തിലെ സഹോദരന്മാരുമായും ബന്ധം ശക്തമാക്കാൻ കഴിഞ്ഞു. കൂടുതൽ വായിക്കാനും അവസരം ലഭിച്ചു. ഇതു കാരണത്താൽ ഞാനാരോടും പറയാതെ വെച്ചിരുന്ന ബയ്അത്തിന്റെ തീരുമാനത്തിന് കൂടുതൽശക്തി കൈവന്നു. ഈ ജൽസയിൽ തുറന്ന മനസ്സോടെ ബയ്അത്ത് ചെയ്യാൻ എന്നെ തുണച്ച അല്ലാഹുവിന് നന്ദി. അൽഹംദു ലില്ലാഹ്. ഈ വിനീതന്റെ ഭാര്യയും കൂടുതൽ ഗഹനീയമായ ആലോചനയിലും ചിന്തയിലുമാണ്. അവർക്കുവേണ്ടി ദുആക്കപേക്ഷിക്കുന്നു.

❋ കഴിഞ്ഞ വർഷം ബയ്അത്ത് ചെയ്ത ഒരു ജർമൻ വനിത എഴുതുന്നു: കഴിഞ്ഞ വർഷം ബയ്അത്ത് ചെയ്തതിന്നുശേഷം ഒരു അഹ്മദി സ്ത്രീ എന്ന നിലയിൽ ഈ ജൽസ ആദ്യത്തേതായിരുന്നു. ഒരു വർഷം എങ്ങിനെ കടന്നു പോയി എന്ന് മനസ്സിലായില്ല. ഞാനെന്റെ വീട്ടിലെത്തിയതുപോലെയാണ് ജമാഅത്തിൽ പ്രവേശിച്ചതിന്നുശേഷം എനിക്ക് തോന്നുന്നത്. ജൽസാസാലാനയുടെ ഓരോ നിമിഷവും ആത്മീയതയാൽ നിർഭരമായിരുന്നു. എല്ലാ പ്രഭാഷണങ്ങളും പ്രത്യേകിച്ചും ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ വളരെയധികം ആത്മാവിനെ കോരിത്തരിപ്പിക്കുന്നതായിരുന്നു. ഓരോ പദങ്ങളും ആത്മാവിൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നതായിരുന്നു. കഴിഞ്ഞ വർഷം ഞാൻ അതിഥിയായിരുന്നു. ഈ വർഷം ആതിഥേയൻ എന്ന നിലയിൽ അതിഥികളെ സേവിക്കാൻ അവസരം ലഭിക്കുന്നു. ഇക്കാര്യം വിവരണാതീതമായ നിലയിൽ എനിക്ക് സുന്ദരമായിരുന്നു. സമാധാനത്തിനും സ്നേഹത്തിനും ആത്മീയതയ്ക്കുമായുള്ള അന്വേഷണത്തിൽ ക്ഷീണിതയായ സമയത്താണ് എനിക്ക് അഹ്മദിയ്യാ ജമാഅത്ത് ലഭിച്ചത്.

ഈ ജമാഅത്തിൽ പ്രവേശിക്കാൻ എന്നെ തുണച്ച ദൈവത്തിനോടുള്ള കടമകൾ ഓരോ നിമിഷവും നിർവഹിക്കാൻ പരിശ്രമിക്കണമെന്ന് ഞാനിപ്പോൾ ആഗ്രഹിക്കുന്നു. ഈ ടീമിൽ പ്രവേശിപ്പിച്ചതിലും അതിഥികളെ സേവിക്കാൻ അവസരം ലഭിച്ചതിലും എനിക്ക് വളരെ നന്ദിയുണ്ട്. എന്റെ ഏത് നന്മയ്ക്ക് പകരമായാണ് ദൈവം ജമാഅത്തിൽ പ്രവേശിക്കാൻ അവസരം നല്കിയതെന്ന് എനിക്കറിയില്ല. എന്നാൽ, ജീവിതമാസകലം സജദയിൽതന്നെ കഴിച്ചു കൂട്ടിയാലും ഇതിന്നുള്ള നന്ദി നിർവഹിക്കാൻ കഴിയില്ലെന്ന് എനിക്കറിയാം. ജൽസാസാലാന ആത്മാവിനുവേണ്ടിയുള്ള ഒരു പരിഷ്കരണ ക്യാമ്പാണ്. പ്രകാശഭരിതനായ ഹുദൂർ നമ്മുടെയിടയിലുണ്ട് എന്നത് നമ്മുടെ ഭാഗ്യമാണ്. ഹുദൂർ അൻവർ പ്രഭാഷണം നല്കാനായി വന്നപ്പോഴുള്ള നിമിഷങ്ങളിൽ എന്റെ കണ്ണുകളിൽനിന്ന് അനിയന്ത്രിതമായ നിലയിൽ കണ്ണനീർ ഒഴുകുന്നുണ്ടായിരുന്നു. ഇപ്പോൾ ഹുദൂർ എന്റേതുമാണ്. ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്യാൻ എനിക്കും അവസരം ലഭിച്ചിരിക്കുന്നു. ഹുദൂറിന്റെ ഓരോ വാക്കിനോടൊപ്പവും എന്റെ കണ്ണിൽനിന്നു അശ്രുകണങ്ങൾ അടർന്ന് വീണിരുന്നു. ഒടുവിൽ സമാപന ഗാനാലാപനവേളയിലും ഞാൻ കരഞ്ഞുകൊണ്ടേയിരുന്നു. എന്നോടൊപ്പമിരുന്ന ജർമൻ വനിത എന്നെ തോളോട് ചേർത്തു. ഞങ്ങളിരുവരും വിങ്ങിവിങ്ങി കരഞ്ഞു കൊണ്ടിരുന്നു. ഇത് അസ്വസ്ഥതയുടെ കണ്ണീരായിരുന്നില്ല. മറിച്ചിത് സമാധാനത്തിന്റെ മടിത്തട്ടിൽ വന്നതിലുള്ള സന്തോഷത്തിലുണ്ടാകുന്ന വികാരാവേശത്തിൽ ഒഴുകിയതാണ്. ഞങ്ങൾക്ക് നേരായ മാർഗ്ഗം കാണിച്ചു തന്ന പ്രിയപ്പെട്ട അല്ലാഹുവിന് നന്ദി.

ചില അതിഥികൾ ബയ്അത്തിന്റെ ചടങ്ങുമായി ബന്ധപ്പെട്ട് തങ്ങളുടെ വികാരങ്ങൾ പങ്കുവെച്ചു.

❋ ജോർജിയ സംഘത്തിലുണ്ടായിരുന്ന ദീനീ ജ്ഞാനങ്ങൾ പഠിച്ചു വരുന്ന ഒരു വിദ്യാർഥിനി നാനുക സംബുലുൽയിഡ്സെ(Nanuka Zumbululdze) പറയുന്നു: ബയ്അത്തിന്റെ ചടങ്ങ് വൈകാരികതകളാൽ പൂരിതമായിരുന്നു. എനിക്ക് മതപരമായ ഐക്യത്തിന്റെ കാഴ്ചയാണ് അവിടെ ദൃശ്യമായത്. നാനാ ജാതിയിലുള്ള ജനങ്ങൾ സമാധാനത്തോടെ ഏകതാ മനോഭാവത്തോടെ എങ്ങനെ ജീവിക്കുമെന്ന് മനസ്സിലായി. ഞാൻ മതപരമായ അറിവ് കരസ്ഥമാക്കി വരുന്നു. ജൽസയിൽ ആദ്യമായാണ് വരുന്നത്. സമാധാനം കരസ്ഥമാക്കാനുള്ള ഒരു ഉത്തമ മാർഗമാണ് ജൽസാസാലാന.

❋ കിഴക്കൻ നാടുകളെ കുറിച്ച് പഠിച്ചു വരുന്ന ഗിഗ ഗിജൌരി (Giga Gigauri)പറയുന്നു: ജനങ്ങൾ വളരെ അനുകമ്പയുള്ളവരാണ്. അതുകൊണ്ടാണ് ഞാനിവിടെയുള്ളത്. ഒരു സന്ദർശകൻ എന്ന നിലയിൽ ബഅയ്ത്തിന്റെ ചടങ്ങ് വീക്ഷിക്കുകയായിരുന്നു.എന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ എനിക്ക് വാക്കുകളില്ല. ജനങ്ങൾ ഈ രൂപത്തിൽ ഒന്നുചേരുക എന്നത് മഹത്തായൊരു കാര്യമാണ്..

❋ ജോർജിയായിൽ നിനു വന്ന യൂണിവേഴ്സിറ്റി ലക്ചററും വക്കീലുമായ ടെമർ ഷെൻഗേലയ (Temor Shengelaya)ആദ്യമായാണ് ജൽസയിൽ വരുന്നത്. ബയ്അത്തിന്റെ ചടങ്ങിൽ വളരെ ആകർഷിതനായ അദ്ദേഹം ശേഷം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു: ഇതൊരു വിസ്മയ ജനകമായ കാര്യമാണ്. ഇതൊരു വിസ്മയിപ്പിക്കുന്ന കാര്യമാണ്. പ്രത്യക്ഷമായ സ്നേഹം ജമാഅത്തിൽ വളരെയധികമാണ്. സവിശേഷമായും നിങ്ങളുടെ മുഖങ്ങളിൽ എപ്പോഴും പുഞ്ചിരി എനിക്ക് കാണാൻ കഴിയുന്നു.(തുടരും)

ബദർ
The Weekly BADR
Qadian
(Malayalam)
https://www.akhbarbadrqadian.in/

(പേജ് 1ൽനിന്ന്)

*വ്വ ഖിയാമത്* (25:65) എന്നതാണ്. ജ്ഞാനപരമായ അവസ്ഥയുടെ സ്ഥിതി ഗ്രന്ഥങ്ങളുടെ പരമ്പരത്തന്നെയാണുള്ളത്. വിശാലമായ ഭാഷകളിലുള്ള സേവനത്തിന്റെ പരമ്പരയാണെങ്കിൽ അതുല്യമായ നിലയിലാണ് തുടർന്നു വരുന്നത്.

മറുഭാഗത്ത് ക്രിസ്ത്യാനികളെ കാണുമ്പോൾ എനിക്ക് അത്ഭുതപ്പെടേണ്ടിവരുന്നു. ഹവാരികൾ ക്രിസ്തുമതം സ്വീകരിച്ചിട്ട് എന്താണ് നേടിയത്? യേശുവിന്റെ ഖജാൻജിയായിരുന്ന യഹൂദ അസ്കരിയോത്തി ഇടയ്ക്കിടെ ഒറ്റിക്കൊടുക്കുകയും ചെയ്തിരുന്നു. 30 വെള്ളിക്കാശു വാങ്ങി ഉസ്താദിനെ ഒറ്റിക്കൊടുത്തത് അതിന്റെ പ്രകടനമാണ്. യേശുവിന്റെ സഞ്ചിയിൽ 2000 രൂപ ഉണ്ടാകാറുണ്ടായിരുന്നു. ഒരു ഭാഗത്ത് അദ്ദേഹത്തിന്റെ അവസ്ഥ ഇതാണ്. മറുഭാഗത്ത് നബി(സ)തിരുമേനിയുടെ അവസ്ഥ എന്തായിരുന്നു. മരണാസന്നനായപ്പോൾ വീട്ടിലെന്തെങ്കിലും ഇരിപ്പുണ്ടോ? എന്ന് ചോദിച്ചു. ഒരു ദീനാറുണ്ടെന്ന് ജനാബ് ആഇശാ സിദ്ദീഖ(റ) പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു:' അത് വിതരണം ചെയ്യുക. വീട്ടിൽ ഒരു ദീനാർ വിട്ടിട്ട് ദൈവദൂതൻ അല്ലാഹുവിലേക്ക് യാത്ര ചെയ്യുന്നതെങ്ങനെ? (മൽഫൂദാത്ത് വാല്യം 1, പേജ് 249-250, പ്രസാധകർ ഖാദിയാൻ 2018)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 4 February 2021 Issue-5

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

**യിമാദുദ്ദീന്റെ ആക്ഷേപം അജ്ഞതയിലധിഷ്ഠിതമാണ്;അയാൾക്ക് വാക്ചാതുര്യത്തിന്റെ അർഥംപോലും അറിയില്ല.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പാതിരി യിമാദുദ്ദീനെ സംബോധന ചെയ്ത് പറഞ്ഞു: ‘വിശുദ്ധ ഖുർആനിൽ ഖുറയ്ശികളുടെ ഭാഷയ്ക്ക് വിരുദ്ധമായി വാക്കുകളുണ്ടെന്ന് നീ വിചാരിച്ചു. ഇക്കാര്യം നിന്റെ അടിമുടി വിവരമില്ലായ്മയും മാനസികമായ ആവേശത്തള്ളിച്ചയുമാണ്; ഉൾക്കാഴ്ചയോടു കൂടിയുള്ളതല്ല. അല്ലയോ വിഡ്ഢീ! അറിവില്ലാത്തവനേ! വാക്വൈഭത്തിന്റെ അച്ചുതണ്ട് സ്വീകാര്യമായ വാക്കുകളിലാണുണ്ടാകാറുള്ളത്; ആ വാക്യങ്ങൾ ജനതയുടെ യഥാർഥ ഭാഷയിലുള്ളതാണെങ്കിലും വേണ്ടില്ല, ജനതയിലെ പണ്ഡിതന്മാരുടെ ഉപയോഗത്തിൽ വന്നിട്ടുള്ളതാണെങ്കിലും വേണ്ടില്ല..... എന്നാൽ, നീ, ഏ ആക്ഷേപിക്കുന്നവനേ! ഒരു വിഡ്ഢിയും വിവരമില്ലാത്തവനുമാണ്. നീ എടുത്തുചാട്ടക്കാരനും സത്യത്തിന്റെ ശത്രുവുമായിരുന്നിട്ടും പകയും വിവരക്കേടുമല്ലാതെ മറ്റൊന്നും നിനക്കറിയില്ല. കുഴിയിലല്ലാതെ മറ്റൊരിടത്തും നീ കാലു വെക്കുന്നില്ല. അറബി ഭാഷ എന്തുവസ്തുവാണെന്ന് നിനക്കറിയില്ല; എന്തിനെയാണ് വാക്ചാതുര്യം എന്ന് പറയുന്നതെന്നും! ലജ്ജയില്ലായ്മ മാത്രമാണ് നിന്നിലുള്ളത്. യോഗ്യതയൊന്നുമില്ല. പരിശുദ്ധന്മാരെ ചീത്ത പറഞ്ഞുകൊണ്ടിരിക്കാൻ നിന്നെ ആരോ പഠിപ്പിച്ചിരിക്കുകയാണ്.’(നൂറുൽഹഖ്, അൽഹിസ്സത്തുൽ ഊലാ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 149)

**യിമാദുദ്ദീൻ ഒരു വിഡ്ഢിയും കഴിവില്ലാത്തവനുമാണ്. അയാൾക്ക് അറബിഭാഷയുമായി ഒട്ടും പങ്കില്ല.**

അല്ലയോ അശ്രദ്ധനായവനേ! ദ്രോഹികളുടെ സ്വഭാവം ഉപേക്ഷിക്കുക. അല്പം ലജ്ജ കാണിക്കുക. അല്പം നിന്റെ മുഖത്തെ ചിന്തയുടെ കണ്ണാടിയിൽ നോക്കുക. ഈ ജിവിതകാലത്തിന്നിടയിൽ നീ എപ്പോഴെങ്കിലും സാഹിത്യകലയിൽനിന്ന് കുറച്ചെന്തെങ്കിലും വായിച്ചിട്ടുണ്ടോ? അല്ലെങ്കിൽ വർണശബളമായ വാക്യങ്ങളുടെ ആഴവും ഉയരവും നിനക്കറിയുമോ? അല്ലെങ്കിൽ നീ എപ്പോഴെങ്കിലും രണ്ടു അറബി വാക്യങ്ങൾ കൂട്ടിയിണക്കിയിട്ടുണ്ടോ? അല്ലെങ്കിൽ ഒന്നോ രണ്ടോ കവിത രചിച്ചിട്ടുണ്ടോ? നീ അങ്ങനെ വാദിക്കുകയാണെങ്കിൽ അതിനുള്ള തെളിവ് അവതരിപ്പിക്കുക. ഞാൻ ‘ബറാഹീനിലും’ നിന്നെ സംബോധന ചെയ്തത് നിനക്ക് അറിയുമോ? നീ വിശുദ്ധ ഖുർആനിന്റെമേലും ഇസ്‌ലാംദീനിന്റെ മേലും ആക്രമണം നടത്തിയപ്പോൾ. ഞാൻ സംബോധന ചെയ്തത് നിന്റെ കുരുട്ടുബുദ്ധിയും അശേഷം വിവരമില്ലായ്മയും ജനങ്ങളുടെ മുമ്പിൽ പ്രകടിപ്പിക്കുന്നതിനായിരുന്നു. അറബി അറിയാമെന്ന് നീ വിചാരിക്കുന്നുവെങ്കിൽ, നീ അറബി അറിയുന്നവനാണെങ്കിൽ നമുക്ക് നീ സാഹിത്യത്തിലുള്ള നിന്റെ പാണ്ഡിത്യം കാണിക്കുക എന്ന് നാം പറഞ്ഞിരുന്നു. നാം ഒരു കഥ ഏതെങ്കിലും ഭാഷയിൽ നിന്നെ കേൾപ്പിക്കുന്നതാണ്. അതിലെ വാക്യങ്ങൾ നീ അറബിയിലാക്കി കാണിക്കേണ്ടത് നിനക്ക് നിർബന്ധമായിരിക്കും. പിന്നീട് നാം നിന്റെ പാണ്ഡിത്യം അംഗീകരിക്കുന്നതായിരിക്കും. നിന്നെ ബഹുമാനിക്കുന്നതായിരിക്കും. അംഗീകരിക്കപ്പെട്ട പണ്ഡിതന്മാരിൽ നിന്നെ കരുതുന്നതായിരിക്കും. എന്നാൽ, നീ കന്നുകാലികളെപ്പോലെ മൗനംപാലിച്ചു. സമ്മാനം വാങ്ങുന്നതിലേക്ക് തിരിഞ്ഞില്ല. മറുപടി നല്കുന്നതിൽ മൗനിയായിത്തന്നെ ഇരുന്നു. നല്ലതും പറഞ്ഞില്ല, ചീത്തയും പറഞ്ഞില്ല. കാരണം അതിൽ നിന്റെ രഹസ്യം പുറത്താക്കലും അപമാനവുമുണ്ടായിരുന്നു. അതുകൊണ്ട് നീ വിഡ്ഢിയും കഴിവില്ലാത്തവനുമാണെന്ന് തെളിഞ്ഞു. നിനക്ക് അറബിഭാഷയുമായി ഒരു പങ്കുമില്ല. നീ സമ്മാനം വാങ്ങുന്നതിൽ താൽപര്യം കാണിച്ചില്ല. കാരണം നീ ഒരു വിവരംകെട്ടവനും കന്നുകാലികളെപ്പോലുള്ളവനുമായിരുന്നു. പണ്ഡിതന്മാരിൽപ്പെട്ടവാനായിരുന്നില്ല. അതുകൊണ്ട് അഖണ്ഡിതമായ അറിവോടുകൂടി നീ അറബിഭാഷ ഒട്ടു അറിയാത്ത ആളാണെന്നും ഈ ഇടവഴിയിൽ നടക്കാൻ നിനക്ക് കഴിവില്ലെന്നും ഞാൻ അറിഞ്ഞു.’(നൂറുൽഹഖ്, അൽഹിസ്സത്തുൽ ഊലാ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 150)

**ആരെങ്കിലും വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിൽനിന്ന് ഒരുഅണുവിന്റെ ആയിരത്തിലൊരു അംശം ന്യൂനത എടുത്തുകാണിക്കുകയാണെങ്കിൽ ഞാൻ വധശിക്ഷപോലും സ്വീകരിക്കാൻ തയ്യാറാണ്.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) സകല മതങ്ങളുടെമേലും ഇസ്‌ലാമിന്റേയും വിശുദ്ധ ഖുർആനിന്റേയും സത്യത സ്ഥാപിക്കുന്നതിനുവേണ്ടി ബറാഹീനെ അഹ്മദിയ്യ എന്ന ബൃഹദ് ഗ്രന്ഥം രചിക്കുകയുണ്ടായി. അതിനു ഖണ്ഡനമെഴുതുന്ന ആൾക്ക് പതിനായിരം രൂപ ഇനാം പ്രഖ്യാപിച്ചു. ഇതുമായി ബന്ധപ്പെട്ട് ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു:

‘തെളിവൊന്നുംകൂടാതെ ഒരു ഗ്രന്ഥത്തെ സ്തുതിക്കുന്നതും ഒന്നിനെ അപലപിക്കുന്നതും ഒരു ഗ്രന്ഥത്തേയും സ്തുത്യർഹമാക്കുകയില്ലെന്നും അപലമനീയമാക്കുകയില്ലെന്നും അജ്ഞനായ ക്രിസ്ത്യാനിക്ക് അറിയില്ല. നിരർഥമായ നിലയിൽ സംസാരിക്കാൻ ആർക്കാണ് അറിയാത്തത്. പക്ഷേ, നാം അതേ ഗ്രന്ഥത്തിൽ ‘ബൈബിൾ അധ്യാപന’ത്തിന്റെ ആധ്യാത്മകതയില്ലായ്മയും ഖുർആനികാധ്യാപനത്തിന്റെ പ്രകാശങ്ങളുടെ സമാഹാരവും നൂറുക്കണക്കിന് തെളിവുകൾകൊണ്ട് സ്ഥാപിക്കുകയും അല്ലെന്ന് തെളിയിച്ചാൽ പതിനായിരം രൂപയുടെ ഇനാം നല്കാമെന്ന് പരസ്യം നല്കുകയും ചെയ്തു. എന്നല്ല മനസ്സുകളിലെ രഹസ്യങ്ങൾ നല്ലവണ്ണം അറിയുന്ന നമ്മുടെ ഉദാരനായ അല്ലാഹുവിനെ സാക്ഷിനിറുത്തി, ആരെങ്കിലും വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിൽനിന്ന് ഒരുഅണുവിന്റെ ആയിരത്തിലൊരു അംശം ന്യൂനത എടുത്തുകാണിക്കുകയാണെങ്കിൽ ഞാൻ വധശിക്ഷപോലും സ്വീകരിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇനി നീതിമാന്മാരേ! ദൃഷ്ടി പതിപ്പിക്കുക. ദൈവത്തിനുവേണ്ടി മനസ്സിനെ ശുദ്ധിയാക്കി, നമ്മുടെ എതിരാളികളുടെ വിശ്വസ്തതയും ദൈവഭയവും എത്തരത്തിലുള്ളതാണെന്ന് ചിന്തിക്കുക. മറുപടിയൊന്നുമില്ലാതിരുന്നിട്ടും അവർ വ്യർഥമായ സംസാരങ്ങളിൽനിന്ന് പിന്മാറുന്നില്ല.’(ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 298, അടിക്കുറിപ്പ്)

അടുത്ത ലക്കത്തിൽ ഇൻശാഅല്ലാഹ് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) നൂറുൽഹഖ് എന്ന ഗ്രന്ഥത്തിന് തത്തുല്യമായതുകൊണ്ടുവരാൻ ഇനാം പ്രഖ്യാപിച്ചുകൊണ്ടു യിമാദുദ്ദീനോടു നടത്തിയ ഗംഭീരമായ വെല്ലുവിളി അവതരിപ്പിക്കുന്നതാണ്.

**(മൻസ്വൂർ അഹ്മദ് മസ്റൂർ)**

**(പേജ് 1ൽനിന്ന്)**

അങ്ങനെ ചെയ്തില്ല. അതിന്റെ ഫലമായി അവരുടെ നമസ്കാരങ്ങൾക്കും നോമ്പുകൾക്കും ഇസ്‌ലാമിനേയും മുസ്‌ലിമീങ്ങളേയും നാശത്തിൽനിന്ന് രക്ഷിക്കാൻ കഴിഞ്ഞില്ല. കാരണം അവസരോചിതമായ കർമങ്ങൾ മുഖേനയാണ് വിജയം ലഭിക്കുന്നതെന്നുള്ളത് അല്ലാഹുവിന്റെ വാഗ്ദാനമായിരുന്നു. അവരുടെ കർമങ്ങൾ മതാധ്യാപനങ്ങളനുസരിച്ചായിരുന്നെങ്കിലും അവസരോചിതമായിരുന്നില്ല. അതിനാൽ അല്ലാഹുവിന്റെ നിയമം ലംഘിച്ച കാരണത്താൽ അവരും മറ്റുള്ള എല്ലാ മുസ്‌ലിമീങ്ങളും നഷ്ടം വഹിച്ചു.' (തഫ്സീറെ കബീർ, വാള്യം 3, പേജ് 27, പ്രസാധകർ ഖാദിയാൻ 2010)




**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനിപറഞ്ഞു:**
**നല്ല സമ്പാദ്യത്തിൽനിന്ന് ഒരുവൻ ഒരു ഈത്തപ്പഴം ദാനം ചെയ്യുമ്പോൾ അല്ലാഹു തന്റെ വലതുകരംകൊണ്ടത് ഏറ്റുവാങ്ങാതിരിക്കില്ല. പിന്നെ നിങ്ങളിലൊരുവൻ തന്റെ കുതിരക്കുട്ടിയേയോ ഒട്ടകക്കുട്ടിയേയോ വളർത്തുന്നതുപോലെ വളർത്തും. അത് പർവതസമാനം അല്ലെങ്കിൽ അതിലും ഗംഭീരമായിത്തീരുന്നതുവരെ.'**
**(മുസ്‌ലിം, ഹദീഥ് 539)**

**ത്വാലിബെ ദുആ**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin